കേരള സർക്കാർ

സംസ്ഥാന ആസൂത്രണ ബോർഡ്

## പതിമൂന്നാം പഞ്ചവത്സര പദ്ധതി
## 2017–22

# സമീപന രേഖ

തിരുവനന്തപുരം

മാർച്ച് 2017

കേരള സർക്കാർ

**സംസ്ഥാന ആസൂത്രണ ബോർഡ്**

## പതിമൂന്നാം പഞ്ചവത്സര പദ്ധതി

## 2017-22

# സമീപന രേഖ

**തിരുവനന്തപുരം**

**മാർച്ച് 2017**

## ഉള്ളടക്കം

**1 ആമുഖം** ........ 1
**2 ജനങ്ങളിൽ നിക്ഷേപിക്കുന്ന കേരളം** ........ 9
2.1 വിദ്യാഭ്യാസം ........ 10
2.2 ആരോഗ്യം ........ 13
2.3 തൊഴിലാളികളും തൊഴിലാളി ക്ഷേമവും ........ 15
2.4 ലിംഗപദവിയും വികസനവും ........ 17
2.5 പട്ടികജാതി, പട്ടികവർഗം ........ 18
2.6 സാമൂഹ്യ സേവനങ്ങളും സാമൂഹ്യ സുരക്ഷിതത്വവും ........ 20
2.7 ഭവന നിർമ്മാണം ........ 22
2.8 കുടിവെള്ളം, ശുചീകരണം ........ 23
2.9 ഭക്ഷ്യവും പൊതുവിതരണവും ........ 24
2.10 കേവല ദാരിദ്ര്യം ........ 25
2.11 വികസനത്തിനു വേണ്ട സ്ഥിതിവിവര കണക്കുകൾ ........ 26
**3 ഉത്പാദന മേഖലകൾ** ........ 28
3.1 കൃഷി ........ 28
3.2 വ്യവസായം ........ 37
3.3 ശാസ്ത്ര, സാങ്കേതികവിദ്യ ........ 45
3.4 വിവര സാങ്കേതികവിദ്യ ........ 47
**4 തൊഴിൽ** ........ 51
**5 പശ്ചാത്തല സൗകര്യം** ........ 54
5.1 ഗതാഗതം ........ 54
5.2 വൈദ്യുതിയും ഊർജ്ജവും ........ 56
5.3 ജലസേചനം ........ 58
**6 പരിസ്ഥിതി** ........ 60
6.1 ജൈവവൈവിധ്യം ........ 61
6.2 വന സംരക്ഷണം ........ 63
6.3 കാലാവസ്ഥാ വ്യതിയാനം ........ 64
6.4 ദുരന്ത നിവാരണം ........ 66
**7 തദ്ദേശ സ്വയംഭരണ സർക്കാരുകൾ** ........ 68
**8 വിനോദ സഞ്ചാരം** ........ 71
**9 കായികരംഗവും യുവജനകാര്യങ്ങളും, കലയും സംസ്കാരവും** ........ 74
9.1 കായികരംഗവും യുവജനകാര്യങ്ങളും ........ 74
9.2 കലയും സംസ്കാരവും ........ 75

**10 നോർക്ക** ........ 77
**11 പതിമൂന്നാം പദ്ധതിക്കാലത്തെ വിഭവ സമാഹരണം** ........ 80
11.1 പദ്ധതി വിഭവ സമാഹരണം ........ 80
11.2 സഹകരണ വായ്പ ........ 82
11.3 കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി) ........ 84
**12 പ്രൊജക്ടുകളുടെയും സ്കീമുകളുടെയും മൂല്യനിർണ്ണയം** ........ 85
**13 ഉപസംഹാരം** ........ 86

# 1 ആമുഖം

1. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ശക്തമായ പൊതു ഇടപെടലിലൂടെ (Public Action) ജനങ്ങളുടെ ക്ഷേമം ഉയർത്തുകയും സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക സ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്തതിന് ഏറ്റവും നല്ല ഉദാഹരണമാണ് കേരളം. സാമൂഹിക, സംസ്കാരിക, രാഷ്ട്രീയ അടിച്ചമർത്തലുകൾക്കെതിരെ കേരളത്തിലെ ബഹുജന സംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും പ്രവർത്തനങ്ങളും, ഇടതുപക്ഷ സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ നയപരമായ പ്രവർത്തനങ്ങളും പൊതു ഇടപെടലുകളുടെ പ്രധാന ഘടകങ്ങളായിരുന്നു.

2. ഇടതുപക്ഷ നേതൃത്വത്തിലുള്ള സർക്കാർ മേയ് 2016 ൽ വമ്പിച്ച ജനപിന്തുണയോടെ അധികാരത്തിൽ വന്നു. ഇതു സംഭവിച്ചത് ഇന്ത്യയുടെ ആധുനിക രാഷ്ട്രീയ സാമ്പത്തിക ചരിത്രത്തിൽ അത്യധികം നിർണ്ണായകമായ സന്ദർഭത്തിലായിരുന്നു.

3. ത്വരിതഗതിയിൽ മുതലാളിത്ത ആഗോളവൽക്കരണ, നവലിബറൽ നയ പരിപാടികൾ നടപ്പിലാക്കിയിട്ട് ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കിയിരിക്കുന്നു. ഇന്ത്യൻ സമ്പദ്ഘടനയിൽ ഈ നയനടപടികൾ പ്രതിഫലിച്ചത് ഇന്ത്യയിലെ ഗ്രാമ പ്രദേശങ്ങളിലെ ഭൂരിപക്ഷം ജനതയ്ക്ക് ക്ലേശങ്ങൾ സൃഷ്ടിക്കുകയും ഉത്പാദന രംഗം മന്ദഗതിയിലാക്കുകയും ഉചിതമായ തൊഴിൽ അവസരങ്ങൾ ശോഷിക്കുകയും, സാമ്പത്തിക അസമത്വം രൂക്ഷമായി വർധിപ്പിക്കുകയും ചെയ്തുകൊണ്ടാണ്. അതേസമയം തന്നെ, രാജ്യത്ത് ജനാധിപത്യവും മതനിരപേക്ഷതയും വെല്ലുവിളി നേരിടുകയുമാണ്. സഹകരണാടിസ്ഥാനത്തിലുള്ള ഫെഡറൽ ഘടനയെക്കുറിച്ച് ചർച്ച ചെയ്യുന്ന വേളയിൽ തന്നെ, ഫെഡറൽ ഇടം ചുരുങ്ങിക്കൊണ്ടിരിക്കുകയും സംസ്ഥാനത്തിന്റെ അവകാശങ്ങൾ വലിയ രീതിയിൽ പരിമിതപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

4. 1957 ലെ ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി, 1956 ജൂൺ മാസം തൃശ്ശൂരിൽ നടന്ന ഒരു യോഗത്തിൽ ജനാധിപത്യപരവും സമ്പദ് സമൃദ്ധവുമായ കേരളത്തിന്റെ നിർമ്മിതിക്കായുള്ള നിർദ്ദേശങ്ങൾ ചിട്ടപ്പെടുത്തുകയും 1957 ലെ

സർക്കാരിന്റെ നയ പരിപാടിയുടെ അടിസ്ഥാനമായി അത് മാറുകയും ചെയ്തിരുന്നു. അത് പോലെ തന്നെ ഈ ഘട്ടത്തിലും എൽഡിഎഫ് പ്രകടന പത്രിക നമ്മുടെ മുമ്പിലുണ്ട്. വിശദമായ പ്രവർത്തന അനുഭവങ്ങളിലൂടെയും സംസ്ഥാനത്തൊട്ടാകെയുള്ള അധ്വാനിക്കുന്നവരുമായിട്ടുള്ള നിരന്തര സമ്പർക്കത്തിലൂടെയും (ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2016 ഫെബ്രുവരിയിൽ നടത്തിയ കേരള യാത്രയിലൂടെയടക്കം), അതുപോലെ തന്നെ, ഇന്ത്യയ്ക്കുള്ളിൽ നിന്നും പുറത്തുനിന്നുമുള്ള ചിന്തകരും, വിദഗ്ധരും, പ്രവർത്തകരും പങ്കെടുത്ത കേരള പഠന കോൺഗ്രസിൽ ഉയർന്നു വന്ന ആശയങ്ങളിലൂടെയും ഉരുത്തിരിഞ്ഞതാണ് ഈ പ്രകടന പത്രിക.

5. പ്രകടന പത്രിക ഈ സർക്കാർ പ്രതിനിധാനം ചെയ്യുന്ന ജനങ്ങളുടെ താത്പര്യമാകുമ്പോൾ, ആസൂത്രണ ബോർഡിന്റെ ദൗത്യം അതിനെ ഒരു സാമ്പത്തിക പദ്ധതിയായി ചിട്ടപ്പെടുത്തുകയെന്നതാണ്.

6. കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതികൾ ഉപേക്ഷിക്കുകയും ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുകയും ചെയ്ത ഈ ഘട്ടത്തിൽ, കേരള സർക്കാർ ആസൂത്രണ പ്രക്രിയയോടുള്ള തങ്ങളുടെ പ്രതിബദ്ധത ഉറക്കെ പ്രഖ്യാപിച്ചിരിക്കുകയാണ്. മുതലാളിത്ത വികസനത്തിന്റെ ഇന്നുള്ള പ്രത്യേകമായ രീതി നിലനില്ക്കുന്നതുകൊണ്ട് സംസ്ഥാന സർക്കാർ പല പരിമിതികളും നേരിടുന്നുണ്ടെങ്കിലും, ജനക്ഷേമ പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ പ്രശ്നങ്ങൾ നേരിടാൻ പ്രാപ്തിയും പ്രതിബദ്ധതയുമുള്ള ഒരു സംസ്ഥാന സർക്കാരിന് ഈ പരിമിതികൾക്കകത്തു നിന്നുകൊണ്ട് തന്നെ പല ഇടപെടലുകളും നടത്താൻ സാധിക്കുമെന്നത് ഞങ്ങളുടെ ഉറച്ച വിശ്വാസമാണ്.

7. കേരളത്തിലെ പഞ്ചവത്സര പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു ഉദ്യമമാണ്. പദ്ധതി രൂപീകരണത്തിനുമുൻപ് കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2016 സെപ്റ്റംബർ അവസാനത്തോടെ, വിപുലമായ രീതിയിലുള്ള കൂടിയാലോചനകൾ ആരംഭിച്ചു. അക്കാദമിക്ക് വിദ്ധർ, ഉദ്യോഗസ്ഥർ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ, മറ്റ് വിദ്ധർ എന്നിവരടങ്ങിയ 700 ൽ പരം അംഗ ങ്ങളുള്ള 43 വർക്കിംഗ് ഗ്രൂപ്പുകൾ ആസൂത്രണ ബോർഡ് ഇതിന്റെ ഭാഗമായി രൂപീകരിച്ചു. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും റിപ്പോർട്ടുകൾ സമർപ്പിച്ചു. ഈ റിപ്പോർട്ടുകൾ പതിമൂന്നാം പഞ്ചവൽസര പദ്ധതി രൂപവത്ക്കരിക്കുന്നതിന് സഹായകമാകും. തദ്ദേശ സർക്കാർ സ്ഥാപനങ്ങളും, ജനങ്ങളും പദ്ധതികൾ രൂപവത്ക്കരിക്കുന്ന

തിനും, അനുമതി നൽകുന്നതിനും, നിർവ്വഹണത്തിനും മേൽനോട്ടം വഹിക്കും.

8. 2008 ൽ പൊട്ടിപ്പുറപ്പെട്ട ആഗോള സാമ്പത്തിക പ്രതിസന്ധി ഇപ്പോഴും വികസിത മുതലാളിത്ത സമ്പദ്ഘടനകളിൽ നിൽക്കുന്നു. ഉത്പാദനത്തിൽ ചെറിയ പുരോഗതി ഉണ്ടായെങ്കിലും, ആനുപാതികമായി തൊഴിൽ വ്യാപനത്തിലുണ്ടായിട്ടില്ല. വടക്കെ അമേരിക്ക, ബ്രിട്ടൻ, യൂറോപ്യൻ യൂണിയൻ എന്നിവടങ്ങളിൽ തൊഴിലില്ലായ്മാ നിരക്ക് വളരെ ഉയർന്നുതന്നെ നിൽക്കുന്നു. ഈ രാജ്യങ്ങളിലെ ജനസംഖ്യയിലെ വലിയൊരു വിഭാഗത്തിന്റെ ജീവിതനിലവാരം മന്ദീഭവിച്ചിരിക്കുന്നതും അസമത്വം വർധിക്കുന്നതും ജനങ്ങളെ അതൃപ്തിയിലേക്കു നയിച്ചു. അത്തരം അതൃപ്തി ഏതാനും രാജ്യങ്ങളിലെ തെരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിക്കുകയും അത് വരും വർഷങ്ങളിലെ അന്തർദേശീയ വ്യാപാരത്തിന്റെ വളർച്ചയക്ക് പ്രതികൂല ആഘാത മേൽപ്പിക്കുകയും ചെയ്യും.

9. ലോക സമ്പദ്ഘടന തുടർച്ചയായി താഴ്ന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തികൊണ്ടിരിക്കുകയാണ്. ഈ സംഭവവികാസങ്ങളുടെ ഫലമായി വികസിത മുതലാളിത്ത രാജ്യങ്ങളുടെ അവികസിത രാജ്യങ്ങളിൽനിന്നുള്ള വർധിച്ച തോതിലുള്ള കയറ്റമതിയിലൂടെയുള്ള ചൂഷണം പ്രോത്സാഹനാജനകമല്ല.

10. അന്തർദേശീയ സാമ്പത്തിക കാര്യങ്ങൾ ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെക്കാളും കാര്യമായി ബാധിക്കുന്നത് കേരളത്തെയാണ്. കാർഷികവും ഇതര പ്രാഥമിക വസ്തുക്കളുടെയും കയറ്റമതിയെ കേരള സമ്പദ്ഘടന ഗണ്യമായതോതിൽ ആശ്രയിക്കുന്നുണ്ട്. കേരളത്തിന്റെ കാർഷിക അടിത്തറയാവുന്ന പ്രധാന വിളകൾ കയറ്റമതിയുമായി ബന്ധപ്പെട്ടതാണ്. അവയുടെ വിലയും കമ്പോള മാറ്റങ്ങളും ആഗോള സമ്പദ്ഘടനയിലെ ഏറ്റിറക്കങ്ങളാണ് നിശ്ചയിക്കുന്നത്. കേരളത്തിലെ സേവന മേഖലയുടെ വളർച്ച അന്തർദേശീയ വിനോദസഞ്ചാരത്തിൽ നിന്നുള്ള വരുമാനത്തെ നിർണ്ണായകമായി ആശ്രയിച്ചിരിക്കുന്നു. അത് വലിയ രാജ്യങ്ങളിലെ വാങ്ങൽശേഷിയുടെ വളർച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന മലയാളികളിൽനിന്നു ഇവിടുത്തെ വീട്ടുകളിലേക്കുവരുന്ന വരുമാനം അന്തർദേശീയ സമ്പദ്ഘടനയുടെ പ്രകടനത്തെ പൊതുവിലും ഗൾഫ് രാജ്യങ്ങളിലെ സമ്പദ്ഘടനയുമായി പ്രത്യേകിച്ചും ബന്ധപ്പെട്ടിരിക്കുന്നു.

11. ഇന്ത്യയിലെ സംസ്ഥാനതല ആസൂത്രിത വികസനത്തിന്റെ മൌലിക പ്രതിസന്ധി ചുരുങ്ങിക്കൊണ്ടിരിക്കുന്ന ധനകാര്യ ഇടമാണ്. ഇന്ത്യയിലെ ധനകാര്യ ഫെഡറൽ ഘടന കേന്ദ്രത്തെ അമിതമായി സഹായിക്കുന്നു എന്നുള്ളത് അറിവുള്ളതാണല്ലോ. ഇന്ത്യൻ ധന വ്യവസ്ഥയുടെ ഈ അസന്തുലിതാവസ്ഥ ഉദാരവത്കൃത നയങ്ങൾ കൂടുതൽ വഷളാക്കി. ഇത് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള വിഭവക്കൈമാറ്റത്തിലും സംസ്ഥാനങ്ങൾക്ക് കടംവാങ്ങാൻ അനുവദിക്കുന്നതിലും പ്രതിഫലിക്കുന്നു.

12. കേരളത്തിന് മുൻ സർക്കാറിൽ നിന്ന് കൈമാറി കിട്ടിയത് ബുദ്ധിമുട്ടുള്ള സാഹചര്യമാണ്. ഇവിടെ സൂചിപ്പിക്കുന്നത് ശൂന്യമായ ഖജനാവ്, കാർഷികരംഗത്തിന്റെ പ്രതികൂല വളർച്ച (പ്രത്യേകിച്ചും ധാന്യ ഉത്പാദനത്തിൽ), വ്യവസായ മാന്ദ്യം, തുടർന്നുള്ള തൊഴിൽ മുരടിപ്പ് എന്നിവയാണ്. കേരളത്തിലെ ആസൂത്രണ പ്രക്രിയ മേൽ വിവരിച്ച സംസ്ഥാനത്തിനു പുറത്തുള്ള സാമ്പത്തിക സ്ഥിതികളെയും കണക്കിലെടുത്തിട്ടുണ്ട്. പ്രത്യേകിച്ചും പദ്ധതി ഇനിപ്പറ യുന്ന ഘടകങ്ങൾ കണക്കിലെടുക്കുന്നു – റബ്ബർ, കുരുമുളക്, തേയില, കാപ്പി, സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ വിലയിലുണ്ടാവുന്ന മാറ്റത്തിന്റെ ഫലമായി കുടുംബവരുമാനം, ഗൾഫിൽ നിന്നുള്ള വരുമാനത്തിന്റെ കുറവുണ്ടാക്കുന്ന ആഘാതം, പ്രവാസികളുടെ തിരിച്ചുവരവ്, അന്തർദേശീയ വിനോദസഞ്ചാരത്തിനുള്ള അന്തരീക്ഷം.

13. തൊഴിൽരംഗത്തും, ഭൗതികോത്പ്പാദന രംഗത്തും സംസ്ഥാനം നേരിടുന്ന പ്രതിസന്ധിയാണ് മുൻ സർക്കാരിൽനിന്നും ഇപ്പോഴത്തെ സർക്കാർ ഏറ്റെടുത്ത പാരമ്പര്യത്തിലെ കുഴപ്പംപിടിച്ച വശങ്ങൾ. ഇന്ന് കേരളത്തിൽ നിലവിലുള്ള തൊഴിൽ വളർച്ചാ നിരക്കും, അതിന്റെ മേഖലാടിസ്ഥാനത്തിലുള്ള വിന്യാസവും തൊഴിൽ കമ്പോളത്തിൽ പ്രവേശിക്കുന്ന വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ പ്രതീക്ഷകൾ തൃപ്തിപ്പെടുത്തുന്നില്ല. തൊഴിലെടുക്കുന്ന സ്ത്രീകളുടെ അനുപാതം കേരളത്തിൽ കുറവാണ് (21.3 ശതമാനം, 2011 -12 ൽ). കേരളത്തിന്റെ പാരിസ്ഥിതിക മേഖലയിൽ പുതിയ രൂപത്തിലുള്ള സമ്മർദ്ദങ്ങൾ - നിർമ്മാണ മേഖലയിൽ നിന്ന്, മാലിന്യ നിക്ഷേപത്തിൽ നിന്ന്, മറ്റു സ്രോതസ്സുകളിൽ നിന്ന് - ഉയർന്നു വന്നു കൊണ്ടിരിക്കുന്നു. വർധിച്ചു വരുന്ന സാമ്പത്തിക അസമത്വവും, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ സ്വകാര്യമേഖലയുടെ വ്യാപനവും സംസ്ഥാനത്ത്

അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു.

14. നിലവിലുള്ള സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വരുമാന വളർച്ചയുടെ പ്രാധാന്യം എടുത്തുപറയേണ്ടതില്ല. വളർച്ചാ നിരക്ക് കുറഞ്ഞ സംസ്ഥാന സമ്പദ്ഘടന അനഭിലഷണീയവും സുസ്ഥിരതയില്ലാത്തതുമാണ്. ഇന്ത്യക്കകത്തും പുറത്തുമുള്ള പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് കേരള വികസനാനുഭവവും, കേരളത്തിന്റെ ഭാവി വികസനവും പ്രാധാന്യമേറിയതാണ്. വളരെ വ്യക്തമായ കാര്യം കേരള വികസനത്തിന്റെ നിലവിലുള്ള ഘട്ടത്തിലെ പ്രധാന ആവശ്യകത തൊഴിലവസരങ്ങളും ഉത്പാദനവും വർദ്ധിപ്പിക്കുക (ഉത്പാദന സാഹചര്യങ്ങളിൽ മാറ്റം വരുത്തുക) എന്നതാണ്. നമ്മുടെ വളർച്ചാ നിരക്ക് 2015-16 ൽ 8 ശതമാനമാണ്. രണ്ട് വർഷത്തി നുള്ളിൽ 10 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കണമെങ്കിൽ വിവിധ മേഖല കളിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കാൻ സാധിക്കണം.

**പട്ടിക 1** മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദന വാർഷിക വളർച്ചാ നിരക്ക് (2011 -12 സ്ഥിര വിലയിലും ശതമാനത്തിലും)

| ക്രമ നമ്പർ | മേഖല | 2013-14 | 2014-15 (P) | 2015-16 (Q) |
|---|---|---|---|---|
| 1 | കൃഷി, വനം, മത്സ്യബന്ധനം | -6.31 | -1.10 | -2.95 |
| 1.1 | വിളകൾ | -9.39 | -3.86 | -6.80 |
| 1.2 | കന്നുകാലികൾ | 0.62 | 1.65 | 2.31 |
| 1.3 | വനം, തടി | -16.09 | -1.13 | -0.54 |
| 1.4 | മത്സ്യബന്ധനം, മത്സ്യം വളർത്തൽ | 5.69 | 8.43 | 2.05 |
| 2 | ഖനനം, ക്വാറി | 50.14. | 39.13 | 6.21 |
| | **പ്രാഥമിക മേഖല** | **-3.79** | **1.70** | **-2.08** |
| 3 | നിർമ്മാണം, വ്യവസായ മേഖല | -4.65 | 2.46 | 12.65 |
| 4 | വൈദ്യുതി, ഗ്യാസ്, ജലവിതരണം | 8.11 | -3.17 | 3.37 |
| 5 | കെട്ടിട നിർമ്മാണം | 9.15 | 6.79 | 6.45 |
| | **ദ്വിതീയ മേഖല** | **3.49** | **4.65** | **8.58** |
| 6 | വ്യാപാരം, ഹോട്ടലുകളും റസ്റ്റോറന്റുകളും | 2.23 | 8.28 | 8.04 |
| | ഗതാഗതം, സംഭരണം, വിനിമയം | 10.68 | 6.80 | 9.44 |
| 6.1 | വ്യാപാര അറ്റകുറ്റ പണികൾ | 2.66 | 8.74 | 8.45 |
| 6.2 | ഹോട്ടലുകളും റസ്റ്റോറന്റുകളും | -1.63 | 4.04 | 3.99 |
| 7 | ഗതാഗതം, സംഭരണം, വാർത്താവിനിമയം, പ്രക്ഷേപണവുമായി ബന്ധപ്പെട്ട മറ്റു അനുബന്ധ സേവനങ്ങൾ | 10.68 | 6.80 | 9.44 |
| 8 | സാമ്പത്തിക സേവനങ്ങൾ | 11.02 | 8.37 | 8.37 |
| 9 | റിയൽ എസ്റ്റേറ്റ്, ഭവന ഉടമസ്ഥത, പ്രൊഫഷണൽ സർവ്വീസ് | 14.27 | 11.95 | 12.06 |
| 10 | പൊതു ഭരണം | -0.32 | 2.89 | 3.93 |
| 11 | മറ്റ് സേവനങ്ങൾ* | 2.37 | 6.87 | 6.82 |
| | **ത്രിതീയ മേഖല** | **6.63** | **8.32** | **8.78** |
| 12 | അടിസ്ഥാന വിലയോടൊപ്പം സംസ്ഥാന മൂല്യ വർധിത നികുതിയും | 4.29 | 6.48 | 7.35 |
| 13 | ജി.എസ്.ഡി.പി** | 3.89 | 7.31 | 8.10 |

* ആരോഗ്യ-വ്യവസായ സേവനങ്ങൾ ഉൾപ്പെടുന്നു.
P-പ്രൊവിഷണൽ, Q-ക്വിക്ക് എസ്റ്റിമേറ്റ്

** ജിഎസ്ഡിപി – മൊത്തം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം.

15. സസ്യ സമ്പത്തിനേറെ പ്രശസ്തിയാർജിച്ച നമ്മുടെ സംസ്ഥാനത്തിൽ കൃഷി, അനുബന്ധ മേഖലകളിലെ വളർച്ച 3 ശതമാനം കണ്ട് കുറയുകയാണുണ്ടായിട്ടുള്ളത്. വിളയുല്പാദന മേഖലയിലെ വളർച്ചാ നിരക്ക് നെഗറ്റീവ് 7 ശതമാനമായിരുന്നു. നമ്മുടെ ലക്ഷ്യം കൃഷി, കന്നുകാലി വിഭവങ്ങൾ, മത്സ്യവിഭവങ്ങൾ, കെട്ടിടനിർമ്മാണം, വ്യവസായം, അടിസ്ഥാന വികസനം, വിനോദസഞ്ചാരം, ഗതാഗതം, മറ്റ് മേഖലകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തി 10 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കലാകണം.

16. വരുമാനങ്ങളിൽ വർധനവ് സൃഷ്ടിക്കേണ്ടത് നമ്മുടെ കഴിഞ്ഞ കാലങ്ങളിലുണ്ടായ നേട്ടങ്ങളെ വ്യാപിപ്പിക്കുകയും, ഏകീകരിക്കുകയും ചെയ്തുകൊണ്ടാവണം. അല്ലാതെ വരുമാന വളർച്ചാ വികസന തന്ത്രം നിലനിർത്തുന്നതിനായി പൊതു ഇടപെടലിലൂടെ കൈവരിച്ച നേട്ടങ്ങളുടെ പ്രാധാന്യത്തെ ദുർബ്ബലപ്പെടുത്തുകയല്ല ചെയ്യേണ്ടത്. സാമ്പത്തിക വളർച്ചയുടെ പുതിയ ഘട്ടത്തെ സമ്പന്നമാക്കാൻ പുതിയ വിഭവങ്ങളെ ഉപയോഗിക്കേണ്ടതുമുണ്ട്. കേരളത്തിന് അനിതരസാധരണമായ പ്രകൃതി വിഭവങ്ങളും, ഭൂപരിഷ്കരണത്തിന്റെ അടിത്തറയും, വിദ്യാസമ്പന്നരായ, വിദഗ്ധരായ, രാഷ്ട്രീയബോധമുള്ള തൊഴിൽ സേനയും, ആരോഗ്യ, വിദ്യാഭ്യാസ മേഖലയിലുള്ള സവിശേഷമായ നേട്ടങ്ങളും കൈമുതലായുണ്ട്. വികസനത്തിനും വളർച്ചക്കും ആധാരമായ പ്രശ്നങ്ങളെക്കുറിച്ച് ഉറച്ചബോധമുള്ള ഒരു സർക്കാരുണ്ട്. ആധുനിക സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ വളർച്ച ലക്ഷ്യമാക്കുന്ന ഈ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന പ്രസ്ഥാനങ്ങളിലും സജീവമാണ്.

17. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ നിലപാടിനനുസരിച്ച് താഴെപ്പറയുന്നവ നടപ്പിൽ വരുത്തുവാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിദ്യാസമ്പന്നരായ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് തൊഴിൽ മേഖല വിപുലപ്പെടുത്തുക. സമ്പദ്ഘടനയിലെ ഉല്പാദന മേഖലയെ ആധുനികവത്ക്കരിക്കുന്നതിനും വികസിപ്പിക്കുന്നതിനും വഴിയൊരുക്കുക. സംസ്ഥാനത്തെ പൊതു ഇടപെടലിന്റെ സമ്പന്ന പാരമ്പര്യത്തിന്റെ ഭാഗമായ പൊതുവിദ്യാഭ്യാസവും പൊതുജനാരോഗ്യവും ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും അവസരങ്ങൾ സൃഷ്ടിക്കുക. സമയബന്ധിതമായും ഫലപ്രദമായും വികസന പ്രവർത്തനങ്ങളുടെ ഫലങ്ങൾ ജനങ്ങളിലേക്കെത്തിക്കുക.

18. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം അഞ്ചു വർഷത്തിനുള്ളിൽ നിക്ഷേപം ഇരട്ടിയിലേറെയാക്കിക്കൊണ്ട് സാമ്പത്തിക വളർച്ചയുടെ ആക്കം തിരിച്ചുപിടിക്കുക എന്നതാവും. പദ്ധതിയുടെ പ്രധാന ഊന്നലുകൾ താഴെപ്പറയുന്ന വയാണ്:

    1. സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിലൂടെ പുതിയ കേരളം കെട്ടിപ്പടുക്കുക. ഈ മിഷനുകൾ സുസ്ഥിര വികസനവും ജനകീയ പങ്കാളിത്തവും താഴെപ്പറ യുന്ന മേഖലകളിൽ നടപ്പിലാക്കും:
        1. ഉയർന്ന നിലവാരത്തിലുള്ള സ്കൂൾ വിദ്യാഭ്യാസം;
        2. ജന സൗഹൃദ ആരോഗ്യ സൗകര്യങ്ങൾ;
        3. പരിസ്ഥിതി സൗഹൃദ കൃഷി (ജൈവകൃഷി ഉൾപ്പെടെ)
        4. മാലിന്യ നിർമ്മാർജ്ജനം, വൃത്തിയുള്ള പരിസരം, ചവർ മുക്ത കേരളം
        5. വൃത്തിയായ ജലാശയങ്ങൾ, വിപുലമായ ജലവിഭവങ്ങൾ
        6. സുരക്ഷിതമായ ഭവനവും ഉപജീവനമാർഗ്ഗവും
    2. കൃഷിയിലും, വ്യവസായത്തിലും ഭൗതികോത്പ്പാദന വർധനവ്
    3. തൊഴിൽ, ഉപജീവന സുരക്ഷ, നൈപുണ്യ വികസനം, സംരംഭത്വം എന്നിവ സൃഷ്ടിക്കൽ
    4. കേരളത്തിന്റെ ഭൗതിക, സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ ശക്തി പ്പെടുത്തൽ
    5. ധനപരമായ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക
    6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ സമൂഹത്തിലും ഉത്പാദന പ്രക്രിയ യിലും വ്യാപിപ്പിക്കുക, സുസ്ഥിര വികസനം അഭിവൃദ്ധിപ്പെടുത്തുക, ഭരണരംഗ ത്തെയും കാര്യനിർവ്വഹണ രംഗത്തെയും ആധുനികവത്ക്കരിക്കുക.
    7. ജനകീയാസൂത്രണ പ്രക്രിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ വിപുലമാ ക്കൽ
    8. സാമൂഹ്യ സുരക്ഷിതത്വം വ്യാപിപ്പിക്കുക, സാമൂഹ്യമായ പുറന്തള്ളലിനെതിരെ യുള്ള സമരം വ്യാപിപ്പിക്കുക.
    9. സംസ്കാരം, പാരമ്പര്യം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ങ്ങൾ പ്രചരിപ്പിക്കുക, വിനോദ സഞ്ചാരം വികസിപ്പിക്കുക, മറുനാടൻ മലയാ ളികളുമായി സാംസ്കാരിക, സാമ്പത്തിക ബന്ധം സ്ഥാപിക്കുക.

## 2 ജനങ്ങളിൽ നിക്ഷേപിക്കുന്ന കേരളം

19. ലോകത്തെമ്പാടും പ്രസിദ്ധിനേടിയിട്ടുള്ളത് കേരളത്തിലെ സാമ്പത്തിക മാറ്റത്തിന്റെ ചാലകശക്തി ഇവിടുത്തെ ജനങ്ങളിലുള്ള സാമൂഹ്യ നിക്ഷേപങ്ങളാണ്. 1957 ലെ സർക്കാർ തുടങ്ങിവച്ച യത്നം പിന്നീടുള്ള ഇടതുപക്ഷ സർക്കാരുകൾ തുടരുകയായിരുന്നു. കേരളത്തിന്റെ ദേശീയ, അന്തർദ്ദേശീയ പ്രശസ്തിയുടെ അടിസ്ഥാനം മാനുഷിക വികസനമാണ്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട്, സാക്ഷരത, സ്കൂൾ പ്രവേശനം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി, എസ്‌എസി, എസ്.ടി വിദ്യാർത്ഥികൾ, നഗര-ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികൾ എന്നിവരെ വിദ്യാലയങ്ങളിൽ നിലനിർത്തൽ എന്നിവയിൽ കേരളം മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. ആരോഗ്യരംഗത്തുള്ള നേട്ടങ്ങളുടെ സൂചികകളിൽ - ആയുർദൈർഘ്യം, ശിശുമരണം, പ്രസവമരണം എന്നിവയിൽ ഇന്ത്യയിലും സാർവ്വദേശീയതലത്തിലും കേരളത്തിന്റെ നേട്ടം ശ്രദ്ധാർഹമാണ്. ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (United Nations Sustainable Development Goals) 2030 ഓടെ കൈവരിക്കുന്നതിലും കേരളം ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിലാണ്.

20. ആരോഗ്യ, വിദ്യാഭ്യാസ സംവിധാനങ്ങളുടെ ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു പുതിയ ഘട്ടത്തിലേക്ക് സംസ്ഥാനം പ്രവേശിക്കുകയാണ്. ആധുനിക സമൂഹത്തിന്റെ വിദ്യാഭ്യാസ, ആരോഗ്യ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതും പുതിയ ജനസംഖ്യാ ഘടനക്കനുസരിച്ചുള്ള ജനങ്ങളുടെ ആവശ്യത്തിനനുസരിച്ചും പൊതുസ്ഥാപനങ്ങൾ പുതിയ ഉത്തരവാദിത്തങ്ങൾ നിർവഹിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ, ആരോഗ്യ മേഖലയിൽ പൊതുമേഖലയെ കേന്ദ്ര സ്ഥാനത്തേക്ക് കൊണ്ടുവന്ന്, ജനസൗഹൃദപരമായ വിദ്യാഭ്യാസ, ആരോഗ്യ മേഖല സൃഷ്ടിച്ച് ഈ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം നേടിയെടുക്കുക എന്നതാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന സവിശേഷത.

## 2.1 വിദ്യാഭ്യാസം

### സ്കൂൾ വിദ്യാഭ്യാസം

21. കുട്ടികൾ ഭാവി പൗരന്മാരാണെന്നും, പുരോഗമന-മതനിരപേക്ഷ-ജനാധിപത്യ മൂല്യങ്ങൾ, ശാസ്ത്ര ബോധം എന്നിവ ചെറുപ്പത്തിൽ തന്നെ സൃഷ്ടിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ചും നമ്മൾ തീർത്തും ബോധവന്മാരാണ്.

22. കേരള വികസന നേട്ടങ്ങളുടെ അടിസ്ഥാനം സ്കൂൾ വിദ്യാഭ്യാസമാണ്. മറ്റുമേഖലകളിൽ പുരോഗതി സാധ്യമാക്കുന്നതിന് സ്കൂൾ വിദ്യാഭ്യാസം ഉപാധിയായിരുന്നു. സ്കൂളുകളില്ലാതെ നമ്മുടെ ആരോഗ്യ രംഗത്തെയും ഇതര സാമൂഹ്യ നീതികളുടെയും പുരോഗതി സാധ്യമാകുമായിരുന്നില്ല. പൊതു വിദ്യാഭ്യാസവും പൊതുസ്കൂളിംഗും പൊതുജന വിദ്യാഭ്യാസവും സാമൂഹിക വികസനവും ആത്യന്തികമായി വരുമാന വളർച്ചയും തമ്മിലുള്ള ബന്ധം മനസ്സിലാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. തിരുവിതാംകൂറിൽ പത്തൊൻപതാം നൂറ്റാണ്ടിൽ പ്രവർത്തിച്ചിരുന്ന മിഷനറിമാരും, ശ്രീ നാരായണ ഗുരുവും ശ്രീ അയ്യങ്കാളിയും ഉത്തേജിപ്പിച്ച പ്രസ്ഥാനങ്ങളും, തിരുവിതാംകൂർ ഭരണകൂടവും, ഇരുപതാംനൂറ്റാണ്ടിലെ ജനകീയ പ്രസ്ഥാനങ്ങളും ഈ യാഥാർത്ഥ്യം അംഗീകരിച്ചിരുന്നു. ഡോ. പൽപ്പ ഒരിക്കലെഴുതി ''വിദ്യാഭ്യാസമില്ലാത ഒരു സമൂഹവും സ്ഥായിയായ അഭിവൃദ്ധി കൈവരിച്ചിട്ടില്ല.'' പൊതുവിദ്യാഭ്യാസത്തിനുവേണ്ട അടിത്തറ ചരിത്രപരമായിത്തന്നെ പാകിയിട്ടുള്ളപ്പോൾ, ഐക്യകേരളത്തിലെ ആദ്യമന്ത്രിസഭ നയപരമായ ഇടപെടലുകൾക്ക് തുടക്കംകുറിച്ചു. സാർവത്രിക സ്കൂൾ വിദ്യാഭ്യാസത്തിനും സാക്ഷരതയ്ക്കും വേണ്ട അടിസ്ഥാനവും സ്കൂൾ വിദ്യാഭ്യാസത്തിലെ ലിംഗ അന്തരവും അസമത്വവും സംസ്ഥാനത്തെ തിരുവിതാംകൂർ, കൊച്ചി, മലബാർ മേഖലകൾ തമ്മിലുള്ള അന്തരവും കുറയ്ക്കാനും ശ്രമിച്ചു.

23. വരുമാനം, പ്രദേശം, സാമൂഹിക ഗ്രൂപ്പ് എന്നിവ കണക്കിലെടുക്കാതെ സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും സാധ്യമായ ഏറ്റവും നല്ല സ്കൂൾ വിദ്യാഭ്യാസം, ലഭ്യമാക്കുക എന്നതാണ് പതിമൂന്നാം പദ്ധതിക്കാലത്തെ നമ്മുടെ കടമ.

24. പുതിയ സ്കൂൾ രൂപകൽപന, വിവര സാങ്കേതികവിദ്യാ സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യ രംഗത്തെ മറ്റ് സാങ്കേതിക നിർദ്ദേശങ്ങൾ എന്നിവ നിശ്ചയിച്ചതിനു ശേഷം പുത്തൻതലമുറയിലെ പൊതു സ്കൂളുകൾ സൃഷ്ടിക്കുന്നതിന് കേരളത്തിലാകമാനം നിക്ഷേപം നടത്തും. പുതിയ സിലബസ്, പഠിപ്പിക്കൽ രീതി, ബോധന രീതി എന്നിവയിൽ സ്കൂൾ വിദ്യാഭ്യാസം കേന്ദ്രീകരിക്കും. സ്കൂൾ വിദ്യാഭ്യാസ നയങ്ങൾ വഴി കഴിയുന്നത്ര സാമൂഹ്യമായി പുറന്തള്ളപ്പെടുന്നവരുടെ പ്രശ്നങ്ങളും, സാമൂഹ്യമായി അടിച്ചമർത്തപ്പെട്ടവരിൽ വർധിക്കുന്ന ദരിദ്രാവസ്ഥയുടെ പ്രശ്നങ്ങളും പരിഹരിക്കാൻ ശ്രമിക്കും. എല്ലാ സ്കൂളുകളിലും നടത്തിപ്പിന്റെ രീതിയും സാമൂഹ്യ സ്വഭാവത്തിന്റെ ആധുനികവത്ക്കരണവും വ്യാപിപ്പിക്കുക എന്നതായിരിക്കും സ്കൂൾ വിദ്യാഭ്യാസ നയത്തിൽ സർക്കാർ ലക്ഷ്യമിടുന്നത്. കായികം, കല, വിശ്രമം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ സ്കൂൾ വിദ്യാഭ്യാസ നയങ്ങൾ പ്രോത്സാഹിപ്പിക്കും. ശാരീരികമായും ബുദ്ധിപരവുമായ സവിശേഷ വൈകല്യമുള്ളവർക്ക് സ്കൂൾ വിദ്യാഭ്യാസനയത്തിൽ പ്രത്യേക ശ്രദ്ധ നൽകും. സ്കൂൾ വിദ്യാഭ്യാസരംഗത്തുള്ള മാറ്റത്തിന്റെ പ്രധാന ചാലകശക്തി അധ്യാപകരായിരിക്കും. അത്തരം പുരോഗമനപരമായ രീതിയിൽ അധ്യാപകരെ പരിശീലിപ്പിക്കുന്നതിനും, സ്കൂളിന്റെയും സ്കൂൾ വിദ്യാഭ്യാസത്തിന്റെയും ഭരണപരമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യും.

25. ആസൂത്രണ ബോർഡ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ പുരോഗമനത്തിനാവശ്യമായ അടിസ്ഥാന സമകാലിക പഠനങ്ങൾക്ക് നേതൃത്വം നൽകുകയും ഏറ്റെടുക്കുകയും ചെയ്യും.

## ഉന്നത വിദ്യാഭ്യാസം

26. ഉന്നത വിദ്യാഭ്യാസത്തിൽ ത്വരിതഗതിയിലുള്ള ശ്രദ്ധ പതിയേണ്ടതുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ താഴെപ്പറയുന്ന സ്കീമുകൾക്കും പരിപാടികൾക്കും ഊന്നൽ നൽകും.

    1. പശ്ചാത്തല സൗകര്യങ്ങളുടെ ഗുണനിലവാരം കൂട്ടുക;
    2. അധ്യയനത്തിലും ഗവേഷണത്തിലും അക്കാദമിക മികവ് പ്രോത്സാഹിപ്പിക്കുക; ഇന്ത്യയിൽനിന്നും ലോകത്തിലെ മറ്റ് ഭാഗങ്ങളിൽ നിന്നുമുള്ള ഗവേഷകരും സ്ഥാപനങ്ങളും തമ്മിലുള്ള സമ്പർക്കം പ്രോത്സാഹിപ്പിക്കുക;
    3. ഗുണനിലവാരമുള്ള അക്കാദമിക ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹി

പ്പിക്കുക;

4. കേരളത്തിനകത്തും പുറത്തുമുള്ള പഠന-ഗവേഷണ കേന്ദ്രങ്ങളുമായി അക്കാദമിക ബന്ധം ദൃഢപ്പെടുത്തുക;
5. ആവശ്യത്തിന് അക്കാദമിക ജീവനക്കാരുടെ സേവനങ്ങൾ ഉറപ്പുവരുത്തുക;
6. സ്വകാര്യ ഉന്നത വിദ്യാഭ്യാസ മേഖലയിലെ, പ്രത്യേകിച്ചും പ്രൊഫണൽ വിദ്യാഭ്യാസ രംഗത്തെ നിയന്ത്രിക്കുന്നതിനായി ഒരു ദീർഘകാല പരിപ്രേക്ഷ്യം വികസിപ്പിക്കുക;
7. സ്വകാര്യമേഖലയിലെ അധ്യാപകരുടേയും പൊതു-എയിഡഡ് സ്ഥാപനങ്ങളിലെ താത്കാലിക അധ്യാപകരുടേയും തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുക;
8. ഉപരിപഠന സാധ്യതകൾ വരുമാനം കുറവുള്ളവർക്കും സാമൂഹികമായി അടിച്ചമർത്തപ്പെട്ടവർക്കും പ്രദാനം ചെയ്യുക;
9. ചുവപ്പുനാടകൾ വെട്ടിക്കുറച്ച് അക്കാദമിക ഭരണനിർവഹണം മെച്ചപ്പെടുത്തുക;
10. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്വാതന്ത്ര്യവും സ്വയംഭരണവും ഉള്ള അന്തരീക്ഷം സൃഷ്ടിച്ചെടുക്കുക, പ്രത്യേകിച്ചും സ്വകാര്യ സ്ഥാപനങ്ങളിൽ.

27. ഈ പരിപാടികളും സ്കീമുകളും ഉന്നത വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളായ പ്രകൃതിശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാനവിക വിഷയങ്ങൾ, സാങ്കേതിക-പ്രൊഫഷണൽ വിദ്യാഭ്യാസം എന്നിവ ഉൾപ്പെടുന്നവ ആയിരിക്കണം.

**നൈപുണ്യ വികസനം**

28. ഉന്നത വിദ്യാഭ്യാസത്തിനു പുറമെ, ഉന്നത സാങ്കേതിക വിദ്യാഭ്യാസമുൾപ്പടെയുള്ള മേഖലകളിൽ നൈപുണ്യ വികസനത്തിനും തുടർച്ചയായുള്ള മറ്റു പഠനങ്ങൾക്കും വിവിധ വിഭാഗം തൊഴിലാളികൾക്കും തൊഴിലെടുക്കാൻ താൽപ്പര്യമുള്ള ആളുകൾക്കും പതിമൂന്നാം പദ്ധതി സൗകര്യങ്ങൾ സൃഷ്ടിക്കും.

29. വ്യത്യസ്ത മേഖലകളിലെ സ്കീമുകൾക്കുവേണ്ട വിവിധ സമീപനങ്ങൾ സർക്കാർ ഏകോപിപ്പിക്കണം. മറ്റുള്ളവർക്കൊപ്പം അഭ്യസ്തവിദ്യരായ യുവാക്കൾ, സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവരെയും ഉൾക്കൊ

ള്ളുന്നതായിരിക്കും സ്കീമുകൾ. കേരളത്തിലേക്കു മടങ്ങിവന്ന പ്രവാസി തൊഴിലാളികൾ, പ്രത്യേകിച്ചും പേർഷ്യൻ ഗൾഫ് രാജ്യങ്ങളിൽ നിന്നും മടങ്ങിവന്നവർ, ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഉൾപ്പെടും. കൃഷിയും അനുബന്ധ മേഖലകളും, നിർമ്മാണം, കെട്ടിട നിർമ്മാണ-വ്യവസായ മേഖല, വിനോദസഞ്ചാരം, വിവര സാങ്കേതികവിദ്യ, മറ്റു സേവനങ്ങൾ എന്നിവയുൾപ്പെടുന്ന വ്യത്യസ്തങ്ങളായ മേഖലകളിൽ ജോലിചെയ്യാൻ താൽപ്പര്യമുള്ള ആളുകളെ സഹായിക്കുന്നതിനായി നൈപുണ്യ വികസന സ്കീമുകൾ ആരംഭിക്കും. ഉൽപ്പാദനക്ഷമതയുടെയും ഉപജീവന അവസരങ്ങളുടെയും വർധനവിനായി സ്കിൽ കൌൺസിലുകളുമായി സഹകരിച്ചാവും നൈപുണ്യ പരിശീലന സ്കീമുകൾ ആരംഭിക്കുക.

30. എല്ലാ നിയോജക മണ്ഡലങ്ങളിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സംസ്ഥാനത്തൊട്ടാകെ നൈപുണ്യ വികസനത്തിനുവേണ്ട സ്ഥാപനങ്ങളുടെ ശൃംഖല രൂപീകരിക്കാൻ സഹായിക്കും.

## 2.2 ആരോഗ്യം

31. കേരള വികസനത്തിന്റെ ആദ്യഘട്ടത്തിൽ, രോഗപ്രതിരോധത്തിനും പകർച്ച വ്യാധിക്കുമെതിരായി സംസ്ഥാനം പുരോഗതി കൈവരിച്ചു. ജനങ്ങളുടെ ആരോഗ്യ സ്ഥിതിയുമായി ബന്ധപ്പെട്ട സൂചകങ്ങളിൽ 1980 കൾ മുതൽ കേരളം വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യത്തക്ക നിലവാരങ്ങൾ കൈവരിക്കാൻ തുടങ്ങിയിരുന്നു. ആയുർദൈർഘ്യം, ശിശു മരണനിരക്ക്, മാതൃ മരണനിരക്ക്, സ്ത്രീ-പുരുഷ അനുപാതം എന്നീ സൂചകങ്ങളുടെ കാര്യത്തിൽ ഇന്ത്യൻ ശരാശരിയെക്കാളും കേരളം ഗണ്യമായി മുന്നേറിയിട്ടുണ്ട്.

32. ഇന്ന് നമ്മൾ പ്രധാനപ്പെട്ട രണ്ടാംതലമുറ പ്രശ്നങ്ങളെയാണ് അഭിമുഖീകരിക്കുന്നത്. ഇതിൽ പകർച്ച വ്യാധികൾ, തിരിച്ചുവന്ന ചില രോഗങ്ങൾ, പ്രായമായവരുടെ സ്വാന്തന പരിചരണ പ്രശ്നങ്ങൾ എന്നിവ ഉൾപ്പെടുന്നു.

33. പതിമൂന്നാം പദ്ധതിക്കാലയളവിൽ ഏറ്റവും നല്ല രോഗ പ്രതിരോധം, രോഗം ഭേദമാക്കൽ, സ്വാന്തന പരിചരണം എന്നിവ പൊതുമേഖലയിൽ ലഭ്യമാക്കാൻ കേരള സർക്കാർ ശ്രമിക്കും. പതിമൂന്നാം പഞ്ച വത്സര പദ്ധതിയിലെ പ്രധാന

ഊന്നൽ ആരോഗ്യ പൊതുമേഖലാ രംഗത്തിന്റെ ഗുണനിലവാരം ഉയർത്തുക, ആരോഗ്യ പരിചരണവുമായി ബന്ധപ്പെട്ട പ്രാപ്യതയും ചെലവ് താങ്ങാനുള്ള കഴിവും മെച്ചപ്പെടുത്തുക, ഇൻഷുറൻസ് പരിരക്ഷ വ്യാപിപ്പിക്കുക, പൊതുജനാരോഗ്യത്തിനും ശുചീകരണ ത്തിനും വേണ്ട സൗകര്യങ്ങൾ വ്യാപിപ്പിക്കുക, ഇത്തരത്തിൽ സമകാലീന കേരളം അഭിമുഖീകരിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻവേണ്ടി സ്കീമുകളെയും പരിപാടികളെയും ഉപയോഗപ്രദമാക്കുക എന്നിവയാണ്.

34. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, മുതിർന്ന പൌരന്മാർ, ഭിന്നലിംഗത്തിൽപ്പെടുന്നവർ, കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് സർക്കാർ പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കും.

35. പൊതുജനാരോഗ്യ മേഖല ജനസൗഹൃദമാക്കുക എന്നതാണ് പദ്ധതി നയത്തിന്റെ നിർണ്ണായകവശം. പതിമൂന്നാം പദ്ധതിക്കാലയളവിൽ തന്നെ പ്രധാനപങ്കും നടപ്പിലാക്കപ്പെടുന്ന ആർദ്രം മിഷൻ ലക്ഷ്യമിടുന്നത് പൊതുജനാരോഗ്യ പരിചരണ രംഗത്തെ താഴെപ്പറയുന്ന തരത്തിൽ രൂപാന്തരപ്പെടുത്തുകയാണ്:

1. ഇപ്പോഴത്തെ സാംക്രമിക രോഗ സാഹചര്യത്തിലെ വെല്ലുവിളികളെ നേരിടാൻ കഴിവുള്ള പ്രാഥമിക പരിചരണ വ്യവസ്ഥ സൃഷ്ടിക്കുക;
2. ദ്വിതീയ തലത്തിൽ ഉന്നത ഗുണനിലവാരമുള്ള ചികിത്സ നൽകുക;
3. സർക്കാർ ആശുപത്രികളിൽ രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക.

36. ആർദ്രം മിഷൻ ലക്ഷ്യമിടുന്നത് ഐക്യരാഷ്ട്ര സഭ, സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ (Sustainable Development Goal) നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

37. ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനായി വികസിപ്പിച്ചിട്ടുള്ള പരിപാടികൾ ആരോഗ്യ മേഖലയുടെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിലെ വിഷയങ്ങളാണ്. ഈ പരിപാടികളുടെ നിർവ്വഹണവും പ്രാവർത്തികമാക്കലും വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുമായും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടവുമായും വളരെയധികം കണ്ണിച്ചേർക്കപ്പെട്ടിരിക്കുന്നു.

38. കേരളമാണ് ഇന്ത്യയിലെ ആയുർവേദ ചികിത്സയിൽ നേതൃസ്ഥാനത്തുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി ആയുർവേദത്തിന്റെ വിവിധ ശാഖകളിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കും. ആയുർവേദം ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള ധാരാളം ആളുകളെ കേരളത്തിലേക്ക് ആകർഷിക്കും. അതുകൊണ്ടുതന്നെ കേരള സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിൽ ആയുർവേദത്തിന് പ്രധാന പങ്ക് വഹിക്കാനാകും.

## 2.3 തൊഴിലാളികളും തൊഴിലാളി ക്ഷേമവും

39. സംസ്ഥാനത്തെ തൊഴിലെടുക്കുന്ന ജനങ്ങളുടെ ക്ഷേമം ഉറപ്പിക്കുന്നതിനും അവകാശം സംരക്ഷിക്കുന്നതിനും പ്രതിജ്ഞാബദ്ധമായ സർക്കാരാണ് കേരളത്തിൽ നിലവിലുള്ളത്.

40. കേരളത്തിലെ തൊഴിലാളി പ്രസ്ഥാനം കൈവരിച്ച പ്രധാന നേട്ടം സംഘടിത, അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷിതത്വവും മാന്യമായ തൊഴിൽ സാഹചര്യവും സൃഷ്ടിക്കുന്നതിനു സാധിച്ചു എന്നതാണ്. സംസ്ഥാനത്തിന്റെ മൊത്തം തൊഴിൽ സേനയുടെ 80 ശതമാനം ഇത്തരം തൊഴിലാളികളാണ്. ദേശീയ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം കേരളത്തിലെ താൽക്കാലിക തൊഴിലാളികളുടെ ദിവസവേതനം ദേശീയ ശരാശരിയേക്കാൾ രണ്ടിര ട്ടിയാണ്.

41. ഈ സർക്കാരിന്റെ പ്രകടനപത്രികയിൽ കേരളത്തിലെ തൊഴിൽ അവകാശങ്ങളിലെ നേട്ടങ്ങൾ സംരക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇപ്പോൾ, സംസ്ഥാനത്തെ വിദഗ്ധരല്ലാത്ത തൊഴിലാളികളുടെ ദിവസ മിനിമം കൂലി 275 രൂപക്കും 549 രൂപക്കും ഇടക്കാണ്. പ്രകടന പത്രികയിൽ വിദഗ്ധരല്ലാത്ത തൊഴിലാളികൾക്കും സേവനമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും - സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരുൾപ്പെടെ - 500 രൂപ മിനിമം കൂലി ഉറപ്പുവരുത്തണമെന്ന് നിർദേശിക്കുന്നുണ്ട്.

42. ഒരുപാട് വെല്ലുവിളികൾ മുന്നിലുണ്ട്. വിദ്ഗധരായ ധാരാളം തൊഴിലാളികൾ കേരളത്തിലുണ്ടെങ്കിലും അവർക്കുള്ള തൊഴിലവസരങ്ങളുടെ വളർച്ച മന്ദഗതിയിലാണ്.

ഇത് കേരളത്തിന്റെ തൊഴിൽ കമ്പോളത്തിൽ പൊരുത്തമില്ലായ്മ സൃഷ്ടിച്ചിരിക്കുന്നു. പല പ്രധാന മേഖലകളിലും ഉയർന്ന വൈദഗ്ദ്ധ്യമുള്ളവർക്ക് അവരുടെ വൈദഗ്ദ്ധ്യത്തിനും വിദ്യാഭ്യാസത്തിനും യോജിക്കുന്ന വിധത്തിലുള്ള ശമ്പളം ലഭിക്കുന്നില്ല.

43. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആശുപത്രികളിലും (നേഴ്സുമാർ, അധ്യാപകർ) ജോലി ചെയ്യുന്ന വിദ്യാസമ്പന്നരായവർക്ക് വളരെ തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ഇതൊരു വിഷയമായി അടുത്ത കാലത്ത് ഉയർന്നു വന്നിട്ടുമുണ്ട്.

44. ചില തൊഴിൽ കമ്പോളങ്ങൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ്, ഉദാഹരണത്തിന് പരമ്പരാഗത വ്യവസായം, പ്ലാന്റേഷൻ മേഖല എന്നിവയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക്. ചായ, കാപ്പി, റബ്ബർ, ഏലം എന്നീ വിളകൾ ആഗോള മാന്ദ്യം കാരണമായി പ്രതിസന്ധിയിലാണ്. അവിടെ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് പ്രത്യേക സംരക്ഷണം ആവശ്യമാണ്.

45. അന്യസംസ്ഥാന തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ പ്രത്യേകം ഊന്നൽ നൽകും. ഇത് സർക്കാരിന്റെ പ്രധാന ഉത്തരവാദിത്തമായിരിക്കും. സംസ്ഥാനത്ത് ആദ്യകാലങ്ങളിൽ തമിഴ് നാട്ടിൽ നിന്നുള്ള തൊഴിലാളികളാണ് വന്നതെങ്കിൽ അടുത്തകാലത്ത് ബംഗാൾ, ആസാം, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ്. അതുകൊണ്ട്, കേരളത്തിന്റെ സമ്പദ്ഘടന, കായികാധ്വാനമാവശ്യമുള്ള തൊഴിലുകൾക്ക് മുഖ്യമായും ആശ്രയിക്കുന്നത് മറുനാടൻ തൊഴിലാളികളെയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ അവകാശങ്ങളും ഉപജീവനവും സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ എടുക്കുന്ന ശ്രമങ്ങൾക്ക് പതിമൂന്നാം പദ്ധതി പിന്തുണ നൽകും. കുടിയേറ്റ തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സംസ്ഥാനം നിയമനിർമ്മാണം നടത്തണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു. രജിസ്റ്റർ ചെയ്യുന്ന കുടിയേറ്റ തൊഴിലാളികൾക്ക് നിയമാനുസൃതമുള്ള അത്തരം ക്ഷേമാനുകൂല്യങ്ങൾ കിട്ടാൻ യോഗ്യതയുണ്ടായിരിക്കും.

46. സംസ്ഥാനം, തൊഴിലാളികൾക്കായി നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ ശക്തിപ്പെടുത്തുന്നതോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കും. എംപ്ലോയേഴ്സ് സ്റ്റേറ്റ് ഇൻഷുറൻസ് സ്കീം (ESI) വ്യാപിപ്പിക്കും, പ്രത്യേകിച്ച് ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ. സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകൾ ശക്തിപ്പെടുത്തുന്നതും, ശാസ്ത്രീയ

തൊഴിൽ വിവരണ സംവിധാനം (Scientific Labour Information System) വികസിപ്പിക്കുന്നതും പ്രധാനപ്പെട്ട ഉദ്യമമാണ്.

## 2.4 ലിംഗപദവിയും വികസനവും

47. കേരളത്തിലെ സ്ത്രീകളുടെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക പുരോഗതി സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിലെ ചരിത്രപരമായ നേട്ടങ്ങളുമായി യോജിക്കുന്നില്ല. എന്നാൽ കേരളത്തിലെ സ്ത്രീകളുടെ അസാധാരണമായ ചരിത്ര നേട്ടങ്ങളെ കുറച്ചുകാണാനാവില്ല, ഇന്നും സ്ത്രീകൾ സമത്വം നേടാത്ത പ്രധാന രംഗങ്ങളുണ്ട്, അവിടങ്ങളിൽ വിവേചനം നിലനിൽക്കുന്നു. സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് കുറവും, അവരുടെ തൊഴിലില്ലായ്മാ നിരക്ക് ഉയർന്നതുമാണ്. ജാതി, വരുമാനം, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് എല്ലാ തൊഴിൽ മേഖല കളിലും ലിംഗ അസമത്വം നിലനിൽക്കുന്നുണ്ട്. സ്ത്രീ തൊഴിലാളികളിലെ വലിയൊരു വിഭാഗം പരമ്പരാഗത തൊഴിലുകളായ കയർ, കശുവണ്ടി സംസ്കരണം, ഈറ്റ, കൈത്തറി, തോട്ടം മേഖല തുടങ്ങിയവയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അവ ഇപ്പോൾ മാന്ദ്യത്തിലോ തകർച്ചയിലോ ആണ്. നിയമസഭയിലേക്കോ, പാർലമെണ്ടിലേക്കോ തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകളുടെ എണ്ണം കുറവാണ്. കേരളത്തിലെ സ്ത്രീ പ്രസ്ഥാന ങ്ങൾ ഇവിടുത്തെ ഗാർഹിക അക്രമങ്ങളിലേക്കും സ്ത്രീകൾക്കു നേരെയുള്ള മറ്റ് അക്രമങ്ങളിലേക്കും ശ്രദ്ധക്ഷണിച്ചിട്ടുണ്ട്. സാമ്പത്തിക സ്വാതന്ത്ര്യം, രാഷ്ട്രീയ സാമൂഹ്യ ജീവിതത്തിലെ സ്വതന്ത്ര പങ്കാളിത്തം, പൊതു ഇടങ്ങളിലെ സ്വാതന്ത്ര്യം എന്നിവ ഉയർത്തുന്ന ഒരു നയം വേണമെന്ന് പുരോഗമന സാമൂഹ്യ ശക്തികൾ ശരിയാംവണ്ണം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

48. പതിമൂന്നാം പഞ്ചവത്സര പദ്ധതി ജൻഡർ ബജറ്റിംഗിനോട് പ്രതിജ്ഞാബദ്ധമാണ്. പൂർണ്ണമായോ ഭാഗികമായോ സ്ത്രീകളെ ലക്ഷ്യംവെയ്ക്കുന്ന സ്കീമുകളുടെ ചെലവഴിക്കൽ വിഹിതം 10 ശതമാനത്തിലധികമാക്കും. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തിൽ ഈ വിഹിതം 11 ശതമാനത്തിലെത്തും.

49. സ്ത്രീകളുടെ കൂലി, സ്വയം തൊഴിലും ഉപജീവനവും, നൈപുണ്യ വികസനം, തൊഴിൽസ്ഥലത്തെ പ്രത്യേക സൗകര്യങ്ങൾ, ശിശുസംരക്ഷണം, അക്രമങ്ങളിൽ നിന്നും സംരക്ഷണം, അക്രമങ്ങളുടെ ഇരകൾ എന്നിവയ്ക്കുള്ള വകയിരുത്തൽ

പദ്ധതിയിൽ ഓരോ വർഷവും വർധിപ്പിക്കും. ഭിന്നലിംഗക്കാരുടെ വികസന പ്രശ്നങ്ങൾ, പ്രത്യേകിച്ചും എല്ലാതരത്തിലുള്ള ലിംഗവിവേചനവും വികസന സ്കീമുകൾ അഭിസംബോധന ചെയ്യും. സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന ഒരു മുതൽക്കൂട്ടാണ് കുടുംബശ്രീ. സ്ത്രീ ശാക്തീകരണം, സ്ത്രീകളുടെ വരുമാന വർധനവ്, പുതിയ തരത്തിലുള്ള ഉത്പാദന പ്രവൃത്തികൾ നടപ്പിലാക്കൽ, സ്ഥാപനപരമായ മാറ്റം എന്നിവയിലേക്ക് കുടുംബശ്രീയെ ഉപയോഗപ്പെടുത്തും.

## 2.5 പട്ടികജാതി, പട്ടികവർഗം

50. ജാതി, കുറ്റകരമായ തൊട്ടുകൂടായ്മ, സാമൂഹികമായ ഒഴിവാക്കലിന്റെ മറ്റ് വശങ്ങൾ എന്നിവയ്ക്കെതിരായ യുദ്ധം കേരളത്തിന്റെ സ്വാതന്ത്ര്യത്തിനും സാമൂഹിക-സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള പോരാട്ടത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമായിരുന്നു. ഈ ചരിത്രപരമായ പാരമ്പര്യം നമ്മൾ വിലപ്പെട്ടതായി കരുതുന്നു. ആസൂത്രണ പ്രക്രിയ പട്ടികജാതിയിലും പട്ടികവർഗത്തിലും ഉൾപ്പെടുന്ന ജനങ്ങളുടെ അവകാശം സംരക്ഷിക്കുകയും സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ എല്ലാ ജനങ്ങളുടെയും സാമൂഹിക-സാമ്പത്തിക നേട്ടങ്ങളെ വിപുലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യും.

51. പതിമൂന്നാം പദ്ധതിയിൽ പട്ടികജാതി ജനവിഭാഗത്തിനുള്ള പ്രത്യേക ഘടക പദ്ധതിയിലേയും (Special Component Plan - SCP) പട്ടികവർഗ ജനവിഭാഗത്തിനുള്ള ഗോത്ര ഉപ പദ്ധതിയിലേയും (Tribal Sub-Plan - TSP) വകയിരുത്തലുകൾ ഈ വിഭാഗങ്ങളുടെ സംസ്ഥാനതലത്തിലുള്ള ജനസംഖ്യാനുപാതത്തേക്കാളും കൂടുതലായിരിക്കും. 2011 സെൻസസ് പ്രകാരം പട്ടികജാതി ജനസംഖ്യ സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ 9.1 ശതമാനമാണ്. പട്ടികവർഗ ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 1.45 ശതമാനവും. പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷത്തിൽ (2017-18) തന്നെ എസ്.സി.പി, ടി.എസ്.പി എന്നിവയ്ക്കുള്ള പദ്ധതി വകയിരുത്തൽ യഥാക്രമം 9.8 ശതമാനവും 2.7 ശതമാനവുമായിരുന്നു.

52. താഴെക്കാണുന്ന പട്ടിക സൂചിപ്പിക്കുന്നതുപോലെ പട്ടികജാതി വിഭാഗത്തിനും പട്ടികവർഗ വിഭാഗത്തിനുമുള്ള സ്കീമുകൾക്കുള്ള കേന്ദ്ര വകയിരുത്തലുകൾ അവരുടെ ജനസംഖ്യാനുപാതത്തേക്കാളും വളരെ കുറവാണ്.

**പട്ടിക 2** എസ്.സി.പി, ടി.എസ്.പി എന്നിവയ്ക്കുള്ള കേന്ദ്ര ബജറ്റ് വകയിരുത്തലിന്റെ ക്രമം (ശതമാനത്തിൽ)

| വർഷം | എസ്.സി.പി | ടി.എസ്.പി |
|---|---|---|
| 2014-15 | 8.8 | 5.6 |
| 2015-16 | 6.6 | 4.3 |
| 2016-17 | 7.1 | 4.4 |
| പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ഇന്ത്യയിലെ 2011 ജനസംഖ്യയിലുള്ള അനുപാതം | 16.6 | 8.6 |

53. 2017-18 ലെ കേന്ദ്ര ബജറ്റ് പ്രകാരം പട്ടികജാതി, പട്ടികവർഗം എന്നിവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള വകയിരുത്തലുകൾ മൊത്തം ബജറ്റ് കണക്കുകളുടെ യഥാക്രമം 2.1 ശതമാനവും 1.3 ശതമാനവുമാണ്. മൂലധന ചെലവിന്റെ (capital expenditure) കാര്യത്തിലാണെങ്കിൽ പട്ടികജാതി ക്ഷേമത്തിന് 0.07 ശതമാനവും പട്ടികവർഗ ക്ഷേമത്തിന് 0.1 ശതമാനവും നീക്കിയിരുപ്പാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

54. കേന്ദ്ര സർക്കാർ എസ്. സി. പി./ടി എസ് പി എന്നീ പദ്ധതികൾക്ക് വേണ്ടിയുള്ള നിശ്ചിത വകയിരുത്തലിൽ നിന്നും പിൻവാങ്ങുന്നത് കടുത്ത ആശങ്കകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി സമത്വാധിഷ്ഠിത ലക്ഷ്യം കാത്തുസൂക്ഷിക്കുന്ന ഇടതുപക്ഷ സർക്കാർ എസ്.സി, എസ്.ടി വിഭാഗങ്ങൾക്ക് ആനുപാതിക വകയിരുത്തൽ നടത്തുക മാത്രമല്ല ഇതിന്റെ വിഹിതം വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

55. പതിമൂന്നാം പദ്ധതി പ്രവർത്തനങ്ങൾ പട്ടികജാതി, പട്ടികവർഗ ജനവിഭാഗവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന തലങ്ങളിലായിരിക്കും കേന്ദ്രീകരിക്കുക:

1. ഭൂമി, പുരയിടം, ആവാസം.
2. വിദ്യാഭ്യാസം: എല്ലാ തലത്തിലും - പ്രാഥമിക, മധ്യമ, ഉപരിപഠനങ്ങളിലും ഗവേഷണത്തിലും - പരിപൂർണ പ്രാപ്യതയും ഏറ്റവും മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടെന്നും ഉറപ്പ് വരുത്തുക.

3. നൈപുണ്യ വികസനം: ആധുനിക തൊഴിലവസരങ്ങൾക്കുതകുന്ന, കേരളത്തിനകത്തും പുറത്തും തൊഴിൽ ലഭിക്കുവാൻ പ്രാപ്തരായ ഒരു പുതിയ തലമുറയെ സന്നദ്ധരാക്കുക.
4. തൊഴിലവസരങ്ങൾ: പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കായുള്ള സംവരണം പൂർണമായും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
5. ഭക്ഷ്യ സുരക്ഷ.

56. പതിമൂന്നാം പദ്ധതിക്കാലയളവിൽ 2013 ലെ തോട്ടിവേല നിരോധനവും തൊഴിൽ ചെയ്യുന്നവരുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട നിയമത്തിന്റെ (Prohibition of Employment of Manual Scavengers and their Rehabilitation Act - PEMSRA) ഉദ്ദേശം കൈവരിക്കാൻ സെപ്റ്റിക് ടാങ്കുകൾ വൃത്തിയാക്കുന്നതും മാലിന്യം നീക്കം ചെയ്യുന്നതും പരിപൂർണമായും യന്ത്രവത്ക്കരിക്കും.

57. പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ വീടുകൾ കൂടുതലായുള്ള ചില പ്രത്യേക വാസ സ്ഥലങ്ങൾ, ചുറ്റുപാടുകൾ, പ്രദേശങ്ങൾ എന്നിവിടങ്ങളിൽ അവരുടെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു. ഇങ്ങനെയുള്ള മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിൽ പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. വ്യത്യസ്ത തരത്തിലുള്ള സേവന വിതരണ സംവിധാനങ്ങൾ - ഭവനം, രോഗ നിവാരണവും ഭേദമാക്കലും, പൊതു ഭക്ഷണ വിതരണം, ശുചീകരണം, കുടിവെള്ളം, സ്കൂൾ വിദ്യാഭ്യാസം, ഭൂഅവകാശങ്ങൾ, ഉപജീവനമാർഗങ്ങൾ, സാംസ്കാരിക സൗകര്യങ്ങൾ, ആധുനിക ജീവിത സൗകര്യങ്ങൾ എന്നിവ - ഇതിൽ ഉൾക്കൊള്ളും. പതിമൂന്നാം പദ്ധതി ആദിവാസി വാസസ്ഥലങ്ങളിലെ പരമ ദാരിദ്ര്യം എന്ന വിപത്തിനെ അഭിസംബോധന ചെയ്യുകയും ഇല്ലാതാക്കുകയും ചെയ്യുന്ന സ്കീമുകൾ രൂപപ്പെടുത്തുകയും ചെയ്യും.

## 2.6 സാമൂഹ്യ സേവനങ്ങളും സാമൂഹ്യ സുരക്ഷിതത്വവും

58. കേരളത്തിന്റെ ആധുനിക രാഷ്ട്രീയ ചരിത്രത്തിന്റെ പ്രധാന സവിശേഷതയും സ്വീകാര്യതയും സാമൂഹ്യസുരക്ഷയിലുള്ള - പ്രധാനമായും ദരിദ്രർ, സാമൂഹ്യ വിവേചനത്തിന് ഇരയായവർ, സാമ്പത്തികമായി ദുർബ്ബലരായവർ, തൊഴിൽ രഹിതർ, മുതിർന്ന പൗരന്മാർ, രോഗികൾ, ഭക്ഷണം കഴിക്കാനില്ലാത്തവർ, ശാരീരികമായി

ദുർബ്ബലായവർ എന്നിവർക്കായുള്ള - നിക്ഷേപമാണ്. സാമൂഹ്യസുരക്ഷയ്ക്ക് പ്രതിജ്ഞാബദ്ധമായ സർക്കാരാണ് കേരളത്തിൽ ആദ്യമായി അധികാരത്തിലേറിയത്. ഭരണഘടനയുടെ ആർട്ടിക്കിൾ 41 നിലവിൽ വരുത്തുന്നതിന് ഇടതുപക്ഷ സർക്കാർ സാമൂഹ്യ സുരക്ഷാ മേഖലയിൽ നവീനമായ ഇടപെടലുകൾ കൊണ്ട് വന്നു. തൊഴിലില്ലായ്മ, വാർധക്യം, രോഗം, ഭിന്നശേഷിയുള്ളവർ എന്നിവരെ സാമൂഹ്യസുരക്ഷയ്ക്ക് കീഴിൽക്കൊണ്ടു വന്നു.

**ഭിന്നശേഷിയുള്ളവർ**

59. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ അഭിപ്രായത്തിൽ സർക്കാരിന്റേയും സമൂഹത്തിന്റേയും പ്രധാന ഉത്തരവാദിത്തം ഭിന്നശേഷിയുള്ളവർക്ക് തുല്യ നിലയിലുള്ള അവകാശം ലഭിക്കുവാനും, അവരുടെ കഴിവ് വളർത്താനും, അന്തസ്സോടെ ജീവിക്കാനുമുള്ള അവസരമൊരുക്കികൊടുക്കുക എന്നതാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് എല്ലാ ഭിന്നശേഷിക്കാർക്കും സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പൊതു കെട്ടിടങ്ങളിലേക്കുള്ള പ്രാപ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പണം വിനിയോഗിക്കും. ആസൂത്രണ ബോർഡ് ഭിന്നശേഷിയുള്ള വിഭാഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, മറ്റ് വ്യക്തികൾ എന്നിവരുമായി കൂടിയാലോചിച്ച് വിഭിന്നശേഷിയുള്ള വ്യക്തികളുടെ സമ്പൂർണ്ണ വികാസത്തിനായുള്ള പരിപാടികൾ രൂപീകരിക്കും. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഇതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ വന്ന പ്രധാന നിർദ്ദേശങ്ങൾ പ്രതിരോധത്തിനായുള്ള മുൻകൈയ്യെടുക്കൽ, നേരെത്തെയുള്ള സ്ക്രീനിംഗ്, ഡിസ്ട്രിക്ക് ഏർലി ഇന്റെർവെൻഷൻ സെന്റർ, അംഗനവാടിയിലൂടെയുള്ള പ്രത്യേക വിദ്യാഭ്യാസ പരിപാടി, മാതൃക ശിശു പുനരധിവാസ കേന്ദ്രം, സ്പെഷ്യൽ സ്കൂൾ, സമഗ്ര സ്കൂളിംഗ്, വൊക്കേഷണൽ പരിശീലനം, ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ കേന്ദ്രങ്ങൾ, സമൂഹാധിഷ്ഠിത പുനരധിവാസം, സഹായക പ്രോജക്ട് എന്നിവയാണ്.

**മുതിർന്ന പൗരന്മാർ**

60. കേരളത്തിലെ ജനസംഖ്യാപരമായ പരിവർത്തനത്തിന്റെ പ്രധാന പരിണിതഫലം ജനസംഖ്യയിൽ 60 വയസ്സിന് മുകളിലുള്ളവരുടെ പങ്ക് ഇന്ത്യയൊട്ടുക്കമുള്ള ശരാശരിയെക്കാൾ കൂടുതലാണ് എന്നതാണ്. ഇന്ത്യയൊട്ടാകെ ഇത് 8

ശതമാനവും കേരളത്തിൽ 12.6 ശതമാനവുമാണ്.

61. ആയുർദൈർഘ്യത്തിന്റെ കാര്യത്തിലുള്ള ആൺ-പെൺ വ്യത്യാസവും വിവാഹ പ്രായത്തിലുള്ള വ്യത്യാസവും മൂലം സംസ്ഥാനത്തെ വിധവകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം കേരളത്തിൽ 60 വയസ്സിന് മുകളിലുള്ള സ്ത്രീകളിൽ 58 ശതമാനം വിധവകളാണ്. ഇവരുടെ സാമ്പത്തിക, ആരോഗ്യ, ക്ഷേമകരമായ ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്.

62. പതിമൂന്നാം പദ്ധതിക്കാലത്ത് പെൻഷൻ പദ്ധതിയുടെ വലുപ്പവും വ്യാപ്തിയും വർധിപ്പിക്കുമെന്നാണ് കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. പദ്ധതിയിൽ മുതിർന്ന പൗരന്മാരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക ഫണ്ട് നീക്കിവെക്കുന്നതാണ് - പ്രത്യേകിച്ചും പകർച്ചവ്യാധിയല്ലാത്ത രോഗങ്ങൾക്ക് വേണ്ടിയുള്ളത്.

## 2.7 ഭവന നിർമ്മാണം

63. പൊതുവിൽ ഭവന നിർമ്മാണത്തിന്റെ ഗുണത്തിലും എണ്ണത്തിലും കേരളം മറ്റ സംസ്ഥാനങ്ങളെക്കാളും വളരെമുന്നിലാണ്. പതിമൂന്നാം പദ്ധതിക്കാലയളവിൽ സംസ്ഥാനം സമ്പൂർണ്ണ ഭവന നിർമ്മാണ മിഷന്റെ നടത്തിപ്പുമായി ഒരു നിർണ്ണായ കമായ കാൽവെയ്പ്പ് നടത്തും. ഈ ദൌത്യത്തിനുള്ളിൽ "ഉപജീവനമാർഗ്ഗം, ഉൾച്ചേർക്കൽ, സാമ്പത്തിക ശാക്തീകരണം" (Livelihood, Inclusion, and Financial Empowerment) എന്നപേരുള്ള ഒരു മിഷൻ, വീടില്ലാത്തതും ഭൂമിയില്ലാത്തതുമായ കുടുംബങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്നു.

64. കേരളത്തിലെ ഭവന നിർമ്മാണ നയത്തിന്റെ അന്തിമ ലക്ഷ്യം സുഖകരവും, സുരക്ഷിതവും അന്തസ്സുള്ളതുമായ ഭവനം സംസ്ഥാനത്തെ എല്ലാവർക്കും നൽകുക എന്നതാണ്.

65. ഭവന നിർമ്മാണ മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പതിമൂന്നാം പദ്ധതിക്കാ ലയളവിൽ നടപ്പിലാക്കും. അവ താഴെപ്പറയുന്നവ ഉൾക്കൊള്ളുന്നതാണ്:

1. ഭൂമിയുടെ ലഭ്യത മെച്ചപ്പെടുത്തുകയും ഉയരത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതുൾപ്പടെയുള്ള മാർഗ്ഗങ്ങളിലൂടെ ഭൂമി ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക;
2. പുതിയ സാങ്കേതിക വിദ്യ, നൈപുണ്യം എന്നിവയുടെ ഉപയോഗം വഴി മൂലധന ഉത്പാദന ക്ഷമത മെച്ചപ്പെടുത്തുക;
3. നഗരപ്രദേശം വ്യാപിക്കുന്നതിന്റെ പ്രശ്നങ്ങളെ നേരിടുന്നതിനായി തന്ത്രപരമായി സാമൂഹിക ഭവന സങ്കേതം സ്ഥാപിക്കുക;
4. സാമൂഹികമായി ഒഴിച്ചുനിർത്തപ്പെട്ടവർക്കും പാവങ്ങൾക്കും വേണ്ട ഭവന നിർമ്മാണത്തിലെ പ്രശ്നങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് വിഭവ സമാഹരണത്തിന് നൂതന രീതികൾ പരീക്ഷിക്കുക;
5. പുതിയ ഉപജീവന മാർഗ്ഗങ്ങളുടെ സൃഷ്ടിയുമായി ഭവന നിർമ്മാണ നയം ബന്ധിപ്പിക്കുക.

## 2.8 കുടിവെള്ളം, ശുചീകരണം

### കുടിവെള്ളം

66. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും മുടങ്ങാതെ കുടിവെള്ളം നൽകുന്നതിനു വേണ്ട ഒരു രൂപരേഖ സംസ്ഥാന സർക്കാർ തയ്യാറാക്കണം. ഇക്കാര്യത്തിലെ പതിമൂന്നാം പദ്ധതിയുടെ പ്രധാന ലക്ഷ്യം സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം വിതരണം ചെയ്യുമെന്ന് ഉറപ്പുവരുത്തുക എന്നതാണ്. നഗരങ്ങളിലെ, പ്രത്യേകിച്ചും ജലദൌർലഭ്യമുള്ളയിടങ്ങളിലെ, ജലത്തിന്റെ ആവശ്യകത നേരിടുന്നതിന് കേരളത്തിന് പ്രൊജക്ടുകൾ ആവശ്യമാണ്. കേരളത്തിലെ 60 ശതമാനത്തിനു മുകളിൽ വരുന്ന ജനങ്ങളും കിണർ വെള്ളത്തെയാണ് ആശ്രയിക്കുന്നത്, കിണറുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകും. വിവിധ ജലവിതരണ സ്കീമുകളിലെ വിതരണ നഷ്ടം കുറയ്ക്കുന്നതിനായി അനുയോജ്യമായ നടപടികൾ നടപ്പിൽ വരുത്തും.

### ശുചീകരണം

67. ഹരിത കേരളം മിഷന്റെ കേന്ദ്ര കർത്തവ്യങ്ങളായി പറഞ്ഞിരിക്കുന്നത് ഖരമാലിന്യ

നിർമ്മാർജ്ജനവും കേരളത്തിന്റെ ജലാശയങ്ങളുടെ ശുദ്ധീകരണവുമാണ്. ഇതിനൊരു "Hardware" വശവും (അതായത് ആവശ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ പശ്ചാത്തല സൗകര്യം) "Software" വശവും (അതായത്, ചപ്പുചവറുകളും മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിൽ ജനങ്ങളുടെ, പ്രത്യേകിച്ചും കുട്ടികളുടെ ബോധം മാറുന്നത്) ഉണ്ട്. നമുക്ക് സമീപഭാവിയിൽ സാധ്യമാവുന്ന ഒരു മാലിന്യ മുക്ത കേരളത്തിനായി ആസൂത്രണം ചെയ്യാം. ഇതിനുവേണ്ട ശ്രമങ്ങളും പദ്ധതി സ്കീമുകളും ശുചിത്വ മിഷനുമായി സംയോജിപ്പിക്കണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സുസ്ഥിര ശുചിത്വ ക്രമീകരണങ്ങൾ നേടുന്നതിന് അത് ഉത്തരവാദി ആയിരിക്കും.

## 2.9 ഭക്ഷ്യവും പൊതുവിതരണവും

68. പട്ടിണി മുക്ത കേരളം (hunger-free Kerala) സൃഷ്ടിക്കുകയാണ് പതിമൂന്നാം പദ്ധതിയുടെ ഒരു ലക്ഷ്യം. കേരളത്തിലെ പൊതുവിതരണ സംവിധാനം ഇന്ത്യയിലെ ഏറ്റവും പഴക്കമാർന്നതും നല്ലപോലെ പ്രവർത്തിക്കുന്നതുമായ ഭക്ഷ്യ സുരക്ഷാശൃംഖലയാണ്. കേരളത്തിലെ പൊതുവിതരണ സംവിധാനം പൊതുഇടപെടലുമായി ബന്ധപ്പെട്ടതും (പ്രത്യേകിച്ചും 1956 ന് ശേഷമുള്ളത്) നീണ്ട ചരിത്രമുള്ളതുമാണ്. പിഡിഎസ്സിന്റെ ഭക്ഷ്യ ധാന്യ വിതരണവുമായി ബന്ധപ്പെട്ട്, സംസ്ഥാനത്തിന്റെ ധാന്യ ആവശ്യകതകൾ നിറവേറ്റുന്നതിന് കേന്ദ്ര ക്വോട്ടായിൽനിന്നും സംസ്ഥാനത്തിന് മതിയായ വിഹിതം നൽകേണ്ടത് കേന്ദ്ര സർക്കാരിന്റെ ഉത്തരവാദിത്തമായിരുന്നു. 1990 കൾക്ക് ശേഷം ഈ നിബന്ധനകൾ മാറുകയുണ്ടായി. 1997 ന് ശേഷം സാർവത്രിക പിഡിഎസ്സിനു പകരമായി പ്രത്യേക ലക്ഷ്യംവെച്ചുള്ള പിഡിഎസ്സ് കൊണ്ടുവന്നു. ഗുണഭോക്താക്കളെ കണ്ടെത്തുന്ന രീതിയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതിയും തെറ്റുകൾ നിറഞ്ഞതായിരുന്നു, അർഹതപ്പെട്ട പല കുടുംബങ്ങളും പൊതുവിതരണ സംവിധാനത്തിൽനിന്നും ഒഴിവാക്കപ്പെട്ടു.

69. കേരളത്തിൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം (National Food Security Act - NFSA) നടപ്പിലാക്കുന്നതിൽ പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ കാലതാമസമുണ്ടായി. ഒരു ഒഴിവാക്കൽ നയ രൂപഘടനയും പ്രാവർത്തികമാക്കുന്നതിലെ

അനാവശ്യ കാലതാമസവും ചേർന്ന് ഇപ്പോഴത്തെ സർക്കാരിന്റെ ജനങ്ങളുടെ ഭക്ഷണവും പോഷകാഹാര സുരക്ഷയും ഉറപ്പാക്കാനുള്ള ശ്രമങ്ങൾക്ക് തിരിച്ചടി യേകി.

70. പതിമൂന്നാം പദ്ധതിക്കാലയളവിൽ സംസ്ഥാന സർക്കാർ പൊതുവിതരണം പഴയപടിയിലാക്കും. പ്രത്യേകിച്ചും കൂടുതൽ ഗുണഭോക്താക്കൾക്ക് വിലകുറച്ച് ഭക്ഷ്യ ധാന്യങ്ങൾ ലഭിക്കുമെന്ന് ഉറപ്പുവരു ത്തുന്നതിന് പദ്ധതി സഹായിക്കും. പിഡിഎസ്സ് ശൃംഖലയുടെ തുടക്കം മുതൽ അവസാനം വരെ കമ്പ്യൂട്ടർവത്ക്കരിക്കും. അത് ഭക്ഷ്യ വിതരണത്തെ കൃത്യമാക്കാനും പൂർത്തിയാവുന്ന റേഷൻ കാർഡുകളിലെ ഇരട്ടി ക്കലുകൾ കണ്ടെത്താൻ സഹായിക്കുകയും ചെയ്യും.

71. പുതിയ റേഷൻ കാർഡുകൾ കാലതാമസമില്ലാതെ പ്രസിദ്ധീകരിക്കുകയും വിതരണം നടത്തുകയും ചെയ്യും. സിവിൽ സപ്ലൈസ് കോർപ്പറേഷനെ കാര്യക്ഷമ മായി കമ്പോളത്തിൽ ഇടപെട്ട് വില നിയന്ത്രിക്കുന്നതിനായി സജ്ജമാക്കും. ഉപഭോക്തൃ കമ്പോളത്തിലെ സഹകരണ സംഘങ്ങളുടെ ഇടപെടൽ, പ്രത്യേകിച്ചും ഉത്സവകാലങ്ങളിൽ, പ്രോത്സാഹിപ്പിക്കും.

72. പട്ടിണി മുക്ത സംസ്ഥാനം യാഥാർത്ഥ്യമാക്കുന്നതിന് മറ്റു നയപരമായ ഇടപെടലുകളും ആവശ്യമാണ്. സംയോജിത ശിശു വികസന സ്കീമിനെയും (Integrated Child Development Scheme-ICDS) ഉച്ചഭക്ഷണ സ്കീമിനെയും ആധുനിക വത്ക്കരിക്കാനും ശക്തിപ്പെടുത്തുമാനുള്ള ശ്രമങ്ങൾക്ക് പതിമൂന്നാം പദ്ധതി പിന്തുണ നൽകും. ഈ സ്കീമുകളുടെ ഭാഗമായി പോഷകഗുണം കൂടുതലുള്ള ഭക്ഷ്യ ധാന്യം വിതരണം ചെയ്യാനുള്ള ശ്രമങ്ങളെയും പിന്തുണയ്ക്കും.

## 2.10 കേവല ദാരിദ്ര്യം

73. കേരള സംസ്ഥാനത്തിന്റെ പാരമ്പര്യം അടിസ്ഥാനമാക്കി, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ, കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യ പ്പെട്ട ഇന്ത്യയിലെ ആദ്യ സംസ്ഥാനമായിത്തീരുക എന്ന സ്വപ്നതുല്ല്യമായ ഒരു നേട്ടം കൈവരിക്കാൻ കേരളത്തിന് സാധിക്കണം.

74. കേരളത്തിൽ, ടെണ്ടുൽക്കർ ദാരിദ്ര്യരേഖയനുസരിച്ച്, ദരിദ്രരുടെ ജനസംഖ്യയിലെ അനുപാതം (head count ratio) 2011-12 ൽ ഗ്രാമപ്രദേശത്ത് 9.1 ശതമാനവും, നഗരപ്രദേശത്ത് 5 ശതമാനവുമായി കണക്കാക്കിയിട്ടുണ്ട്. നഗര, ഗ്രാമ പ്രദേശങ്ങൾ ഒരുമിച്ചെടുത്താൽ ദരിദ്രരുടെ ജനസംഖ്യയിലെ അനുപാതം 7.1 ശതമാനം വരും. അതായത്, ഗ്രാമപ്രദേശത്ത് 15.5 ലക്ഷം പേരും, നഗരപ്രദേശത്ത് 8.5 ലക്ഷം പേരും ദാരിദ്ര്യരേഖക്ക് താഴെവരും.

75. പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യ തൊഴിലാളി എന്നീ ജനവിഭാഗങ്ങളിലെ ദരിദ്രരുടെ അനുപാതം പൊതുജനവിഭാഗങ്ങളിലെ ദരിദ്ര അനുപാതത്തെക്കാൾ കൂടുതലാണ്. ഗ്രാമപ്രദേശങ്ങളിൽ ഉത്പാദന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ പുതിയ പരിപാടികൾ ആവിഷ്ക്കരിക്കരിക്കുന്നതിന് ആസൂത്രണ ബോർഡ് സഹായങ്ങൾ നൽകുകയും, ആദിവാസികളുടെ വാസസ്ഥലങ്ങളിലെ വിവിധ രൂപത്തിലുള്ള ദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യും.

76. ജനങ്ങളുടെ പങ്കാളിത്തം വഴിയും, ദരിദ്രരെ തിരിച്ചറിയുന്നതിനുള്ള സൂക്ഷമമായ സംവിധാനങ്ങൾ കൊണ്ടും, ഒരോരുത്തരുടേയും ദാരിദ്ര്യാവസ്ഥയുടെ കാരണവും പരിഹാരവും കണ്ടെത്തിക്കൊണ്ടും കേവല ദാരിദ്ര്യം ഇല്ലാതാക്കാൻ തീർച്ചയായും സാധിക്കും എന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

## 2.11 വികസനത്തിനു വേണ്ട സ്ഥിതിവിവര കണക്കുകൾ

77. ഫലപ്രദമായ ആസൂത്രണത്തിന് കൃത്യമായ സ്ഥിതിവിവര കണക്കുകളുടെ ആവശ്യമുണ്ട്. സ്ഥിതി വിവര കണക്കുകൾക്ക് ശാസ്ത്രീയമായ സങ്കൽപ്പം, നിർവചനം, രീതി, വിവര ശേഖരണത്തിനുള്ള ശാസ്ത്രീയമായ രീതി, അവതരണം, ഉപയോഗപ്പെടുത്തൽ എന്നിവ ആവശ്യമാണ്. നിലവിലുള്ള കേരളത്തിലെ സാമ്പത്തിക നയം ഉയർന്ന നിലവാരത്തിലുള്ള സ്ഥിതിവിവര കണക്കിന്റെ വിവരപരമായ പിൻബലത്തോടെയുള്ളതാണെന്ന് പറയാൻ സാധിക്കില്ല.

78. പതിമൂന്നാം പദ്ധതിക്കാലത്ത്, സംസ്ഥാന ആസൂത്രണ ബോർഡ് കേരളത്തിലെ ഔദ്യോഗിക സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ചും, ഇവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിശദമായ നിർദ്ദേശങ്ങൾ രൂപീകരിക്കും.

79. ഭൂമിയുമായി ബന്ധപ്പെട്ട് പാട്ടം, ഭൂവിനിയോഗം, ഭൂമികൈമാറ്റം, ഉല്പാദനം എന്നിവയുടെ സമഗ്രമായ വിവരങ്ങളുണ്ടായിരിക്കണം. സംസ്ഥാനത്തിന്റെ വരുമാനത്തെ സംബന്ധിച്ച കണക്കുകളിൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലയുമായി ബന്ധപ്പെട്ട വിശ്വസിനീയ വിവരങ്ങൾ ഉൾപ്പെടുമെന്ന് ഉറപ്പിക്കണം. ദേശീയ സർവ്വെയുമായി ബന്ധപ്പെട്ട വിവരശേഖരണം - ദേശീയ സാമ്പിൾ സർവ്വെ, വാർഷിക വ്യവസായ സർവ്വെ (Annual Survey of Industries) - വ്യാപിപ്പിക്കുകയും സംസ്ഥാന തല പ്രശ്നങ്ങൾ കൂടുതൽ ഉൾപ്പെടുത്തുകയും വേണം.

80. തദ്ദേശ സർക്കാരുകൾക്ക് - ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ - ഒരു പുതിയ വിവര ശേഖരണ ശൃഖല സൃഷ്ടിക്കേണ്ടതുണ്ട്. തദ്ദേശ സർക്കാരുകൾക്ക് സാമൂഹിക സാമ്പത്തിക നയങ്ങൾക്കുവേണ്ടി ഫലപ്രദമായ ഡാറ്റാ ബേസ് ആവശ്യമാണ്. പുതിയ ആവശ്യങ്ങളെക്കുറിച്ചുള്ള പട്ടിക തയ്യാറാക്കുന്നത് തെരഞ്ഞെടുത്ത ജനപ്രതിനിധികളുമായി ചർച്ചചെയ്തതിന് ശേഷം തീരുമാനിക്കും.

81. മറ്റൊരു സ്ഥലത്ത് സൂചിപ്പിച്ചപ്പോലെ, സംസ്ഥാന ആസൂത്രണ ബോർഡ് കേരളത്തിനായി ഒരു ഏകീകരിക്കപ്പെട്ട സ്പെഷ്യൽ വിവര പോർട്ടൽ സൃഷ്ടിക്കുന്നതിന് നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകൾക്കും തങ്ങളുടേതായ കണക്കുകൾ ഇതിലേക്ക് കൂട്ടിച്ചേർക്കാവുന്നതാണ്.

# 3 ഉത്പാദന മേഖലകൾ

## 3.1 കൃഷി

82. കേരളവും ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളും സസ്യ ജൈവ വൈവിധ്യത്തിന്റെ രണ്ട് വലിയ കലവറകളാണ്. കേരളത്തിന് സസ്യ ജൈവ വൈവിധ്യത്തിന്റേയും സമ്പത്തിന്റേയും കാര്യത്തിൽ ലോകത്തിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്. അതിനോടൊപ്പം മത്സ്യസമ്പത്തിനാൽ സമ്പുഷ്ടമായ കടൽത്തീരവും ഉൾനാടൻ ജലാശയങ്ങൾ ഉള്ള പ്രദേശവുമാണ് കേരളം. കേരള സർക്കാർ കാർഷിക വളർച്ചയിൽ ശരിയായി തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. കാർഷിക വളർച്ചയ്ക്ക് വിവിധ തലങ്ങളിൽ കാര്യമായ ശ്രദ്ധ വേണം. ആധുനിക ശാസ്ത്രീയ-സാങ്കേതിക വിദ്യയുടെ വികാസം, കൃഷിയിലും അനുബന്ധ മേഖലകളിലുമുള്ള ഗവേഷണം - പ്രത്യേകിച്ചും സർവ്വകലാശാലകളിലും മറ്റ് ഗവേഷണ സ്ഥാപനങ്ങളിലും, വിജ്ഞാന വ്യാപനം, സംഭരണം, വിപണനം - വില നയങ്ങൾ, സ്ഥാപന സംബന്ധിയായ, ഭൂസർവേകൾ പൂർത്തിയാക്കുന്നതും ഭൂരേഖകൾ ആധുനികവൽക്കരിക്കുന്നതുമായ മാറ്റങ്ങൾ, സഹകരണം ഉൾപ്പെടെയുള്ള പുതിയ ഉത്പാദന രീതികൾ, മൂല്യ വർധനം എന്നിവയാണ് ഈ തലങ്ങൾ.

83. വൈവിധ്യങ്ങളായ കൃഷിയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും അനുയോജ്യമായ സൂക്ഷ്മ-പരിസ്ഥിതി (micro-environment) ശ്രേണികളുടെ അസ്തിത്വം കേരളത്തിന് സവിശേഷമായുള്ളതാണ്. കേരളത്തിന്റെ ജൈവവൈവിധ്യത്തിന്റെ സാധ്യതകളെ വ്യക്തികളുടെ വരുമാനമായി പരിവർത്തനം ചെയ്യുകയെന്നതാണ് നമ്മുടെ കടമ.

84. ഇന്ന് കേരളത്തിൽ കൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കൃഷിയോഗ്യമായ ഭൂമി സംരക്ഷിക്കുന്നതിന് നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണികൾ, എല്ലാ പ്രധാന വിളകളിലും വിളവ് വിടവ് (yield gap) നികത്തുന്നതിൽ വന്നിട്ടുള്ള വീഴ്ചകൾ (ഈ വീഴ്ച്ചയ്ക്ക് കാരണമായ ശാസ്ത്രീയവും സാങ്കേതികവുമായ പ്രശ്നങ്ങൾ)[1], കുറഞ്ഞ, പുരോഗതിയി

---

1 വിളവ് വിടവ് എന്നത് അനുയോജ്യമായ നടത്തിപ്പിൽ ലഭിക്കുന്ന വിളവും കർഷകർക്ക് ശരാശരി ലഭിക്കുന്ന വിളവും തമ്മിലുള്ള അന്തരമാണ്.

ല്ലാത്ത, അല്ലെങ്കിൽ തളർന്നുകൊണ്ടേയിരിക്കുന്ന കാർഷിക വിളകളുടെ ആകെ മൂല്യം, വ്യക്തിഗത കർഷകരുടെ കുറഞ്ഞ വരുമാനം, കൃഷിയിടത്തിലെ മത്സ്യ കൃഷിയും മൃഗവിഭവ വികസനവും കാർഷിക വിളകളുടെ കൃഷിയുമായി സംയോജിപ്പി ക്കുന്നതിൽ വരുത്തിയ വീഴ്ച്ചകൾ, ഉൽപ്പന്ന വിപണികളുമായുള്ള ദുർബലമായ മുന്നോട്ടുള്ള കണ്ണിചേർക്കൽ (forward linkages) എന്നിവയൊക്കെയാണ്. ഇവയെ ക്കൂടാതെ കേരളത്തിൽ ഭൂരിഭാഗം വരുന്ന പരിമിതമായ അളവിൽ ഉത്പാദനം നടത്തുന്ന കൃഷി ഭൂമി നേരിടുന്ന പ്രശ്നങ്ങളുമുണ്ട്.

85. കേരളത്തിലെ കൃഷി വളരെ കുറച്ച് തൊഴിലാളികൾക്ക് മാത്രമേ തൊഴിൽ നൽകു ന്നുള്ളൂ എന്ന സാമ്പ്രദായിക വാദം ശരിയല്ല. 2015-16 ൽ കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 12 ശതമാനമാണ് പ്രാഥമിക മേഖലയുടെ സംഭാവന (2011-12 വിലകളിൽ). 2011 സെൻസസ് കണക്കുകൾ പ്രകാരം കാർഷിക തൊഴിൽ സേന (കർഷകരും കർഷക തൊഴിലാളികളും) സംസ്ഥാനത്തിന്റെ മൊത്ത തൊഴിൽ സേനയുടെ 17 ശതമാനവും ഗ്രാമീണ തൊഴിൽ സേനയുടെ 26 ശതമാന വും വരും. എന്നാൽ കർഷക തൊഴിലാളികളുടെ സെൻസസ് പ്രകാരമുള്ള നിർവ ചനത്തിൽ ഫല വിളകളിലും തോട്ടം വിളകളിലും തൊഴിലെടുക്കുന്നവരെ ഉൾപ്പെടു ത്തിയിട്ടില്ല. കേരളത്തിന്റെ കാർഷിക തൊഴിലാളികളെ നിർവചിക്കുമ്പോൾ വന-മത്സ്യബന്ധന മേഖലകൾ എന്നിവകൂടെ ഉൾപ്പെടുത്തേണ്ടതാണ്. ഇവയൊന്നും കർഷകരുടേയും കർഷക തൊഴിലാളികളുടേയും സെൻസസ് നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ കാർഷിക തൊഴിലെടുക്കുന്നവർ കേരള ത്തിന്റെ മൊത്തം തൊഴിലെടുക്കുന്നവരിൽ 17 ശതമാനത്തേക്കാൾ കൂടുതലാണ് (ഗ്രാമീണപ്രദേശങ്ങളിൽ 26 ശതമാനത്തേക്കാളും കൂടുതലും). ഗ്രാമീണ കേരളത്തെ സംബന്ധിച്ചിടത്തോളം മൊത്തം തൊഴിലെടുക്കുന്നവരിൽ മൂന്നിലൊന്ന് പേരും കൃഷിയും അനുബന്ധ മേഖലകളിലുമാകാൻ സാധ്യതയുണ്ട്[2].

86. അതേസമയം, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തൊഴിലാളികൾ കൃഷിയെ മുഖ്യ വരുമാന സ്രോതസ്സായി ആശ്രയിക്കുന്നത് കുറ വാണ്. ദേശീയ സാമ്പിൾ സർവേയുടെ സാഹചര്യ വിലയിരുത്തൽ സർവ്വേ

2 ഇന്ത്യ ആകെ എടുത്താൽ കാർഷിക തൊഴിൽ സേന മൊത്തം തൊഴിൽ സേനയുടെ 54.6 ശതമാനം വരും. നാഷണൽ സാമ്പിൾ സർവ്വെ പ്രകാരം കാർഷിക, അനുബന്ധ മേഖലകളിലുള്ള തൊഴിലാളികളുടെ പങ്ക് മൊത്തം തൊഴിൽ സേനയുടെ 47.6 ശതമാനം വരും.

(Situation Assessment Survey) പ്രകാരം, 2012-13 ൽ കേരളത്തിലെ കാർഷിക കുടുംബങ്ങൾ ഗ്രാമീണ കുടുംബങ്ങളുടെ 27 ശതമാനമായിരുന്നു (എല്ലാ സംസ്ഥാനങ്ങളിലും വച്ച് ഏറ്റവും കുറവ്). ഗ്രാമീണ കേരളത്തിലെ കാർഷിക കുടുംബങ്ങളിൽ 61 ശതമാനം പേരും കുടുംബ വരുമാനത്തിന്റെ പ്രധാനഭാഗം കാർഷികേതര സ്രോതസ്സുകളിൽ നിന്നാണ് സമ്പാദിക്കുന്നത് എന്നുള്ളത് വരുമാന സ്രോതസ്സുകളുടെ ബഹുസ്വരതയും കേരളത്തിന്റെ ഗ്രാമീണ മേഖലയുടെ സവിശേഷതയും ചൂണ്ടിക്കാണിക്കുന്നു. വർദ്ധിച്ച ഉൽപ്പാദനച്ചെലവും യന്ത്രവൽക്കരണത്തിന്റെ പിന്നോക്കാവസ്ഥയും കർകരുടെ വരുമാനം കുറയ്ക്കുന്നു.

87. കാർഷിക വിളകളിൽ നാണ്യവിളകൾ കേരളത്തിൽ മുന്നിട്ട് നിൽക്കുന്നു. കേരളത്തിന്റെ 38.9 ലക്ഷം ഹെക്ടർ വരുന്ന ആകെ വിസ്തൃതിയിൽ ആകെ വിതക്കപ്പെട്ട വിസ്തൃതി (net sown area) 20.4 ലക്ഷം ഹെക്ടറാണ് (51 ശതമാനം). 2015-16 ൽ നെല്ല് 1.96 ലക്ഷം ഹെക്ടർ ഭൂമിയിലും തെങ്ങ് 7.96 ലക്ഷം ഹെക്ടർ ഭൂമിയിലും വളർത്തിയിരുന്നു. വേറൊരു 7.05 ലക്ഷം ഹെക്ടർ തേയില, കാപ്പി, റബർ, ഏലം എന്നിവ കൃഷിചെയ്യുന്ന നിലമാണ്. ബാക്കി വരുന്ന 3.5 ലക്ഷം ഹെക്ടറിൽ പച്ചക്കറി, പഴം മുതലായ ഫലങ്ങൾ, കശുവണ്ടി മുതലായ മറ്റ് വിളകൾ എന്നിവയാണ് കൃഷി ചെയ്യുന്നത്.

88. കേരളത്തിലെ പ്രധാന നാണ്യവിളയായ തെങ്ങുകൃഷിയിൽ നിന്നുള്ള വരുമാനം ഗണ്യമായി വർധിപ്പിച്ചാൽ മാത്രമേ കാർഷിക മേഖലയിലെ മൊത്തം വരുമാന വർധന സാധ്യമാവുകയുള്ളൂ.

89. കാർഷിക മേഖലയിൽ താൽപ്പര്യവും നൈപുണ്യവും ഉള്ള തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഏകോപിതമായ കാർഷിക കർമ്മസേനകളും ചെറുകിട യന്ത്രവൽക്കരണം സാധ്യമാകുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളുടെ ശൃംഖലയും കെട്ടിപ്പടുക്കും.

90. പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുള്ള നയങ്ങൾ സ്വീകരിക്കും. പൊതുമേഖലയിലുള്ള ഫാമുകൾ ആധുനികവത്കരിച്ച് നവീകരിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുകയും ഫാം ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യും.

91. മുമ്പ് സൂചിപ്പിച്ചതുപോലെ കേരളത്തിൽ വ്യത്യസ്തങ്ങളായ കാർഷിക-കാലാവസ്ഥാ പരിസ്ഥിതികളിലും (agro-climatic environments) കാർഷിക സംവിധാനങ്ങളിലുമാണ് കൃഷി നടക്കുന്നത്. പ്രധാന മേഖലകൾ ഉയർന്ന പ്രദേശങ്ങൾ, ഇടനാട്ടുകൾ, താഴ്ന്ന സമതല പ്രദേശം, കടലോര സമതല പ്രദേശം എന്നിവയാണ്. പ്ലാന്റേഷൻ വിളകളാണ് ഉയർന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നത്. നെല്ല് പാടത്തും, തെങ്ങ്, പച്ചക്കറി, കുരുമുളക് പോലുള്ള സുഗന്ധവ്യഞ്ജനങ്ങൾ ധാരാളമായി തോട്ടം ഭൂമിയിലും ചെറുകിട പുരയിടങ്ങളിലുമാണ് കൃഷി ചെയ്തുവരുന്നത്. തോട്ടം ഭൂമിയിലും പുരയിടങ്ങളിലും അടിയ്ക്കടിയുള്ള ഇടവിള കൃഷി (intensive inter-cropping) ഒരു സവിശേഷതയാണ്. മൃഗസംരക്ഷണ മേഖല മിക്കപ്പോഴും പുരയിടങ്ങളിലുള്ള ഉത്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ മത്സ്യകൃഷി നെൽകൃഷിയുമായി സംയോജിപ്പിച്ചിരിക്കുന്നു. ഔഷധ സസ്യകൃഷിയ്ക്ക് പ്രത്യേക കാർഷിക മേഖല സജ്ജമാക്കും. തേനിന്റെ ഉൽപ്പാദന സാധ്യതകൾ സംസ്ഥാനത്ത് വേണ്ട വിധത്തിൽ ഉപയോഗിച്ചിട്ടില്ല. ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രത്യേക മിഷൻ (Honey Mission) രൂപീകരിക്കും.

92. കാർഷിക വിഭവങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് ആനുപാതികമായ വരുമാന വർദ്ധന ഉറപ്പുവരുത്തുന്നതായിരിക്കും.

93. കേരളത്തിന്റെ കാർഷിക മേഖലയുടെ വളർച്ച അതിന്റെ പ്രധാന നാണ്യവിളകളുടെ അവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. കൂടുതൽ നാണ്യവിളകളുടെയും വിലകൾ ലോക കാർഷിക വിലകളുമായി വളരെയധികം സമന്വയപ്പെട്ടിരിക്കുന്നു. തത്ഫലമായി കേരളത്തിന്റെ കാർഷിക മേഖലയുടെ വളർച്ചയിൽ സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്കു പുറത്തുള്ള ഘടകങ്ങൾ സ്വാധീനം ചെലുത്തുന്നു. കേന്ദ്ര സർക്കാരിന്റെ 1994 നു ശേഷമുള്ള സ്വതന്ത്ര വ്യാപാര കരാറുകൾ കേരളത്തിന്റെ നാണ്യവിള മേഖലയിൽ, പ്രത്യേകിച്ചും ചെറുകിട കർഷകർക്ക്, ദോഷകരമായ ആഘാതമുണ്ടാക്കി.

94. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തിന്റെ കാർഷിക മേഖല തകർന്നു. 2011-12 അടിസ്ഥാന വർഷമായി എടുക്കുകയാണെങ്കിൽ, കൃഷിയും അനുബന്ധ മേഖലകളും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ വർഷം

(2012-13) 1.43 ശതമാനം വളർച്ച രേഖപ്പെടുത്തി. എന്നാൽ ഈ മേഖല പിന്നീടുള്ള മൂന്ന് വർഷങ്ങളിൽ തളർന്നു. 2013-14 ൽ -6.31 ശതമാനം, 2014-15 ൽ -1.09 ശതമാനം, 2015-16 ൽ -2.9 ശതമാനം എന്നിങ്ങനെയായിരുന്നു വളർച്ചാ നിരക്കുകൾ. 2012-13 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിലെ നെഗറ്റീവ് വളർച്ചയുടെ പ്രധാന കാരണം നാണ്യ വിളകളിൽ ഉണ്ടായ കുറഞ്ഞ ഉൽപ്പന്ന വിലകളാണ്.

95. കേരളത്തിന്റെ കാർഷിക വിളക്രമത്തിൽ നാണ്യവിളകൾ പ്രധാന പങ്ക് വഹിക്കുന്നതുകൊണ്ട് ഇവിടെയുള്ള കാർഷിക കുടുംബങ്ങൾ സമ്പാദിക്കുന്ന പ്രതി-ഹെക്ടർ വരുമാനം കൂടുതലാണ്. 2012-13 ൽ ആകെയുള്ള ഉത്പാദനത്തിന്റെ മൂല്യം പ്രതി-ഹെക്ടർ ശരാശരി എടുക്കുകയാണെങ്കിൽ കേരളത്തിന്റേത് 97,491 രൂപയായിരുന്നു. ഇന്ത്യ ആകെയെടുത്താൽ ഇതേ മൂല്യം 43,308 രൂപയും, പഞ്ചാബിൽ 88,058 രൂപയും, ഹരിയാനയിൽ 67,224 രൂപയുമായിരുന്നു[3]. എന്നാൽ, കേരളത്തിന്റെ ശരാശരി കൃഷിഭൂമിയുടെ വലുപ്പം മറ്റുള്ള സംസ്ഥാനങ്ങളേക്കാൾ കുറവായതിനാൽ ഒരു കുടുംബത്തിന് കൃഷിയിൽ നിന്നും മൃഗസംരക്ഷണത്തിൽ നിന്നും ലഭിക്കുന്ന ശരാശരി വരുമാനം കുറവായിരുന്നു. 2012-13 ൽ കൃഷിയിൽ നിന്നും മൃഗസംരക്ഷണത്തിൽ നിന്നും ഒരു കാർഷിക കുടുംബത്തിന് ലഭിച്ച ശരാശരി വരുമാനം കേരളത്തിൽ പ്രതിമാസം 4106 രൂപയായിരുന്നു. ഇത് ഇന്ത്യയാകെ എടുക്കുകയാണെങ്കിൽ 3844 രൂപയും, പഞ്ചാബിൽ 12,520 രൂപയും, ഹരിയാനയിൽ 10,512 രൂപയുമായിരുന്നു. വേറൊരു രീതിയിൽ പറയുകയാണെങ്കിൽ, സംസ്ഥാനത്തിന്റെ കൃഷിയിലുള്ള കൂടിയ ഉത്പാദന മൂല്യം വീടുകളിലെ ശരാശരി വരുമാനത്തിലുള്ള ഉയർച്ചായി പരിണമിക്കുന്നില്ല.

96. പ്രത്യേക കാർഷിക മേഖലകൾ (special agricultural zones) കേരളത്തിൽ തുടങ്ങുന്നതിന് ഞങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. നെല്ല്, പച്ചക്കറി, പഴം, തെങ്ങ്, പൂക്കൾ എന്നിവയ്ക്ക് പ്രത്യേക മേഖലകൾ. ഓരോ മേഖലയിലേയും പ്രത്യേക കൃഷിവിളയിൽ സുസ്ഥിര കാർഷിക പ്രവർത്തനങ്ങളിലൂടെ വിളവ് വിടവ് നികത്തുന്നതിനും, കർഷകരുടെ വരുമാനം കൂട്ടുന്നതിനും ശ്രമിക്കും. ഓരോ പ്രദേശത്തിനും വിളവ് സാധ്യത വിലയിരുത്തുന്നതിനും ഇനങ്ങൾ തെരഞ്ഞെടുക്കുന്നതിനും സവിശേഷമായ മാർഗം

3 റഫറൻസ് കാലാവധി: ജൂലൈ മുതൽ ഡിസംബർ വരെ, 2012

ആവശ്യമാണ്. കൃഷി വിജ്ഞാനം, മണ്ണ്-സസ്യ ആരോഗ്യം, കാർഷിക ഉത്പാദനത്തിനുവേണ്ട വസ്തുക്കളുടെ ചെലവ്, ഉൽപ്പന്ന വില, വിളവെടുപ്പിനു ശേഷമുള്ള വിപണന പ്രക്രിയ, സംഭരണം, വിതരണം, മൂല്യവർധനം എന്നിവ സംബന്ധിക്കുന്ന സഹായക സേവനങ്ങൾ ഒരോ മേഖലയ്ക്ക് വേണ്ടിയും ആസൂത്രണം ചെയ്യണം. ഓരോ കാർഷിക മേഖലയിലെയും ഓരോ വിളകൾക്കും മൂല്യവർധനവിനെപ്പറ്റി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

97. വർത്തമാന കാലഘട്ടത്തിൽ നമ്മുടെ കാർഷിക നയം പൊതുവായും പ്രത്യേക കൃഷി മേഖലകൾ വിശേഷിച്ചും ഈ രീതിയിൽ, ഉത്പാദനക്ഷമത, ലാഭ സാധ്യത, പരിസ്ഥിതി എന്നിവ കണക്കിലെടുക്കുന്നതായിരിക്കും. കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്നതിന് ശേഷിയുള്ള വിത്തിനങ്ങൾ വികസിപ്പിക്കാൻ സഹായിക്കും.

98. ആസൂത്രണ ബോർഡ് ഉടൻ തന്നെ ഗ്രാമീണ കേരളത്തിലെ ഉത്പാദന ശക്തികളേയും ബന്ധങ്ങളേയും കുറിച്ചുള്ള ഒരു പഠനം നടത്തുന്നതായിരിക്കും.

99. പതിമൂന്നാം പദ്ധതിയ്ക്ക് വേണ്ട തന്ത്രങ്ങൾ രൂപവത്കരിക്കുമ്പോൾ നെൽക്കൃഷിയുടെ കീഴിലുള്ള ഭൂമി കൂട്ടുന്നതിനും നെല്ലുത്പാദനം വർധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ കൊടുക്കണം. സാമ്പത്തിക-സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ് (Directorate of Economics and Statistics) കണക്കുകൾ പ്രകാരം 2015-16 ൽ 1.96 ലക്ഷം ഹെക്ടറിലാണ് കേരളത്തിൽ നെല്ല് കൃഷി ചെയ്തിരുന്നത്. സർക്കാരിന്റെ ലക്ഷ്യം പതിമൂന്നാം പദ്ധതിയുടെ അവസാനത്തോടെ നെല്ല് കൃഷിചെയ്യുന്ന ഭൂമി (gross cropped area) 3 ലക്ഷം ഹെക്ടറാക്കി ഉയർത്തണം എന്നാണ്. നെൽക്കൃഷി ഭൂമി കൂട്ടുന്നതിന് കൃഷി കൂടുതൽ വിപുലപ്പെടുത്തുകയും (കൂടുതൽ തരിശു ഭൂമി കൃഷി ഭൂമിയാക്കണം) തീവ്രത കൂട്ടുകയും വേണം (ഒരു വർഷത്തിൽ വിതക്കുന്ന തവണകൾ കൂട്ടണം). ഇതിനായി നെല്ലിനു വേണ്ടി ഏഴ് പ്രദേശങ്ങൾ പ്രത്യേക കാർഷിക മേഖലകളായി പ്രഖ്യാപിക്കും. കുട്ടനാടും ഓണാട്ടുകരയും (ആലപ്പുഴ), കോൾ (തൃശൂർ), പൊക്കാളി (എറണാകുളം), പാലക്കാട്, കൈപ്പാട് (കണ്ണൂർ), വയനാട് എന്നിവ. കർഷകർക്ക് നടീൽ വസ്തുക്കൾ, യന്ത്രവത്ക്കരണം, നെല്ലിന്റെ സംഭരണം, വിപണനം എന്നിവയ്ക്ക് വേണ്ട സഹായം ലഭ്യമാക്കും.

100. കേരളത്തിലെ പച്ചക്കറി കൃഷി കഴിഞ്ഞ ദശകത്തിലെ താരതമ്യേന വിജയകരമായിരുന്നു. നമുക്ക് ഈ വിജയത്തിനോടൊപ്പം, പച്ചക്കറി കൃഷി ചെയ്യുന്ന ഭൂമി ഇരട്ടിപ്പിക്കുന്നതിനായി പ്രവർത്തിക്കണം. സർക്കാരിന്റെ ഹരിതകേരളം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം പച്ചക്കറിയുടെ ഉത്പാദനം ഗണ്യമായി കൂട്ടുക എന്നുള്ളതാണ്. പതിമൂന്നാം പദ്ധതിയുടെ കീഴിൽ പച്ചക്കറിയ്ക്കുവേണ്ടി പ്രത്യേക കാർഷിക മേഖലകൾ ദേവികുളം (ഇടുക്കി), കഞ്ഞിക്കുഴി (ആലപ്പുഴ), പഴയന്നൂർ, ഒല്ലൂക്കര, കൊടകര (തൃശ്ശൂർ), ചിറ്റൂർ-കൊല്ലങ്കോട് (പാലക്കാട്) മാനന്തവാടി (വയനാട്) എന്നിവിടങ്ങളിൽ തുടങ്ങുന്നതിനായി ആലോചിക്കുന്നു. പച്ചക്കറി കൃഷി തന്ത്രം കേന്ദ്രീകരിച്ചിരിക്കുന്നത് ഇവയിലായിരിക്കും: ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ഉറപ്പുവരുത്തുക, ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി ഉത്പാദക കമ്പനികൾ രൂപീകരിക്കുക, നിലവിലുള്ള കർഷകരുടെ സംഘങ്ങളെ പുന:സംഘടിപ്പിക്കുക, ഓരോ പ്രദേശത്തിനും അനുയോജ്യമായ മികച്ച പച്ചക്കറി വിളകൾ കണ്ടെത്തുന്നതിനു വേണ്ടി കൂടുതൽ മണ്ണ് പരിശോധന ലാബുകൾ സ്ഥാപിക്കുക, പഴം പച്ചക്കറി പ്രൊമോഷൻ കൗൺസിൽ കേരളം (Vegetable and Fruit Promotion Council Kerala - VFPCK) ശക്തിപ്പെടുത്തുക, ഒരോ പഞ്ചായത്തിലും മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ ഒരുക്കുക. പച്ചക്കറി വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിനായി വിപുലമായ ശീതീകരണ ശൃംഖല സംവിധാനം സജ്ജീകരിക്കും. ജൈവകൃഷിയ്ക്കും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനുമുള്ള നയങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതായിരിക്കും.

101. പതിമൂന്നാം പദ്ധതിയിൽ ചെറു ധാന്യങ്ങൾ - റാഗി, ചോളം എന്നിവ – വയനാട്, പാലക്കാട് ജില്ലകളിൽ കൂടുതൽ കൃഷി ചെയ്യുന്നതിന് ശ്രമിക്കും. ആദിവാസി വിഭാഗങ്ങളുടെ കിഴങ്ങുവർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഭക്ഷ്യവിളകളുടെ കൃഷിയ്ക്ക് പ്രോത്സാഹനം നൽകും.

102. പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും മുന്തിയ പരിഗണന നൽകും.

103. കേരളത്തിന്റെ പൂക്കളുടെ കൃഷിയിലുള്ള സാധ്യത വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. പൂക്കളുടെ കൃഷിയ്ക്കായി വയനാടിനെ പ്രത്യേക കാർഷിക മേഖലയായി പതിമൂന്നാം പദ്ധതിയിൽ തെരഞ്ഞെടുത്തിരിക്കുന്നു.

104. കേരളത്തിലെ നഗരങ്ങളിലെ നൂതന കൃഷി രീതിയെ സംബന്ധിച്ച് പരിശോധ നയും പരീക്ഷണവും ബന്ധപ്പെട്ട വകുപ്പുകൾക്ക് നടത്താവുന്നതാണ്.

**മൃഗ സംരക്ഷണം**

105. മൃഗസംരക്ഷണത്തിലെ ഒരു പ്രധാനപ്പെട്ട കാര്യമാണ് പാൽ, മുട്ട, മാംസം എന്നിവ യുടെ ഉത്പ്പാദനത്തിലെ വളർച്ചാ നിരക്ക് താഴുന്നത്. പത്താം പദ്ധതിക്കും പതിനൊന്നാം പദ്ധതിക്കുമിടയിൽ കേരളത്തിലെ പാലുത്പാദനം സാരമായി മെച്ച പ്പെട്ടു, പക്ഷേ, പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ വളർച്ചയുണ്ടായില്ല. 2012-13 നും 2013-14 നും ഇടയിലും 2014-15 നും 2015-16 നും ഇടയിലും വരുന്ന പന്ത്രണ്ടാം പദ്ധതിക്കാലത്തെ രണ്ടു വർഷങ്ങളിൽ പാലുത്പാദനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് നെഗറ്റീവ് ആയിരുന്നു. മുട്ടയുത്പാദനത്തിന്റെ കാര്യത്തിൽ, പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ സ്ഥിരതയുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു വർഷത്തെ ഉത്പാ ദന നിരക്കുകൾ അസ്വസ്ഥതയുണ്ടാക്കുന്നതാണ്, മുട്ട ഉത്പാദനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2013-14 നും 2014-15 നും ഇടയിൽ 1.08 ശതമാനവും 2014-15 നും 2015-16 നും ഇടയിൽ നെഗറ്റീവ് 2.44 ശതമാനവുമായിരുന്നു. അതുപോലെ, കേരളത്തിലെ മാംസ ഉത്പാദനവും പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ പതുക്കെ യായിരുന്നു.

106. പതിമൂന്നാം പദ്ധതി പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദന ക്ഷമത വർധിപ്പിക്കുന്നതിന് ഊന്നൽ നൽകും. നമ്മുടെ ഉദ്ദേശ്യം കന്നുകാലിത്തീറ്റയുടെ ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തുക, കാലിത്തീറ്റ ഉൽപ്പാദനം വർധിപ്പി ക്കുക, വ്യാപന സേവനങ്ങൾ നവീകരിക്കുക, ഫീൽഡിലെ ഇൻഷുറൻസ് സൗകര്യ ങ്ങൾ വ്യാപിപ്പിക്കുക, പാൽ സഹകരണ സംഘങ്ങളെ നവീകരിക്കുകയും ശക്തിപ്പെ ടുത്തുകയും ചെയ്യുക, അവയെ ഏകീകൃത സോഫ്റ്റ് വെയർ ഉപയോഗിച്ച് സംസ്ഥാ നതലത്തിൽ ബന്ധപ്പെടുത്തുക എന്നിവയാണ്.

**മത്സ്യ ബന്ധനം**

107. കേരളത്തിന്റെ മത്സ്യബന്ധന രംഗത്ത് കടലിൽ നിന്നുള്ള ഉത്പ്പന്നങ്ങളാണ് ഉൾനാടൻ ജലാശയങ്ങളിൽ നിന്നുള്ള ഉത്പ്പന്നങ്ങളേക്കാൾ മുന്നിൽ നിൽക്കുന്നത്.

ഇന്ത്യ മൊത്തത്തിലെടുത്താൽ നേരെമറിച്ചുള്ളതാണ് അവസ്ഥ. കടൽ മത്സ്യ വിഭവങ്ങളുടെ ഉൽപ്പാദനത്തിൽ കേരളം ഇതിനോടകം ഉച്ചസ്ഥായിയിലെത്തി യതായി കരുതുന്നു. ഇപ്പോൾ നമ്മൾ ഉത്തരവാദിത്ത മത്സ്യബന്ധനം, ശേഖരം വർധിപ്പിക്കൽ എന്നീ സുസ്ഥിര മത്സ്യ മാനേജ്മെന്റ് നടപടികളിലേക്ക് നീങ്ങേ ണ്ടത് ആവശ്യമായിരിക്കുന്നു. പതിമൂന്നാം പദ്ധതി കാലയളവിൽ മത്സ്യബന്ധന ജനവിഭാഗങ്ങളുടെ ഉപജീവന സുരക്ഷ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകും, ശുചീകരണം, ആരോഗ്യ പരിപാലനം, കുടിവെള്ളം, വൈദ്യുതി, വായനശാലാ സൗകര്യങ്ങൾ എന്നീ മെച്ചപ്പെട്ട സൗകര്യങ്ങളും കടലിൽവെച്ചുള്ള മരണം കുറയ്ക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും ക്രമീകരിക്കണം.

108. ഉൾനാടൻ മത്സ്യബന്ധനത്തെ സംബന്ധിച്ച് പതിമൂന്നാം പദ്ധതി കൂടുതൽ വിത്തുൽപ്പാദനവും മത്സ്യ തീറ്റ മില്ലുകൾ സ്ഥാപിക്കലും ജലജീവികളുടെ ആരോഗ്യ പരിശോധനാ ലാബുകളും എന്നതിന് ഊന്നൽ നൽകും. കേരളത്തിലെ മത്സ്യ ത്തിന്റെ വാർഷിക ആവശ്യകത 7.5 ലക്ഷം മെട്രിക് ടണ്ണാണെന്നും മൊത്ത മത്സ്യപിടുത്തം 7.2 മെട്രിക് ടണ്ണാണെന്നും കണക്കാക്കുന്നു. ഏകദേശം 1.49 മെട്രിക് ടണ്ണ് കൂടിയ വിലയുള്ള മത്സ്യം വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു. അങ്ങനെ 2 ലക്ഷം മെട്രിക് ടൺ മത്സ്യത്തിന്റെ കുറവുണ്ട് - പ്രത്യേകിച്ചും മത്തിയും അയലയും. അവ ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് ഇറക്കു മതി ചെയ്യുകയാണ്. തുറന്ന ജലാശയത്തിലെ മത്സ്യകൃഷിയും ജലകൃഷിയും പ്രോത്സാഹിപ്പിക്കുക വഴി മത്സ്യ ഉത്പാദനത്തിൽ കേരളത്തെ സ്വയം പര്യാപ്തമാ ക്കുന്നതിന് പതിമൂന്നാം പദ്ധതി പ്രാധാന്യം കൊടുക്കും. ശുദ്ധജല മത്സ്യകൃഷിയിൽ ഉത്പാദനം വർധിപ്പിക്കുക, നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുക, പുതിയ ഇനം മത്സ്യങ്ങളെ പ്രത്യേകിച്ചും ജനിതക മാറ്റത്തിലൂടെ വികസിപ്പിച്ച ഇനങ്ങളെയും പ്രദേശികമായി താൽപ്പര്യമുള്ള മത്സ്യങ്ങളെയും അവതരിപ്പിക്കുക എന്നതിനാ യിരിക്കും ഊന്നൽ. കേരളത്തിൽ അണക്കെട്ടുകളിലെ മത്സ്യകൃഷിക്ക് വലിയ സാധ്യതകളാണുള്ളത്. ഉപ്പുരസം കലർന്ന ജലാശയ മത്സ്യകൃഷിയിൽ പ്രത്യേക പ്രാധാന്യം സുസ്ഥിര മത്സ്യ ബന്ധന പ്രയോഗങ്ങൾക്കായിരിക്കും.

109. പതിമൂന്നാം പദ്ധതിയിൽ നെല്ലിന്റെ പ്രത്യേക കാർഷിക മേഖലകൾ സ്ഥാപിക്കുന്ന തിന്റെ പ്രധാന ഉദ്ദേശ്യം നെല്ല്-മത്സ്യകൃഷി പ്രോത്സാഹിപ്പിക്കലുമാണ്.

## 3.2 വ്യവസായം

110. വ്യവസായം മൂല്യവും വരുമാനവും ഉണ്ടാക്കുന്നു. അത് നൂതനവും നൈപുണ്യവുമുള്ള തൊഴിലുകളെയും ഉണ്ടാക്കുന്നു. അതിന് കഠിനവും വിരസവുമായ ജോലികളിൽനിന്ന് മോചിപ്പിക്കുന്നതിനുള്ള ശേഷിയുണ്ട്. പരമ്പരാഗതമോ, വിദേശ നിക്ഷേപമുള്ളതോ ആവട്ടെ, ഉയർന്ന സാങ്കേതികവിദ്യയുള്ള വ്യവസായങ്ങളാണ് ഇനിയുള്ള ഭാവി. സ്വകാര്യ, സഹകരണ, പൊതുമേഖല സ്ഥാപനങ്ങളിലെ വ്യാവസായിക ഉത്പാദനം വിവിധ നിക്ഷേപ സ്രോതസ്സുകൾ വഴി നടത്തേണ്ടതായുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.

111. കേരള സമ്പദ്ഘടനയുടെ ശ്രദ്ധേയമായ പ്രത്യേകതയാണ് താരതമ്യേന വലുപ്പം കുറഞ്ഞ നിർമ്മാണ വ്യവസായ മേഖല. 2011 -12 ൽ കേരളത്തിൽ മൊത്തം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദ നത്തിൽ നിർമ്മാണ വ്യവസായ മേഖലയുടെ സംഭാവന 7.5 ശതമാനം മാത്രമാണ്. ഇത് ഇന്ത്യയുടെയും (15.8 ശതമാനം 2011 -12 ൽ) ചൈനയുടെയും (31 ശതമാനം 2012 ൽ) നിർമ്മാണ വ്യവസായ മേഖലയ്ക്ക് അതത് രാജ്യങ്ങളിലെ മൊത്തം ആഭ്യന്തര ഉത്പാദന (GDP) ത്തിലേക്കുള്ള സംഭാവനകളേക്കാളും കുറവാണ്.

112. കേരളത്തിലെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 7.5 ശതമാനമേ നിർമ്മാണ വ്യവസായ മേഖല സംഭാവന ചെയ്യുന്നുള്ളുവെങ്കിലും 2011 - 12 ൽ സംസ്ഥാനത്തിന്റെ മൊത്തം തൊഴിൽസേനയുടെ ഏകദേശം 14 ശതമാനം തൊഴിലും നൽകുന്നത് ഈ മേഖലയാണ്. ഇന്ത്യയുമായി ഇത് താരതമ്യപ്പെടുത്തുമ്പോൾ കാണുന്നത്, ജിഡിപിയിൽ 16 ശതമാനം വിഹിതമുള്ള നിർമ്മാണ വ്യവസായ മേഖല മൊത്തം രാജ്യത്തിന്റെ തൊഴിൽ സേനയുടെ 13 ശതമാനമാണ് ഉൾക്കൊള്ളുന്നത്. ഇത് കേരളത്തിന്റെ നിർമ്മാണ വ്യവസായ മേഖലയുടെ ഘടനയിലെ ചെറിയതോതിലുള്ള അസന്തുലിതാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്.

113. കേരളത്തിലെ (2011-12 ൽ) 18 ലക്ഷം വരുന്ന നിർമ്മാണ വ്യവസായ മേഖലയിലെ തൊഴിൽ സേനയുടെ 3.8 ലക്ഷം (2012-13 ൽ) തൊഴിലാളികൾ മാത്രമേ ഫാക്ടറി മേഖലയിൽ നിയമിക്കപ്പെട്ടിട്ടുള്ളു. മറ്റു തൊഴിലാളികളെല്ലാം അസംഘടിത മേഖലകളിലോ രജിസ്റ്റർ ചെയ്യപ്പെടാത്ത മേഖലകളിലോ ആണ് വ്യാപൃതരായിരിക്കുന്ന

ത്.[4] കയർ, കശുവണ്ടി സംസ്കരണം, എന്നീ പരമ്പരാഗത മേഖലകളിൽ യഥാക്രമം 3.8 ലക്ഷവും 2.5 ലക്ഷവും തൊഴിലാളികൾ[5] ജോലി ചെയ്യുന്നുണ്ട്. ഇതിൽ ഭൂരിഭാഗം തൊഴിലാളികളും സ്ത്രീകളാണ്. ഫാക്ടറി മേഖലയിൽ തന്നെ, ഭൂരിഭാഗവും കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളാണ്. കേരളത്തിന്റെ ഫാക്ടറി മേഖലയിലെ തൊഴിലാളികളുടെ ശരാശരി കൂലി ഇന്ത്യയുടേതിനെ (2011-12 ൽ) അപേക്ഷിച്ച് 30 ശതമാനം കുറവായിരിക്കുന്നതിന് ഇത് ഒരു കാരണമാണ്.

114. രജിസ്റ്റർ ചെയ്തിട്ടുള്ള നിർമ്മാണ വ്യവസായ മേഖല (ഫാക്ടറി മേഖലയോട് ഏതാണ്ട് തുല്യമാണ് ഇത്) 3.5 ശതമാനം മാത്രമാണ് 2011-12 ലെ ജിഡിപിയി ലേക്കു സംഭാവന ചെയ്തിട്ടുള്ളത്. ഇന്ത്യയുടെ ജിഡിപി യിലേക്കുള്ള ഈ മേഖലയുടെ പങ്കിനെക്കാൾ (11.2 ശതമാനം) വളരെ കുറവാണ് കേരളത്തിന്റേത്. കേരളത്തിലെ രജിസ്റ്റേർഡ് നിർമ്മാണ വ്യവസായ മേഖല രജിസ്റ്റർ ചെയ്യാത്ത നിർമ്മാണ വ്യവസായ മേഖലയെക്കാളും ചെറുതാണ് എന്നതും ശ്രദ്ധേയമാണ്. കേരളത്തിലെ വ്യവസായ മേഖലകളിൽ ജോലിചെയ്യുന്നവരിൽ ഭൂരിഭാഗവും കശുവണ്ടി സംസ്കര ണ വ്യവസായ മേഖലയിൽ ജോലിചെയ്യുന്നവരാണ്.

115. ഇന്ത്യയിലെ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ പ്രത്യേകത പ്രകാരം സംസ്ഥാന സർക്കാരുകൾക്ക് വ്യവസായ മേഖലയിൽ ഇടപെടുന്നതിന് പരിമിതമായ സ്വാത ന്ത്ര്യമേ നിലവിലുള്ളൂ. സംസ്ഥാന സർക്കാരുകൾക്ക് വ്യവസായ സംരംഭങ്ങൾക്കുള്ള തടസ്സങ്ങൾ ഇല്ലാതാക്കിക്കൊടുക്കുന്നതിനുള്ള നിർവഹണപരമായ സ്വയംഭരണാ ധികാരം ഉണ്ടെങ്കിലും ധനപരമായ സ്വയം ഭരണാധികാരം വളരെകുറവാണ്. സംസ്ഥാന സർക്കാരുകൾക്കുള്ള സാമ്പത്തിക സഹായത്തിൽ വർഷങ്ങളായി കാര്യമായ ഉയർച്ച ഉണ്ടായിട്ടില്ല.

116. 1990 കൾ മുതൽ ഇന്ത്യയിലെ പൊതു നിക്ഷേപത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. തത്ഫലമായി വ്യവസായികൾക്ക് നികുതി ഇളവുകളും മറ്റ് ആനുകൂല്യങ്ങളും നൽകി ക്കൊണ്ട് സ്വദേശിയും വിദേശിയുമായ സ്ഥാപനങ്ങളിൽനിന്ന് നിക്ഷേപങ്ങളെ

---

4 പത്തിൽ കൂടുതൽ തൊഴിലാളികളടക്കം വൈദ്യുതിയുടെ സഹായത്തോടെ പ്രവർത്തിക്കുന്നതോ അതു പോലെ വൈദ്യുതിയുടെ സഹായമില്ലാതെ ഇരുപതിൽ കൂടുതൽ തൊഴിലാളികളെ നിയമിച്ചിട്ടുള്ള തുമായ ഫാക്ടറികളെയോ ആണ് പൊതുവെ രജിസ്റ്റേർഡ് അഥവാ ഫാക്ടറി മേഖലയായി കണക്കാ ക്കിയിട്ടുള്ളത്.

5 സ്രോതസ്സ് – കേരള സർക്കാർ, സാമ്പത്തിക റിവ്യൂ, 2015.

ആകർഷിക്കാൻ ഇന്ത്യയിലെ സംസ്ഥാനങ്ങൾ പരസ്പരം മത്സരിക്കുകയാണ്. ഇവിടെ വിശദീകരിച്ച രാഷ്ട്രീയ-സാമ്പത്തിക സാഹചര്യങ്ങൾ കേരളത്തിലെ വ്യാവസായിക വളർച്ചയെ തടസ്സപ്പെടുത്തുന്നു.

117. 2013-14 ൽ കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള മൊത്തം പൊതു നിക്ഷേപത്തിന്റെ 1.9 ശതമാനം മാത്രമണ് കേരളത്തിന്റെ വിഹിതം[6]. താരതമ്യേന കുറഞ്ഞ നിക്ഷേപമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെങ്കിലും 2014-15 ൽ കേരളത്തിൽ 96 സംസ്ഥാനതല പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഇതിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 62 പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും തുല്യ ഉടമസ്ഥതയിലുള്ള 8 സ്ഥാപനങ്ങളും ഉൾപ്പെടുന്നു.[7]

118. കേരളത്തിൽ ചെറുകിട വ്യവസായങ്ങളുടെ സാന്നിധ്യം താരതമ്യേന കൂടുതലാണ്, പ്രത്യേകിച്ചും ഗ്രാമീണ കേരളത്തിൽ. മൊത്തം രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലെ കാർഷികേതര വ്യവസായ സ്ഥാപനങ്ങളിൽ 8.6 ശതമാനവും കേരളത്തിലെ ഗ്രാമങ്ങളിലാണ്. ഇന്ത്യയുടെ ജനസംഖ്യയുടെ 2.8 ശതമാനം (2011) മാത്രമാണ് കേരളത്തിലുള്ളത്.[8]

## ഭാവി വ്യവസായ വളർച്ചയ്ക്കുള്ള നയങ്ങൾ

119. വിസ്തൃതമായ ഭൂപ്രദേശം, ആവശ്യമായ വ്യവസായങ്ങൾ, പരിസ്ഥിതി നശീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ, കൂലികുറഞ്ഞതും വൈദഗ്ധ്യമില്ലാത്തതുമായ തൊഴിലാളികളുള്ള വ്യവസായങ്ങൾ ഇതൊന്നുമായിരിക്കില്ല കേരളം ആഗ്രഹിക്കുന്ന വ്യവസായിക ബദൽ മാർഗ്ഗങ്ങൾ എന്ന് പൊതുവെ അംഗീകരിച്ചിട്ടുണ്ട്. കേരളം

6 സ്രോതസ്സ് ഇക്കണോമിക് റിവ്യൂ, കേരളം 2015.

7 സ്രോതസ്സ് എ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള 2014-15, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്, കേരള സർക്കാർ.

8 സൂചിപ്പിക്കപ്പെട്ട വർഷത്തിൽ ഇത്തരം സ്ഥാപനങ്ങളിൽ സ്ഥിരം കൂലിയുടെ അടിസ്ഥാനത്തിൽ ഒരു തൊഴിലാളിയെങ്കിലും തങ്ങളുടെ സ്ഥാപനത്തിൽ സ്രോതസ്സ്: കീ റിസൽട്ട്സ് ദി സർവ്വെ ഓൺ അൺഇൻകോർപ്പറേറ്റഡ് നോൺ അഗ്രികൾച്ചറൽ എന്റർപ്രൈസസ് (എക്സ്ക്ലൂഡിംഗ് കൺസ്ട്രക്ഷൻ)ഇൻ ഇന്ത്യ, എൻഎസ്എസ്ഒ റൗണ്ട് 67, ജൂലൈ 2010 – ജൂലൈ 2011, നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ, മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇന്ത്യാ സർക്കാർ.

ലക്ഷ്യം വെയ്ക്കുന്നത് നൂതനമായ വ്യാവസായിക മേഖല പടുത്തുയർത്തണമെന്നാണ്. അതാണെങ്കിൽ സംസ്ഥാനത്തിന്റെ സവിശേഷമായ ഗുണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാകണം. ഉയർന്ന സാങ്കേതികവിദ്യകളായ ബയോ ടെക്നോളജിയും നാനോ ടെക്നോളജിയും പ്രയോജനപ്പെടുത്തിയുള്ള ഒരോ വ്യവസായശാലയും താരതമ്യേന ചെറുതും (വിശിഷ്യ ഭൂമിയുടെയും മൂലധനത്തിന്റെയും ആവശ്യകതക്കനുസരിച്ച്) കാര്യക്ഷമതയുള്ളതും (ഉത്പാദനത്തിലെ വഴക്കവും കമ്പോളത്തിന്റെ അവസ്ഥകളോട് ഇണങ്ങാനുമുള്ള ശേഷി മുൻനിർത്തി) ആയിരിക്കണം.

120. ശക്തമായ വ്യാവസായിക അടിത്തറ കേരളത്തിൽ ഉണ്ടാകുന്നതിനുള്ള നയങ്ങളിൽ പ്രധാനമായും രണ്ട് ഘടകങ്ങളാണുള്ളത്. ആദ്യത്തേത്, കേരളത്തിന്റെ കൃഷിയും പ്രകൃതി വിഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന വ്യവസായങ്ങളാണ് (ഇപ്പോഴുള്ളതും ഭാവിയിൽ വരാനിരിക്കുന്നതും). നെല്ല്, നാളീകേരം, റബ്ബർ, കുരുമുളക്, ഏലക്കായ്, ഏത്തക്ക, പൈനാപ്പിൾ തുടങ്ങിയ വിവിധ തരം കാർഷിക ഉത്പന്നങ്ങളാണ് കേരളം ഉത്പാദിപ്പിക്കുന്നത്. സംസ്ഥാനത്തിന് ഗണ്യമായ മത്സ്യ-വന വിഭവശേഖരമുണ്ട്. കേരളത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടാണ് പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി സംസ്കരണം വളർന്നിട്ടുള്ളത്.

## പരമ്പരാഗത വ്യവസായങ്ങൾ, ഭക്ഷ്യോത്പ്പാദന വ്യവസായങ്ങൾ, കൃഷി സംബന്ധിയായ വ്യവസായങ്ങൾ

121. പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ഒരു ദ്വിമുഖ ഇടപെടലാണ് ഞങ്ങൾ നിർദ്ദേശിക്കുന്നത്. ഒന്ന്, വ്യവസായങ്ങളുടെ ആധുനികവൽക്കരണത്തിന് നിക്ഷേപം നടത്തുകയും ഉത്പന്നങ്ങളുടെ വൈവിധ്യവൽക്കരണവുമാണ്. രണ്ട്, പരമ്പരാഗതരീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് സർക്കാർ മാന്യമായ കൂലി, തൊഴിൽ, വരുമാനം എന്നിവ ഉറപ്പുനൽകണം.

122. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി എന്നിവയെ ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടികൾ കേരളം സ്വീകരിക്കണം. സംസ്ഥാനത്തെ മൊത്തം തൊഴിൽസേനയുടെ ഗണ്യമായ പങ്കം ഇത്തരം വ്യവസായങ്ങളിൽ വ്യാപൃതരാകുന്നത് തുടരും. പരമ്പരാഗത വ്യവസായങ്ങളുടെ

ആധുനികവത്ക്കരണത്തിൽ ഉൾപ്പെടുന്നത് ഉത്പാദന പ്രക്രിയയുടെ യന്ത്രവത്ക്കരണമാണ്. ആധുനികവത്ക്കരണത്തിനോടൊപ്പവും കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ വൈവിധ്യമേറിയ പുതിയ ഉത്പന്നങ്ങൾ (കയർ മേഖലയിലെ വസ്ത്ര ഉത്പന്നങ്ങൾ പോലെ) ഉണ്ടാക്കുന്നതിൽ മത്സരിക്കുകയും ഫലപ്രദമായ കച്ചവട, വിതരണ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും വേണം. ആധുനികവത്ക്കരണം തൊഴിലാളികളെ പിരിച്ചുവിടാതെ (അങ്ങനെ സംഭവിക്കുന്നുണ്ടെങ്കിലും) വ്യവസായത്തിന്റെ മൊത്തത്തിലുള്ള വിപുലീകരണത്തിനും ഓരോ തൊഴിലാളികളുടെയും മൂല്യവർധിത ഉത്പാദനത്തിലേക്കും (value addition per worker) നയിക്കണം.

123. കേരളം കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള ഉൽപ്പന്നങ്ങളുടെ വ്യവസായങ്ങളെ സംസ്ഥാനത്തിനകത്ത് പ്രോത്സാഹിപ്പിച്ചേ മതിയാവൂ. പച്ചക്കറികൾ, പഴ വർഗ്ഗങ്ങൾ, മത്സ്യം, ഇറച്ചി എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉത്പാദനം എന്നിവയ്ക്കുള്ള സാധ്യതകൾ സംസ്ഥാനത്തിനകത്തുണ്ട്. നാളീകേരം, ചക്ക, ഏത്തക്ക, പൈനാപ്പിൾ, മരച്ചീനി തുടങ്ങിയവയുടെ സംസ്കരണത്തിനുള്ള ശേഷി ഇവിടെയുണ്ട്. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ മരം-മുള അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ വികസിപ്പിക്കാൻ സാധിക്കും.

124. കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള ഉത്പന്നങ്ങളുടെ താരതമ്യേന വലിയൊരു കമ്പോളം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. ഗ്രാമീണ കേരളത്തിന്റെ ശരാശരി പ്രതിശീർഷ ഉപഭോഗ ധന വിനിയോഗം ഗ്രാമീണ ഇന്ത്യയുടെ ധനവിനിയോഗത്തിനേക്കാൾ ഏകദേശം ഇരട്ടിയാണ് (2011-12ലെ നാഷണൽ സാമ്പിൾ സർവ്വെ കണക്കു പ്രകാരം). ഇതുവരെ വലിയൊരളവിൽ കേരളത്തിലെ ഉപഭോഗവസ്തുക്കളുടെ ചോദനം മറ്റു പലയിടത്തുനിന്നുമുള്ള ഇറക്കുമതിയിലൂടെയാണ് തൃപ്തിപ്പെടുത്തിപ്പോന്നിട്ടുള്ളത്. കേരളത്തിലെ വ്യവസായങ്ങൾ, പ്രത്യേകിച്ച് ഭക്ഷ്യ-കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾക്ക്, കേരളത്തിലെ ഈ കമ്പോളത്തെ മുതലെടുക്കാൻ കഴിയും.

125. കേരളത്തിലെ പരമ്പരാഗത ഭക്ഷ്യ-കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായ ഉത്പന്നങ്ങൾക്ക് കയറ്റുമതി കമ്പോളത്തിൽ ആവശ്യക്കാരെ കണ്ടുപിടിക്കണം; പ്രത്യേകിച്ചും വലിയ പ്രവാസി സമൂഹത്തിൽ. ഇത്തരം വ്യവസായങ്ങളുടെയും വിനോദസഞ്ചാരത്തിന്റെയും വളർച്ച തോളോടുതോൾ ചേർന്നാകണം. തന്മൂലം,

സംസ്ഥാനത്തെ ഈ മേഖലകളെ ലോകവ്യാപകമായി അംഗീകരിക്കുന്ന സ്ഥാന ത്തേക്ക് എത്തിക്കാൻ സാധിക്കും. തായ് ലാന്റ്, മലേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് കൃഷിയും കൃഷി അടിസ്ഥാന വ്യവസായങ്ങളും വിനോദ സഞ്ചാരവും ഒരുമിച്ചുണ്ടാക്കിയ വിജയകരമായ പാഠങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

126. സാമ്പത്തിക വിഭവ കൈവശാവകാശത്തിന് അധികാരം ലഭിക്കപ്പെട്ടിട്ടുള്ള തദ്ദേശ സർക്കാരുകൾ ഗ്രാമീണ വ്യവസായവത്ക്കരണത്തിന് കേരളത്തിൽ അടിത്തറ നൽകണം. ആധുനിക സാങ്കേതികവിദ്യകളായ ഐടി, ബയോ ടെക്നോളജി, നാനോ ടെക്നോളജി എന്നിവയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ, തദ്ദേശ ജനതയുടെ സജീവമായ സംരംഭത്തോടെയും പങ്കാളിത്തത്തോടെയും പഞ്ചായത്തു കൾക്ക് കാർഷിക ഉത്പന്ന സംസ്കരണവും വിനോദസഞ്ചാരവും ഒരുമിച്ച് കൊണ്ടുപോകുന്ന പ്രവർത്തനങ്ങൾ നിർവഹിക്കാൻ കഴിയണം.

**പൊതുമേഖലാ സ്ഥാപനങ്ങളും ഉയർന്ന സാങ്കേതികവിദ്യാ സംരംഭങ്ങളും**

127. കേരളത്തിലെ വ്യവസായ വികസനത്തിന്റെ മറ്റൊരു ഘടകം എന്നുപറയുന്നത് (1) കെമിക്കൽ, ഇലക്ട്രോണിക്, എൻജിനീയറിംഗ് വ്യവസായങ്ങളെ പ്രോത്സാഹി പ്പിക്കൽ (2)ബയോ ടെക്നോളജി, നാനോ ടെക്നോളജി, ജീവശാസ്ത്രം തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ ആണ്. സംസ്ഥാനത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം ഈ നയങ്ങളുമായി ബന്ധപ്പെട്ട് വളരെ നിർണ്ണായകമാണ്. കേരളത്തിലെ വളർന്നുവരുന്ന ആധുനിക വ്യവസായങ്ങൾക്ക് സംസ്ഥാനത്തിന്റെ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽനിന്ന് ഒരുപാട് നേട്ടമു ണ്ടാക്കാനും സംഭാവനചെയ്യാനും സാധിക്കും.

128. കേരളത്തിന് പ്രധാനമായും കെമിക്കൽസ്, എൻജിനീയറിംഗ്, ഇലക്ട്രോണിക് ഉൾപ്പെടെ വൈവിധ്യമേറിയ മേഖലകളിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും ഉടമസ്ഥതയിലുള്ള കുറെ പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (TCC) കെൽട്രോൺ പോലുള്ള ചില പൊതു മേഖലാ സ്ഥാപനങ്ങൾ അവരവരുടേതായ ഉത്പാദന (കാസ്റ്റിക് സോഡ, ഇല

ക്ട്രോണിക്സ് യഥാക്രമം) മേഖലകളിൽ രാജ്യത്തിലെ മുൻഗാമികളാണ്. എന്നിരുന്നാലും, അടുത്തകാലത്തായി കേരളത്തിലെ കുറെയധികം പൊതുമേഖലാ സ്ഥാപനങ്ങൾ മോശം പ്രകടനമാണ് കാഴ്ചവെയ്ക്കുന്നത്.

129. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് അത്തരം സ്ഥാപനങ്ങൾ അവരുടെ ഉത്പാദനശേഷിയെയും സാങ്കേതികവിദ്യയെയും കുറിച്ച് പുനർവിചിന്തനം നടത്തേണ്ടത് ആവശ്യമാണ്. ധാതുരസായന ഉത്പന്നങ്ങളുടെ ഉത്പാദനത്തിൽ വ്യാപൃതമായിരിക്കുന്ന ചില വ്യവസായശാലകൾ അവരുടെ ഉത്പാദനം പ്രത്യേകിച്ച് കെമിക്കൽസിലേക്കും ബയോ കെമിക്കൽസിലേക്കും വൈവിധ്യവത്ക്കരണം നടത്തേണ്ടതുണ്ട്. കെൽട്രോൺ പോലെയുള്ള സ്ഥാപനത്തിന് വ്യവസായത്തിലും പവർ ഇലക്ട്രോണിക്സിലും അവരുടേതായ നിലയ്ക്ക് ചില പ്രത്യേക മേഖലകൾ കണ്ടുപിടിക്കേണ്ടതുണ്ട്.

130. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാൻ പാടില്ല. സ്വകാര്യമേഖലയിലെ ഉയർന്ന സാങ്കേതികവിദ്യയുള്ള വ്യവസായങ്ങളെ സഹായിക്കുന്ന തരത്തിലുള്ള ചുമതലകൾ ഏറ്റെടുക്കാൻ കഴിയുന്ന രീതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റിയെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ബന്ധത്തിന്റെ തീവ്രത വർധിപ്പിക്കേണ്ടതുണ്ട്. അതിനായി, കേരളത്തിൽ നിന്നുതന്നെ അസംസ്കൃതവസ്തുക്കൾ ശേഖരിക്കുകയും താഴെതട്ടിൽ വ്യവസായങ്ങൾ രൂപീകരിക്കുന്നതിന് സഹായിക്കുകയും വേണം.

131. കേരളം ആധുനിക മുന്നേറ്റങ്ങളായ ബയോ ടെക്നോളജി, ബയോ മെഡിക്കൽ സയൻസ്, ബയോ എൻജിനീയറിംഗ് എന്നിവ ഉപയോഗിച്ചുകൊണ്ട് കാർഷിക-പ്രകൃതി വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തി പുതിയ മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിന് ശ്രമിക്കേണ്ടതാണ്.[9] വ്യാവസായിക ആവശ്യങ്ങൾക്കോ മറ്റു ആവശ്യങ്ങൾക്കോ വേണ്ടി ജീവശാസ്ത്രപരമായ പ്രക്രിയയുടെ ഉപയോഗരീതിയായ ബയോ ടെക്നോളജിക്ക് കൃഷി, വൈദ്യശാസ്ത്രം, വ്യവസായം, പരിസ്ഥിതി എന്നിവ

9 ബയോ കെമിക്കൽ എൻജിനീയറിംഗ് ജീവനുള്ള വസ്തുക്കളോ, സൂക്ഷ്മാണുക്കളോ ഉൾക്കൊള്ളുന്ന രസതന്ത്ര പ്രക്രിയയെയാണ് കൈകാര്യം ചെയ്യുന്നത്.

യിൽ വ്യാപകമായ ഉപയുക്തതയുണ്ട്.[10]

132. ബഹുരാഷ്ട്ര കമ്പനികൾക്കാണ് ബയോടെക്നോളജിയുടെ ഗവേഷണ വികസനത്തിലും അതിന്റെ ഉപയോഗത്തിലും മേധാവിത്വമുള്ളത്. ഇതിന് ഒരു മാറ്റമുണ്ടാകണം. ചൈനയും ക്യൂബയും ഇപ്പോൾ തന്നെ വലിയ തുകകൾ ഖജനാവിൽ നിന്ന് ബയോടെക്നോളജിയ്ക്കും ജീവവൈദ്യശാസ്ത്രത്തിനുമായി വിനിയോഗിക്കുന്നുണ്ട്. ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ, ബയോടെക്നോളജിയുടെ വികസനത്തിനും ഉപയോഗത്തിനുമായി ഗവേഷണ സ്ഥാപനങ്ങൾ രൂപീകരിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

133. കേരളത്തിലെ ആധുനിക വ്യവസായങ്ങൾ സംസ്ഥാനത്തിന്റെ പിൻബലത്തോടെ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മൂലധന സമ്പുഷ്ടമാക്കണം. ഉദാഹരണത്തിന്, ഔഷധനിർമ്മാണത്തിലും ചികിത്സ ഉപകരണങ്ങളുടെ നിർമ്മാണത്തിലും കേരളത്തിൽ കാര്യമായ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള വ്യവസായങ്ങൾക്ക് അനേകം വരുന്ന ആശുപത്രികൾ, ഭിഷഗ്വരർ, ശുശ്രൂഷകർ, പിന്നെ സംസ്ഥാനത്ത് ആവശ്യമേറെയുള്ള ആരോഗ്യ സംബന്ധിയായ ഉത്പന്നങ്ങൾ എന്നിവയിൽ നിന്ന് നേട്ടമുണ്ടാക്കാനാകും.

134. കപ്പൽ-തുറമുഖ മേഖലകളുമായി ബന്ധപ്പെട്ട് വ്യവസായ വികസനത്തിന് കേരളത്തിൽ ധാരാളം സാധ്യതയുണ്ട്. നീണ്ടുകിടക്കുന്ന തീരപ്രദേശത്തിന്റെയും സമ്പുഷ്ടമായ കടൽ വിഭവങ്ങളുടെയും സാമ്പത്തിക സാധ്യത ഉപയോഗപ്പെടുത്തിയാൽ കേരളത്തിന് വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും.

**സംരംഭകത്വങ്ങളെ പ്രോത്സാഹിപ്പിക്കൽ**

135. സർക്കാർ സംസ്ഥാനത്ത് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വഴികൾ തേടേണ്ടതുണ്ട്. കുറഞ്ഞത് മൂന്നു തരത്തിലുള്ള വിഭാഗം ജനങ്ങൾക്ക് സംസ്ഥാന

---

10 ധാരാളം വിദഗ്ധർ വിശ്വസിക്കുന്നത് ഔഷധനിർമ്മാണ കണ്ടുപിടുത്തങ്ങൾ ആസ്പദമാക്കിയിരിക്കുന്ന അടിസ്ഥാന ശാസ്ത്രീയ തത്ത്വങ്ങൾ അടുത്തകാലത്ത് ശുദ്ധ രസതന്ത്രത്തിൽനിന്ന് സൂക്ഷ്മാണു ജീവശാസ്ത്രത്തിലേക്ക് വഴിമാറിയിട്ടുണ്ടെന്നാണ്. കുക്ക്, ഫിലിപ്പ് (2005) റാഷണൽ സേഗ് ഡിസൈൻ, ദി നോളജ് വാല്യൂ ചെയിൻ ആന്റ് ബയോ സയൻസ് മെഗാ സെൻറേഴ്സ്, കേംബ്രിഡ്ജ് ജേർണൽ ഓഫ് ഇക്കണോമിക്സ്, 29(3)-325-41.

ത്തിന്റെ വ്യാവസായിക വളർച്ചയിലേക്ക് കാര്യമായ സംഭാവന നൽകാനുള്ള ശേഷിയുണ്ട്. ആദ്യത്തേത്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയുടെ നേതൃത്വപാടവത്തോടെ ജോലിയെടുക്കുന്ന വലിയൊരു കൂട്ടം യന്ത്ര എഞ്ചിനീയർമാരും ഉദ്യോഗസ്ഥരുമാണ്. സർക്കാർ അത്തരത്തിലുള്ള കുറച്ച് ആളുകളെ കേരളത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനത്തിനകത്ത് സംരംഭങ്ങൾ തുടങ്ങേണ്ടതുമുണ്ട്. ഇതിലെ കുറച്ച് വിദേശ മലയാളികൾക്ക് സാങ്കേതിക വൈദഗ്ധ്യം, സാമ്പത്തിക സഹായം തുടങ്ങിയവ നൽകിക്കൊണ്ട് സംസ്ഥാനത്ത് പുതിയതായി തുടങ്ങുന്ന സംരംഭങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നവരായി പ്രവർത്തിക്കാൻ സാധിക്കുകയും വേണം.

136. സ്ത്രീകളുടെ സ്വയം സഹായസംഘങ്ങൾ, പ്രത്യേകിച്ചും കുടുംബശ്രീയ്ക്ക്, കേരളത്തിന്റെ വ്യാവസായിക വത്ക്കരണത്തിൽ പ്രധാന പങ്ക് വഹിക്കാനാകും. കുറെ കുടുംബശ്രീ സംഘങ്ങൾ ഇപ്പോൾതന്നെ ഭക്ഷ്യ സംസ്കരണ പ്രവർത്തനത്തിൽ വ്യാപൃതരാണ്. പക്ഷേ കൂടുതലും മൂല്യശൃംഖലയുടെ താഴെ തട്ടിലാണ് നിൽക്കുന്നത്. അവർ ഉയർന്ന മൂല്യമുണ്ടാക്കുന്ന വ്യവസായങ്ങളിൽ അവരുടെ സാന്നിധ്യം നിലനിർത്തുന്നതിന് ശ്രമിക്കേണ്ടതുണ്ട്. നഗര സേവനങ്ങളിലെ തൊഴിലിന് ഊന്നൽ നൽകുന്ന ഒരു കൂട്ടം കമ്പനികൾ സ്ഥാപിക്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു.

137. സംരംഭകത്വവുമായി ബന്ധപ്പെട്ട് മികച്ച സാധ്യതയുള്ളവർ, മൂന്നാം ഗ്രൂപ്പ്, വിദ്യാർത്ഥികളാണ്, പ്രത്യേകിച്ചും സംസ്ഥാനത്താകെയുള്ള സാങ്കേതികവിദ്യാ സ്ഥാപനങ്ങളിൽ പ്രവേശിച്ചിട്ടുള്ളവർ.

## 3.3 ശാസ്ത്ര, സാങ്കേതികവിദ്യ

138. കേന്ദ്രസർക്കാരിന്റെ ശാസ്ത്ര, സാങ്കേതികവിദ്യാ മേഖലയിലെ മൊത്തം നിക്ഷേപം സംസ്ഥാന സർക്കാരുകളുടെ ചെലവഴിക്കലിനേക്കാൾ കുറവാണ്. 2000 ന്റെ ആദ്യദശകത്തിൽ സംസ്ഥാന സർക്കാരുകളുടെ മൊത്തം ചെലവഴിക്കൽ ദേശീയ ചെലവഴിക്കലിനെ അപേക്ഷിച്ച് ഏകദേശം 18 ശതമാനത്തിൽ നിന്നും 16 ശതമാനത്തിലേക്കു താഴ്ന്നു. എന്നിരുന്നാലും, സാങ്കേതിക വിദ്യയിൽ ഗവേഷണത്തിനും കണ്ടുപിടുത്തങ്ങൾക്കുമായി പരിപാടികൾ രൂപകൽപ്പന ചെയ്യുന്നതിന് സംസ്ഥാനതല ചെലവഴിക്കൽ അനിവാര്യമാണ്. അവ സംസ്ഥാനത്തിന്റെ സാധ്യതയ്ക്കും

ആവശ്യങ്ങൾക്കും അനുസരിച്ച് പരുവപ്പെടുത്തിയിട്ടുള്ളതാകണം. നിക്ഷേപം ആകർഷിക്കുന്നതിനും, പ്രാദേശിക വിഭവങ്ങൾ വികസിപ്പിക്കുന്നതിനും കണ്ടുപിടുത്തങ്ങൾക്ക് സൗകര്യമൊരുക്കുന്നതിനും ശാസ്ത്ര, സാങ്കേതിക രംഗത്തെ സംസ്ഥാന തല നിക്ഷേപം സംസ്ഥാന സർക്കാരിന്റെ ശേഷി മെച്ചപ്പെടുത്തും.

139. വ്യത്യസ്ത പദ്ധതികളിലായി ശാസ്ത്രം, സാങ്കേതികവിദ്യ, പരിസ്ഥിതി എന്നീ ഹെഡുകളിൽ കേരളത്തിന്റെ പദ്ധതി ചെലവഴിക്കൽ മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെക്കുറവാണ്. സംസ്ഥാനത്ത് സ്ഥാപനങ്ങളുടെ ഒരു ശൃംഖല വികസിപ്പിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലൂടെ ശാസ്ത്ര, സാങ്കേതികവിദ്യാ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനും ഏകോപിക്കുന്നതിനും പുറമെ, ശാസ്ത്ര പ്രചരണം ഉൾപ്പെടെ ഒരു കൂട്ടം വ്യത്യസ്ത പ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്യുന്ന ഒരു അപ്പെക്സ് ഏജൻസി കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി കൌൺസിൽ (Kerala State Council for Science, Technology & Environment) സ്ഥാപിച്ചു. ഈ പ്രവർത്തനങ്ങളുടെ സാധ്യത സംസ്ഥാനത്തെ ശാസ്ത്ര, സാങ്കേതികവിദ്യാ വികസനത്തിന്റെ മൊത്തത്തിലുള്ള സമീപനത്തിൽ നിന്നും വ്യക്തമാണ്. ഗവേഷക സ്ഥാപനങ്ങൾ, സർവ്വകലാശാല കേന്ദ്രങ്ങൾ, ഗവേഷണ കേന്ദ്രങ്ങളായി അംഗീകരിച്ചിട്ടുള്ള കോളേജ് വകുപ്പുകൾ എന്നിവ നടത്തുന്ന ശാസ്ത്രീയ ഗവേഷണങ്ങളിൽതന്നെയായിരിക്കണം പ്രധാന ഊന്നലെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യക്കുള്ള കേന്ദ്ര സഹായത്തിന് പകരംവെക്കുന്നതിനല്ല, മറിച്ച് പരിപോഷിപ്പിക്കുന്നതിനാണ് സംസ്ഥാനത്തിന്റെ ഇടപെടലുണ്ടാവേണ്ടത്.

140. ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം പുരോഗമിക്കുമ്പോൾതന്നെ, കൃത്യമായ അവലോകനം നടത്താൻ അനുയോജ്യമായ വ്യവസ്ഥയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും, ദേശീയ, അന്തർദേശീയ മികച്ച പ്രവർത്തനങ്ങളെ കണക്കിലെടുത്തുകൊണ്ട് ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. നിലവിലുള്ള പദ്ധതികളുടെ ഇടയ്ക്കിടെയുള്ള അവലോകനവും തുടർന്നും ധനസഹായം ലഭിക്കുന്നതിന് അനുയോജ്യമായ പരിശോധനയും ആവശ്യമാണ്. ഉന്നതവിദ്യാഭ്യാസത്തിലോ നിലവിലുള്ള ഗവേഷണ സ്ഥാപനങ്ങളിലോ സ്ഥിതിചെയ്യുന്ന ഗവേഷണത്തിനുവേണ്ട പുതിയ വകുപ്പുകളോ, സ്ഥാപനങ്ങളോ വലിയ പ്രയോജനം ചെയ്യാം. ഗവേഷണ പ്രൊജക്ടുകൾ, ഗവേഷണ ഗ്രാന്റുകൾ, കെ.സി.എസ്.ടി.ഇ. നൽകുന്ന

ഫെല്ലോഷിപ്പുകൾ എന്നിവയുടെ വിദഗ്ധ പരിശോധന, പ്രൊജക്റ്റ് വിലയിരുത്തൽ, കൃത്യസമയത്തെ എത്തിച്ചുകൊടുക്കൽ എന്നിവയ്ക്കുള്ള മതിയായ വ്യവസ്ഥയും ഉറപ്പുവരുത്തേണ്ടതുണ്ട്.

141. കേന്ദ്ര സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു കൂട്ടം സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട് എന്നത് കേരളത്തിന്റെ ശാസ്ത്ര, സാങ്കേതികവിദ്യയുടെ പ്രത്യേകതയാണ്. ഇവ സംസ്ഥാന തല ശാസ്ത്ര, സാങ്കേതിക സ്ഥാപനങ്ങളുടെ ശേഷിയും, വികസനം പൊതുവിലും വർധിപ്പിക്കാനുള്ള ഒരു വിലയേറിയ സ്രോതസ്സാണ്.

142. വ്യവസായം, അക്കാദമിക്, സർക്കാർ എന്നിവ തമ്മിലുള്ള ബന്ധമാണ് ശാസ്ത്ര, സാങ്കേതിക രംഗത്തെ ആഗോളതലത്തിൽ മുൻപന്തിയിലുള്ള പ്രദേശങ്ങളിലെ ശക്തി. ഇവിടങ്ങളിൽ ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളും തമ്മിൽ ശക്തമായ ബന്ധമുണ്ട്. അത് ശാസ്ത്ര, സാങ്കേതിക വിദ്യ അടിസ്ഥാനപ്പെടുത്തിയുള്ള വ്യാവസായികരംഗത്തെ മൂല്യവർധനവിന്റെ വളർച്ച ത്വരിതപ്പെടുത്തും. ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ വ്യവസ്ഥയും വ്യവസായവും സർക്കാരും തമ്മിലുള്ള സഹകരണവും യോജിച്ച പ്രവർത്തനവും സർക്കാർ പ്രോത്സാഹിപ്പിക്കണം.

143. ഒരു വിഭിന്നവും ഉൾച്ചേർച്ചയുമുള്ള മനുഷ്യവിഭവ അടിത്തറ ശാസ്ത്ര, സാങ്കേതിക വിദ്യയ്ക്ക് വലിയ മൂല്യം നൽകുന്നു. സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ആളുകളെ ശാസ്ത്ര, സാങ്കേതികവിദ്യയിൽ പങ്കെടുപ്പിക്കുന്നതിനുമുള്ള എല്ലാ ശ്രമങ്ങളെയും സർക്കാർ പിന്തുണയ്ക്കണം.

## 3.4 വിവര സാങ്കേതികവിദ്യ

144. കഴിഞ്ഞ 25 വർഷമായി വിവര സാങ്കേതികവിദ്യയും വിവര സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങളും ഇന്ത്യൻ സമ്പദ്ഘടനയുടെ പ്രധാന മേഖലയായി വികസിച്ചിട്ടുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട മറ്റു ചില കേന്ദ്രങ്ങളേക്കാളും മിതമായ തോതിലാണ് വളർച്ചയെങ്കിലും ഈ മേഖലയിലെ വികസനത്തിലെ സജീവ പങ്കാളിയാണ് കേരളം.

145. വിവര സാങ്കേതികവിദ്യയ്ക്കും വിവര സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾക്കും കേരളത്തിലുള്ള പ്രാധാന്യത്തെ കുറച്ചുകാണാൻ കഴിയില്ല. ഇത് ആധുനിക തൊഴിലിന്റെ ഒരു പ്രധാന സ്രോതസ്സും കേരളത്തിനു പുറത്തുനിന്നും തൊഴിൽ സേനയെ ആകർഷിക്കുന്നതുമാണ്. വിവര സാങ്കേതികവിദ്യയിലെയും വിവര സാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങളിലെയും പല പേരുകേട്ട സ്ഥാപനങ്ങളും കേരളത്തിലെ ചില കേന്ദ്രങ്ങളിൽ പ്രവർത്തനം നടത്തുന്നുണ്ട്.

146. വിവര സാങ്കേതികവിദ്യയുടെ പ്രാധാന്യം ഐ. ടി. വ്യവസായത്തിൽ മാത്രമായി ഒതുങ്ങുന്നതല്ല. വിവരങ്ങളുടെ നിയന്ത്രണം, വീണ്ടെടുക്കൽ, പ്രക്രിയകളുടെ നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് വ്യവസായം, സേവനങ്ങൾ, ഭരണ നിർവ്വഹണം എന്നീ മേഖലകളിൽ വിലപ്പെട്ട പുതിയ രീതികൾ അവലംബിക്കുന്നതിന് ഐ. ടി. കാരണമായി. ഇന്ന് ദൈനംദിന ജീവിതത്തിലെ പ്രധാന സാന്നിധ്യമാണ് ഐടി. ഉന്നത നിലവാരത്തിലുള്ള വിവര സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ ലഭിക്കുമെന്നത് എല്ലാ സാമ്പത്തിക, സാമൂഹ്യ തലങ്ങളിലുള്ള ജനങ്ങളുടേയും സാധാരണ പ്രതീക്ഷയായി മാറി. വിദ്യാഭ്യാസം മുതൽ വിനോദം വരെ, വ്യക്തിപരം മുതൽ ഔദ്യോഗിക തലംവരെയുള്ള ആശയവിനിമയം എന്നിവയ്ക്കെല്ലാം ഒരു ശരാശരി പൗരൻ ഡിജിറ്റൽ മാർഗ്ഗങ്ങൾ കൂടുതലായി ഉപയോഗിക്കുന്നു. തീർച്ചയായും അത്തരം കാര്യങ്ങൾ ലഭിക്കാതെവരുന്നത് ഒരു തരത്തിലുള്ള ഒഴിവാക്കലായി കണ്ടുവരുന്നു. ഇക്കാര്യത്തിൽ, കേരളം രാജ്യത്തെ മറ്റു പല സംസ്ഥാനങ്ങളെക്കാളും കൂടുതൽ മുന്നിട്ട് നിൽക്കുന്നതായാണ് കണക്കാക്കപ്പെടുന്നത്.

147. **തൊഴിൽ സൃഷ്ടിക്കൽ:** തൊഴിൽ സൃഷ്ടിക്കുന്നതിലെ ഒരു പ്രധാന സ്രോതസ്സാണ് വിവര സാങ്കേതിക വിദ്യാരംഗം. ഐ. ടി. രംഗത്തെ തൊഴിൽ സൃഷ്ടിക്കുന്നതിലെ പ്രധാന മാർഗ്ഗമാണ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുൾപ്പെടെയുള്ള സ്ഥലം സ്വകാര്യ മേഖലയ്ക്ക് പാട്ടത്തിനു കൊടുക്കുന്നത്. ആവശ്യത്തിനനുസരിച്ച് അത്തരം കെട്ടിടങ്ങളും സ്ഥല സൗകര്യങ്ങളും കാലേകൂട്ടി തയ്യാറാക്കുന്നത് പുതിയ സ്ഥാപനങ്ങളുടെ കടന്നുവരവിന് സഹായകരമാവും. പത്ത് ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിട സൗകര്യങ്ങൾ (100,000 തൊഴിലുകൾ സൃഷ്ടിക്കാൻ ശേഷിയുള്ളത്) പതിമൂന്നാം പദ്ധതിക്കാലയളവിൽ പൂർത്തീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

148. **മനുഷ്യവിഭവ ശേഷി:** ആവശ്യത്തിന് പരിശീലനം ലഭിച്ച മനുഷ്യവിഭവ ശേഷിയുണ്ടെങ്കിൽ മാത്രമേ ഐ. ടി. വ്യവസായത്തിന്റെ ആകർഷണ കേന്ദ്രമായി സംസ്ഥാനം മാറുകയുള്ളൂ. വേണ്ടത്ര ഉന്നത വൈദഗ്ദ്ധ്യമുള്ള യുവാക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും നിലവാരം ഉയർത്തുന്നതിനും വേണ്ടി എൻജിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പാഠ്യപദ്ധതി തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഓൺലൈൻ മാർഗ്ഗങ്ങളുൾപ്പെടെ അത്തരം പഠന സ്ഥാപനങ്ങളിലെല്ലായിടത്തും നൈപുണ്യ വികസനം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നത് പതിമൂന്നാം പദ്ധതിയുടെ ഒരു കർത്തവ്യമാണ്.

149. **സ്റ്റാർട്ട്-അപ്:** ഐ. ടി. രംഗത്തിന്റെ വളർച്ചയുടെ പ്രധാന ഘടകമാണ് നൂതനാശയങ്ങൾ (innovation). ഐ. ടി. വ്യവസായത്തിലെ ഉപരംഗങ്ങളിൽ സ്ഥാപിതമായിട്ടുള്ള വിവിധ നിലവാരത്തിലുള്ള സ്ഥാപനങ്ങളെ ആകർഷിക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. അതേസമയം തന്നെ, പുതിയ സ്റ്റാർട്ട്-അപ് സ്ഥാപനങ്ങൾ വഴി സ്ഥിരമായി നൂതന ആശയങ്ങൾ തുടർച്ചയായി ഉണ്ടാവേണ്ടത് വളർച്ചയ്ക്കും ആവശ്യമാണ്. അത് പുതിയ ഉത്പന്നങ്ങളും സേവനങ്ങളും അണമുറിയാതെ വികസിപ്പിക്കും. ഒരു ഐടി രംഗത്തെ ആരോഗ്യകരമായ അവസ്ഥയ്ക്ക് ഒരു സ്റ്റാർട്ട്-അപ് ആവാസ-വ്യവസ്ഥ ആവശ്യമാണ്. പതിമൂന്നാം പദ്ധതി അത്തരമൊരു ആവാസ-വ്യവസ്ഥ പ്രോത്സാഹിപ്പിക്കും.

150. **വികസന മിഷനുകൾ:** എല്ലാ വികസന ശ്രമങ്ങളുടെയും ഒരു സാങ്കേതികവിദ്യാ സംവർധകമെന്ന നിലയിൽ, ആസൂത്രണത്തിന്റെ ഗുണം ഗണ്യമായി വർധിപ്പിക്കുന്നതിനും കേരള സർക്കാർ പ്രഖ്യാപിച്ച നാലു മിഷനുകളുടെ ശേഷി വ്യാപിപ്പിക്കുന്നതിനും ഐ. ടി. കൊണ്ട് സാധിക്കും. ഇത് മിഷനുകളുടെ നിർവ്വഹണത്തെ ശക്തിപ്പെടുത്തുകയും അവയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്തുന്നതിനും സഹായിക്കും.

151. **പൊതു ലഭ്യത (public access):** പൌരന്മാർക്ക് അതിവേഗ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ, അവർ പൊതു ഇടങ്ങളിൽ സഞ്ചരിക്കുകയാണെങ്കിൽ കൂടി, സേവനങ്ങളുടെയും വിവരങ്ങളുടെയും ലഭ്യത ഉറപ്പുവരുത്താൻ കഴിയും. നല്ല ഗുണനിലവാരമുള്ള ഐ. ടി. സേവനങ്ങളുടെ ലഭ്യതയ്ക്ക് അന്തിമ ഘട്ടം വരെയുള്ള

തടസ്സമില്ലാത്ത സമ്പർക്കം (last-mile connectivity) ആവശ്യമാണ്. പതിമൂന്നാം പദ്ധതിക്കാലയളവിൽ സംസ്ഥാനം പൊതു ഇടങ്ങളിൽ വൈ-ഫൈ സൗകര്യം നൽകും. വൈ-ഫൈ ലഭ്യത വിനോദസഞ്ചാരത്തെയും സഹായിക്കും.

152. **ഡാറ്റാ പ്ലാറ്റ്ഫോം (data platform):** വ്യത്യസ്തങ്ങളായ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വിഭിന്നതരത്തിലുള്ള സ്ഥിതിവിവര കണക്കുകൾ ഒരു പൊതു പ്ലാറ്റ്ഫോമിലേക്ക് സംയോജിപ്പിക്കുന്നതിന് ഐടി സഹായിക്കും. വിവിധ സർക്കാർ സ്രോതസ്സുകളിൽനിന്നുള്ള സ്ഥിതിവിവര കണക്കുകൾ സംയോജിപ്പിച്ച് ഒരു പ്ലാറ്റ്ഫോമിലാക്കേണ്ടുന്നതിന്റെ ആവശ്യകത പതിമൂന്നാം പദ്ധതി അഭിസംബോധന ചെയ്യും. ആവശ്യമായ ഹാർഡ് വെയറും കമ്പ്യൂട്ടർ പ്രവർത്തന സംവിധാനങ്ങളും (operating system) അടിസ്ഥാന സോഫ്റ്റ് വെയർ പ്ലാറ്റ് ഫോമും സംരക്ഷിക്കുന്നതിന്റെ ചുമതല ഐ. ടി. വകുപ്പിനായിരിക്കും. പക്ഷേ, ശേഖരിച്ചതോ, വിശകലനം ചെയ്തതോ ആയ വിവരങ്ങൾ ആർക്കുവേണമെങ്കിലും അപ് ലോഡു ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കും. അത്തരം സ്ഥല സംബന്ധിയായ സ്ഥിതിവിവര കണക്ക പോർട്ടലിന് വജ്ര ജൂബിലി സ്ഥല സംബന്ധി ഡാറ്റാ പോർട്ടൽ (Diamond Jubilee Spatial Data Portal) എന്നു പേരു നൽകാവുന്നതാണ്. അത് സംസ്ഥാനത്തെ ജനങ്ങളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരവും ഐ. ടി. ബോധവും കണക്കിലെടുക്കുമ്പോൾ ഈ വർഷം നൽകാവുന്ന അനുയോജ്യമായൊരു സമ്മാനമായിരിക്കും.

# 4 തൊഴിൽ

153. വിദ്യാഭ്യാസം, ആരോഗ്യം, ഇതര സാമൂഹ്യ മേഖലകളിൽ അസാധാരാണമായ നേട്ടങ്ങൾ കേരളം കൈവരിച്ചിട്ടുണ്ടെങ്കിലും തൊഴിൽ സൃഷ്ടിക്കുന്നതിൽ പ്രതിസന്ധി നേരിടുകയാണ്.

154. 2011-12 ൽ കേരളത്തിലെ ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും പുരുഷ ജന സംഖ്യയിലെ തൊഴിലാളികളുടെ (എല്ലാ പ്രായത്തിലും വരുന്ന) അനുപാതം യഥാ ക്രമം 56.5 ശതമാനവും 55.2 ശതമാനവുമാണ്. രാജ്യത്താകമാനമുള്ള ഗ്രാമ, നഗര മേഖലകളിലെ പുരുഷന്മാരുടെ അനുപാതത്തിൽ നിന്നും നാമമാത്രമായ ഉയർച്ച ഇതിലുണ്ട്. സ്ത്രീകൾക്കിടയിലെ തൊഴിൽ സേന പങ്കാളിത്തം കേരളത്തിൽ കുറവാണ് – 2011-12 ൽ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ യഥാക്രമം 22.1 ശതമാ നവും നഗരത്തിൽ 19.1 ശതമാനവുമായിരുന്നു അത്. ലിംഗ അസമത്വം കുറയ്ക്കുന്ന തിൽ കേരളം പുരോഗതി കൈവരിച്ചിട്ടും ഇവിടുത്തെ തൊഴിൽ സേനയിലെ സ്ത്രീ പങ്കാളിത്തം കുറഞ്ഞിരിക്കുന്നത് അസാധാരണമാണ്.

155. കേരളത്തിലെ തൊഴിൽ സേനയുടെ വലിപ്പം 2011-12 ൽ 12.7 ദശലക്ഷമായിരുന്നു. കേരളത്തിലെ തൊഴിൽ വിപണിയുടെ ശ്രദ്ധാർഹമായ വശം കൃഷിയിലും അനുബ ന്ധ പ്രവർത്തികളിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ പങ്ക് താരതമ്യേന കുറവാണ്. അതേസമയം, ആധുനിക മേഖലകളായ നിർമ്മാണ, സേവനങ്ങളിലെ തൊഴിൽ ഉൾക്കൊള്ളൽ കേരളത്തിൽ താരതമ്യേന കുറവാണ്. സംസ്ഥാനത്തെ മൊത്തം തൊഴിൽ സേനയിൽ 14 ശതമാനമാണ് നിർമ്മാണ മേഖലയുടെ സംഭാ വന. പക്ഷേ, ഈ തൊഴിലിലെ ബഹുഭൂരിപക്ഷവും പരമ്പരാഗത വ്യവസായങ്ങളായ കയറിലും കശുവണ്ടിയിലുമാണ്.

156. കേരളത്തിൽ തൊഴിലില്ലായ്മ ഉയർന്ന നിരക്കിലാണ്, പ്രത്യേകിച്ചും സ്ത്രീകളിൽ. 2011 -12 ൽ കേരളത്തിലെ 15 നും 29 നും ഇടയിൽ പ്രായമുള്ള ഗ്രാമീണ സ്ത്രീകളിലെ തൊഴിലില്ലായ്മ തൊഴിൽ സേനയുടെ 47.4 ശതമാനമായിരുന്നു. എന്നാൽ രാജ്യത്താകമാനമെടുത്താൽ ഈ അനുപാതം 4.8 ശതമാനമായിരുന്നു.

157. ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്കുള്ള, പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിലേക്കുള്ള, കുടിയേറ്റം കേരളത്തിന്റെ തൊഴിൽ വിപണിയുടെ പ്രധാനപ്പെട്ട പ്രത്യേകതയാണ്. സംസ്ഥാനത്തിന്റെ ഒരു കണക്കു പ്രകാരം, 2011 ൽ 1.4 ദശലക്ഷം കേരളീയർ സംസ്ഥാനത്തിനു പുറത്ത് തൊഴിലെടുക്കുന്നുണ്ട് (പ്രവാസി മലയാളി സെൻസസ്, 2011). അതേസമയം തന്നെ, മറ്റു സംസ്ഥാനങ്ങളിൽ, പ്രധാനമായിട്ടും ബിഹാർ, പശ്ചിമ ബംഗാൾ, ഒഡീഷ എന്നിവടങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളുടെ വർധിച്ച ഒഴുക്കാണ് കേരളത്തിലെ അവിദഗ്ധ തൊഴിലാളികളുടെ വർധിച്ച ആവശ്യങ്ങളെ നിർവ്വഹിക്കുന്നത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ ഒരു കണക്കു കാണിക്കുന്നത് കേരളത്തിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള കുടിയേറ്റ തൊഴിലാളികളുടെ എണ്ണം 2011 ൽ ഏകദേശം 2.5 ദശലക്ഷം വരുമെന്നാണ്. ഇത് അന്നത്തെ മൊത്തം തൊഴിൽ സേനയുടെ (12.7 ദശലക്ഷം) 20 ശതമാനത്തിനടുത്തു വരും.

**പട്ടിക 3** ജനസംഖ്യയിലെ (എല്ലാ പ്രായത്തിലും വരുന്ന) തൊഴിൽ സേനയുടെ അനുപാതം അല്ലെങ്കിൽ കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ സേനയിലെ പങ്കാളിത്ത നിരക്ക് 2011-12 (ശതമാനത്തിൽ)

| | ഗ്രാമീണ പുരുഷന്മാർ | ഗ്രാമീണ സ്ത്രീകൾ | നഗരത്തിലെ പുരുഷന്മാർ | നഗരത്തിലെ സ്ത്രീകൾ |
|---|---|---|---|---|
| കേരളം | 58.3 | 25.8 | 56.7 | 22.2 |
| ഇന്ത്യ | 55.3 | 25.3 | 56.3 | 15.5 |

കുറിപ്പ് *തൊഴിൽ സേന എന്നത് വ്യക്തികളുടെ സാധാരണവും മുഖ്യമല്ലാത്തതുമായ പദവിക്കനുസരിച്ചാണ് നിർവ്വചിച്ചിരിക്കുന്നത്.*

**പട്ടിക 4** ജനസംഖ്യയിലെ (എല്ലാ പ്രായത്തിലും വരുന്ന) തൊഴിലാളികലുടെ അനുപാതം അല്ലെങ്കിൽ കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ സേനയിലെ പങ്കാളിത്ത നിരക്ക് 2011-12 (ശതമാനത്തിൽ)

| | ഗ്രാമീണ പുരുഷന്മാർ | ഗ്രാമീണ സ്ത്രീകൾ | നഗരത്തിലെ പുരുഷന്മാർ | നഗരത്തിലെ സ്ത്രീകൾ |
|---|---|---|---|---|
| കേരളം | 56.5 | 22.1 | 55.2 | 19.1 |
| ഇന്ത്യ | 54.3 | 24.8 | 54.6 | 14.7 |

കുറിപ്പ് *തൊഴിൽ സേന എന്നത് വ്യക്തികളുടെ സാധാരണവും മുഖ്യമല്ലാത്തതുമായ പദവിക്കനുസരിച്ചാണ് നിർവ്വചിച്ചിരിക്കുന്നത്.*

**പട്ടിക 5** കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ സേനയിലെ തൊഴിലില്ലായ്മാ നിരക്ക് 2011-12 (ശതമാനത്തിൽ)

| | ഗ്രാമീണ പുരുഷന്മാർ | ഗ്രാമീണ സ്ത്രീകൾ | നഗരത്തിലെ പുരുഷന്മാർ | നഗരത്തിലെ സ്ത്രീകൾ |
|---|---|---|---|---|
| കേരളം | 3.1 | 14.2 | 2.7 | 13.9 |
| ഇന്ത്യ | 1.7 | 1.7 | 3.0 | 5.2 |

**പട്ടിക 6** കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ സേനയിലെ (15 നും 29 നും ഇടയിൽ പ്രായംവരുന്ന) തൊഴിലില്ലായ്മാ നിരക്ക് 2011-12 (ശതമാനത്തിൽ)

| | ഗ്രാമീണ പുരുഷന്മാർ | ഗ്രാമീണ സ്ത്രീകൾ | നഗരത്തിലെ പുരുഷന്മാർ | നഗരത്തിലെ സ്ത്രീകൾ |
|---|---|---|---|---|
| കേരളം | 9.7 | 47.4 | 8.4 | 37.1 |
| ഇന്ത്യ | 5.0 | 4.8 | 8.1 | 13.1 |

**പട്ടിക 7** കേരളത്തിലെ ഓരോ മേഖലയിലെയും തൊഴിൽ സേന 2011-12

| മേഖല | കേരളത്തിലെ തൊഴിലാളികളുടെ എണ്ണം (ദശലക്ഷത്തിൽ) | കേരളത്തിലെ മൊത്തം തൊഴിൽ സേനയിലെ പങ്ക് (ശതമാനത്തിൽ) | ഇന്ത്യയിലെ മൊത്തം തൊഴിൽ സേനയിലെ പങ്ക് (ശതമാനത്തിൽ) |
|---|---|---|---|
| കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും | 2.6 | 20.5 | 47.5 |
| നിർമ്മാണം | 1.8 | 14.2 | 13.0 |
| കെട്ടിടനിർമ്മാണം | 2.1 | 16.5 | 10.6 |
| സേവനങ്ങൾ | 6.1 | 48.0 | 27.9 |
| മൊത്തം കാർഷികേതര പ്രവർത്തനങ്ങൾ | 10.1 | 79.5 | 52.5 |
| മൊത്തം തൊഴിൽ സേന | 12.7 | 100 | 100 |

സ്രോതസ്സ് (ഇവിടുത്തെ എല്ലാ പട്ടികകളുടെയും) *നാഷണൽ സാമ്പിൾ സർവ്വെ റിപ്പോർട്ട്, ഇന്ത്യയിലെ തൊഴിലും തൊഴിലില്ലായ്മയും, റൌണ്ട് 68, 2011-12.*

# 5 പശ്ചാത്തല സൗകര്യം

## 5.1 ഗതാഗതം

158. പതിമൂന്നാം പദ്ധതി വിശ്വസനീയവും ഉന്നത നിലവാരമുള്ളതും ചെലവുതാങ്ങാൻ കഴിയുന്നതും കേരളത്തിന്റെ അനന്യമായ ഭൂമിശാസ്ത്ര ആവശ്യങ്ങൾക്കിണങ്ങുന്നതുമായ പല മാതൃകയിലുള്ള ഗതാഗത ശൃംഖല വികസിപ്പിക്കുന്നതിന് പ്രതിജ്ഞാബദ്ധമായിരിക്കും. കേരളത്തിലെ റോഡ് ശൃംഖല, റെയിൽവെ, വ്യോമ, സമുദ്ര ഗതാഗതം, ഉൾനാടൻ ജലപാതകൾ എന്നിവ ശക്തിപ്പെടുത്തുന്നത് കൂടുതൽ ഭൂമിശാസ്ത്ര സംയോജനം, പ്രാദേശിക സന്തുലിതാവസ്ഥ, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വളർച്ച എന്നിവയിലേക്ക് സംഭാവന ചെയ്യും. അടുത്ത 15 - 20 വർഷത്തേക്ക് കേരളത്തിനുവേണ്ട ഒരു സമഗ്ര ഗതാഗത പദ്ധതി ഞങ്ങൾ നിർദ്ദേശിക്കുന്നു. അത് വലിയ ലക്ഷ്യങ്ങളായ സുസ്ഥിര വികസനവും സാമൂഹിക നീതിയുമായും യോജിച്ചുപോവുന്നതായിരിക്കും.

159. മുകളിൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനായി ഇവ ആവശ്യമാകുന്നു. ഒന്ന്, ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (റോഡുകളും മറ്റ് ഗതാഗത കാര്യങ്ങളും); രണ്ട്, ഗതാഗത സംവിധാനത്തിലെ സ്ഥാപന ഘടനയുടെ പുന:സംഘാടനം. സംസ്ഥാന പൊതുമരാമത്ത് വകുപ്പ്, റെയിൽവെ, ഉൾനാടൻ ജലഗതാഗത അതോറിറ്റി, വിമാനത്താവളങ്ങൾ, തീരദേശ കപ്പൽ ഗതാഗത ഏജൻസികൾ എന്നീ വ്യത്യസ്ത ഭൗതിക പശ്ചാത്തലസൗകര്യമൊരുക്കുന്നവർ തമ്മിലുള്ള ഏകോപനം പലമാതൃകയിലുള്ള ഗതാഗത സംവിധാനം കെട്ടിപ്പടുക്കുന്നതിന് ആവശ്യമാണ്.

160. ദേശീയപാതകൾ, സംസ്ഥാനപാതകൾ, മലയോരപാതകൾ, തീരദേശപാതകൾ എന്നിവ ദേശീയ നിലവാരമനുസരിച്ച് പതിമൂന്നാം പദ്ധതിക്കാലയളവിൽ സംസ്ഥാന സർക്കാർ വികസിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യും. എൻ എച്ച് 47 വികസിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യും. എൻ എച്ച് 47 ഉം എൻ എച്ച് 17 ഉം നാലുവരിപ്പാതകളാക്കും. സംസ്ഥാനത്തിനു കുറുകെയുള്ള കിഴക്കു-പടിഞ്ഞാറൻ ഇടനാഴി ശക്തിപ്പെടുത്തുകയാണ് മറ്റൊരു ലക്ഷ്യം. പാരിസ്ഥിതിക-സുസ്ഥിര കേരളം എന്ന കാഴ്ചപ്പാടിനെ തുടർന്ന് ഹരിത ഇടനാഴി നിർമ്മിക്കുന്നതിനാണ്

ഊന്നൽ. ഹരിത പ്രവർത്തനങ്ങളും ഹരിതവാഹനങ്ങളും പ്രോത്സാഹിപ്പിക്കും (നൂതന സാങ്കേതികവിദ്യകൾ സ്വീകരിച്ചുകൊണ്ട് വാഹനങ്ങളുടെ നവീകരണ പരിപാടികൾ). നഗരങ്ങളിൽ യന്ത്രവൽകൃതമല്ലാത്ത ഗതാഗത സൗകര്യങ്ങളായ ആകാശ നടപ്പാതകൾ (skywalks), കാൽനടപ്പാലങ്ങൾ (footbridges), അനുബന്ധ സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതും പ്രധാനപ്പെട്ടതാണ്.

161. പതിമൂന്നാം പദ്ധതിക്കാലത്ത് യാഥാർത്ഥ്യമാവാൻ പോവുന്ന രണ്ടു പ്രധാന ഗതാഗത പശ്ചാത്തല സൗകര്യ പദ്ധതികളാണ് കൊച്ചി മെട്രോയും കണ്ണൂർ വിമാനത്താവളവും. ദീർഘകാലാടിസ്ഥാനത്തിൽ, സംസ്ഥാനം റോഡുവഴിയുള്ള ഗതാഗതത്തിൽ നിന്നും റെയിൽ ഗതാഗതത്തിലേക്കു മാറാൻ ശ്രമിക്കണം.

162. സംസ്ഥാനത്തെ ഗതാഗതത്തിനുവേണ്ടി നയങ്ങൾ രൂപീകരിക്കുമ്പോൾ റോഡു സുരക്ഷ ഉറപ്പുവരുത്തുന്നതിന് വലിയ പ്രാധാന്യമുണ്ട്. കേരളത്തിൽ ഭയാനകമാം വിധത്തിലുള്ള റോഡപകടങ്ങളുടെ ഫലമായിട്ട് മാരകമായ പരിക്കുകളും മരണങ്ങളും വർധിച്ചുവരികയാണ്. ഈ പ്രശ്നം കൈകാര്യംചെയ്യുന്നതിന് ഒരു കൂട്ടം നടപടികൾ - സ്പീഡ് ക്യാമറ സ്ഥാപിക്കുകയും, നിയമം നടപ്പിലാക്കുന്നതിനായി പുതിയ നടപടികളും റോഡ് സുരക്ഷാ ഓഡിറ്റിംഗും ഉൾപ്പടെ - സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു.

163. കേരളത്തിന്റെ പൊതു ഗതാഗത സംവിധാനത്തിലെ പ്രധാന ഘടകമാണ് കെഎസ്ആർടിസി. അതിനെ മനുഷ്യവിഭവശേഷി, പ്രവർത്തന പ്രശ്നങ്ങൾ, സാങ്കേതിക പ്രശ്നങ്ങൾ, പശ്ചാത്തല സൗകര്യം/വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം എന്നിവയിലൂന്നി പുനരുദ്ധരിക്കാൻ വേണ്ട വിവിധ നടപടികളെടുക്കാൻ സംസ്ഥാനം ആഗ്രഹിക്കുന്നു.

**തുറമുഖങ്ങളും ജലഗതാഗതവും**

164. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വിജയകരമായി പൂർത്തീകരിക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതേസമയം തന്നെ, സംസ്ഥാനത്തൊട്ടാകെ ചെറുതും ഇടത്തരവുമായ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും. വിഴിഞ്ഞം, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കോട്,

ബേക്കൽ എന്നിവയുൾപ്പെടുത്തി തുറമുഖങ്ങളുടെ ശക്തമായ ശൃംഖല കെട്ടിപ്പടുക്കും. അത് കേരളത്തിലെ ജലഗതാഗതത്തെ, പ്രത്യേകിച്ചും ചരക്കുകടത്ത്, മെച്ച പ്പെടുത്തും.

165. യാത്രയ്ക്കും ചരക്കുകടത്തിനും കേരളത്തിലെ ഉൾനാടൻ ജലാശയങ്ങൾ ഉപയോഗിക്കുന്നത് പരിസ്ഥിതിക്കും ഗുണകരമാണ്. അത് റെയിൽ, റോഡ് ഗതാഗത സംവിധാനത്തിനുമേലുള്ള സമ്മർദ്ദം കുറയ്ക്കും; കേരളത്തിന്റെ വിനോദ സഞ്ചാര സാധ്യതകളെ വർധിപ്പിക്കുകയും ചെയ്യും. ചെറിയ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ട നൂതന പദ്ധതികൾ, പ്രത്യേകിച്ചും മലബാർ പ്രദേശത്ത് ആവശ്യമാണ്. കൂടുതൽ യാത്രക്കാരെയും ചരക്കു കടത്തും ആകർഷിക്കുന്ന ദേശീയ ജലപാത-3 പ്രാവർത്തികമാക്കാൻ സംസ്ഥാനം ആഗ്രഹിക്കുന്നു.

## 5.2 വൈദ്യുതിയും ഊർജ്ജവും

166. ഇന്ത്യയിലെ വർത്തമാന സാഹചര്യത്തിൽ ഊർജ്ജ മേഖലയ്ക്കുവേണ്ടി ആസൂത്രണം ചെയ്യുന്നത് മുമ്പത്തേക്കാളും വളരെ സങ്കീർണ്ണമായ പ്രവൃത്തിയാണ്. ഹരിത വാതകങ്ങൾ പുറംതള്ളുന്നത് കുറച്ചും പാരമ്പര്യേതര ഊർജ്ജത്തെ പ്രോത്സാഹി പ്പിച്ചും കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കണം എന്ന പുതിയ ആവശ്യങ്ങൾ ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. അതേ സമയം തന്നെ, ഊർജ്ജോത്പാദനം, പ്രസ രണം, വിതരണം എന്നിവയുടെ സാങ്കേതിക-സാമ്പത്തിക (techno-economic) സ്ഥിതിഗതികളിൽ വലിയ മാറ്റങ്ങൾ വന്നുചേർന്നിട്ടുണ്ട്.

167. കേരളത്തിന്റെ വാർഷിക പ്രതിശീർഷ വൈദ്യുതി ഉപയോഗം (2015 ൽ 536 കിലോ വാട്ട്/പ്രതിവർഷം) അഖിലേന്ത്യാ നിരക്കിനേക്കാൾ കുറവാണെന്ന് മാത്രമല്ല രാജ്യത്തെ ഏറ്റവും താഴ്ന്ന നിരക്കുമാണ്. എന്നിരുന്നാലും കേരളത്തിന്റെ വാർഷിക പ്രതിശീർഷ ഗാർഹിക വൈദ്യുതി ഉപയോഗം അഖിലേന്ത്യാ കണക്കുകളുടേതിനു സമാനമാണ്. ഇതു വ്യക്തമാക്കുന്നത് കേരളത്തിലെ കുറഞ്ഞ വ്യവസായവ ത്ക്കരണമാണ്, പ്രത്യേകിച്ചും നിർമാണ മേഖലയിൽ. കേരളത്തിന്റെ കാർഷിക മേഖലയിലെ താരതമ്യേന കുറഞ്ഞ വൈദ്യുതി ഉപയോഗവും ഇവിടത്തെ കുറഞ്ഞ വൈദ്യുതോപഭോഗത്തിന്റെ ഒരു കാരണമാണ്.

168. കേരളത്തിലെ ആഭ്യന്തര ഉത്പാദനത്തിന് പ്രധാനമായും ആശ്രയിക്കുന്നത് ജല വൈദ്യുതിയെയാണ്. മൺസൂൺ മഴയാൽ സ്വാധീനിക്കപ്പെട്ടുനിൽക്കുന്നതാണെങ്കിലും ജലവൈദ്യുതി ആവർത്തിച്ചുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സാവുന്നു. ഈ യാഥാർത്ഥ്യം ജലവൈദ്യുതിയെ സംബന്ധിച്ച പൊതുചർച്ചകളിൽ വേണ്ടവിധത്തിൽ സ്ഥാപിക്കപ്പെട്ടിട്ടില്ല. എന്നാൽ ജലവൈദ്യുതിക്കുവേണ്ടിയുള്ള ചെറുതും ഇടത്തരവുമായ അണക്കെട്ടു നിർമ്മാണ പദ്ധതികളുമായിപ്പോലും ബന്ധപ്പെട്ട് അനവധി നെഗറ്റീവ് കാഴ്ചപ്പാടുകളാണ് നിലനിൽക്കുന്നത്.

169. വൈദ്യുതോത്പ്പാദനത്തിന്റെ ആഭ്യന്തര ശേഷി വികസിപ്പിക്കുമ്പോൾതന്നെ, ദേശീയതലത്തിലുള്ള അധിക ഉത്പാദനശേഷിയുണ്ടാവുന്നത് നമ്മൾ ശ്രദ്ധിക്കണം, അത് ദീർഘകാല, ഇടക്കാല, അടിയന്തിര ആവശ്യങ്ങൾക്കായി വാങ്ങി ലഭ്യമാക്കണം. അതിന്റെ വിലയും നേട്ടങ്ങളും പരിശോധിക്കപ്പെടേണ്ടതാണ്.

170. പതിമൂന്നാം പദ്ധതി കാലത്ത് പ്രസരണ-വിതരണ ശൃഖംല, പ്രത്യേകിച്ചും ഉയർന്ന വോൾട്ടേജ് വിതരണ ശൃംഖലകൾ, കാര്യമായി ശക്തിപ്പെടുത്തേണ്ടതുണ്ട്.

171. വലിയ പൊതുജന ആവേശവും ബോധ്യവും ആവർത്തിച്ചുപയോഗിക്കാവുന്ന മറ്റുരീതിയിലുള്ള ഊർജ്ജ സ്രോതസ്സുകളെപ്പറ്റി ഉള്ളപ്പോഴും, അവയുടെ വളർച്ച താരതമ്യേന പതുക്കെയാണ്. പതിമൂന്നാം പദ്ധതി സമയത്ത് വലിയതോതിൽ സൗരോർജ്ജ ഉൽപ്പാദനം വ്യാപിപ്പിക്കും (ഭൂമിയുടെ ലഭ്യത ദീർഘകാല ശേഷി വികസനത്തിന് കർശന നിയന്ത്രണങ്ങൾ ഏൽപ്പിക്കാൻ സാധ്യതയുണ്ട്). ചെറുകിട ഉത്പാദന ശേഷി വ്യാപിപ്പിക്കുന്നതിന് ഒറ്റയ്ക്ക് നിൽക്കുന്ന സംവിധാനങ്ങളിൽനിന്നും ഗ്രിഡുമായി ബന്ധപ്പെട്ട വ്യവസ്ഥിതികളിലേയ്ക്ക് മാറേണ്ടതുണ്ട് എന്നത് സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിക്കുന്നു. കേരളത്തിൽ ആവർത്തിച്ചുപയോഗിക്കുന്ന ഊർജ്ജത്തിന്റെ ആഭ്യന്തരോത്പാദന സാധ്യതകൾ മനസ്സിലാക്കുന്നതിന് സൂക്ഷ്മ തലത്തിലുള്ള വിശകലനം ആവശ്യമാണ്.

172. ഗാർഹിക തലത്തിൽ, കേരളത്തിലെ എല്ലാ കുടുംബങ്ങളിലും വൈദ്യുതി എത്തിക്കുവാൻ പതിമൂന്നാം പദ്ധതിയിൽ സാധിക്കും. പാചകത്തിനുപയോഗിക്കുന്ന ശുദ്ധമായ ഇന്ധനത്തിന്റെ ഉപയോഗം അഖിലേന്ത്യാ നിലവാരമനുസരിച്ച് കേരളത്തിൽ മെച്ചപ്പെട്ടതാണ്. പാചക സ്റ്റൗവിനേയും ഗണ്യമായ തോതിൽ മലിനീ

കരണ വസ്തുക്കൾ പുറംതള്ളുന്ന മറ്റ് ഇന്ധനങ്ങളേയും ആശ്രയിക്കുന്ന കുടുംബ ങ്ങളെ ശുദ്ധമായ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിലേയ്ക്ക് മാറുന്നതിനായി പതിമൂന്നാം പദ്ധതി സഹായിക്കും.

### 5.3 ജലസേചനം

173. കേരളത്തിലെ കാർഷികോത്പാദനം വർധിപ്പിക്കുന്നതിലെ ഒരു പ്രധാന തടസ്സം ജലസേചന സൗകര്യങ്ങളിലെ കുറവാണ്. 2015-16 ൽ മൊത്തം കൃഷി ചെയ്യുന്ന ഭൂമിയിലെ ജലസേചനം ചെയ്യപ്പെട്ട പ്രദേശത്തിന്റെ പങ്ക് (net irrigated area) കേവലം 16 ശതമാനമായിരുന്നു. മൊത്തം കൃഷിചെയ്യപ്പെട്ട പ്രദേശത്തിൽ മൊത്തം ജലസേചനം ചെയ്യപ്പെട്ട പ്രദേശത്തിന്റെ (gross irrigated area) പങ്ക് 18 ശതമാനമായിരുന്നു. നെൽകൃഷിയിൽ 31 ശതമാനം; ഏത്തവാഴയിൽ 9 ശതമാനം; പച്ചക്കറികൾ കൃഷി ചെയ്യുന്നിടങ്ങളിൽ 8 ശതമാനം; ഇങ്ങിനെയാണ് ജലസേചനം ഉള്ള ഭൂമിയുടെ ലഭ്യത.

174. മുൻ പദ്ധതിക്കാലയളവിൽ, വലുതും ഇടത്തരവുമായ ജലസേചന പദ്ധതികൾക്കായിരുന്നു ഊന്നൽ കൊടുത്തിരുന്നത്. വലുതും ഇടത്തരവുമായ ജലസേചന പദ്ധതികളിൽനിന്നും ചെറുകിട ജലസേചന പദ്ധതികളിലേക്കുള്ള മാറ്റത്തിന് ഊന്നൽ നൽകാനാണ് പതിമൂന്നാം പദ്ധതി ലക്ഷ്യമിടുന്നത്. കനാലു കളുടെ ആധുനികവത്ക്കരണത്തിനും കടുത്ത ജല ദൌർലഭ്യമുള്ള പ്രദേശങ്ങളിലെ ജലസേചനം വ്യാപിപ്പിക്കുന്നതിനുമാണ് പ്രത്യേക പ്രാധാന്യം നൽകുന്നത്. പതിമൂന്നാം പദ്ധതിക്കാലത്തെ ജലസേചന സൗകര്യങ്ങളുടെ വികസനം പ്രത്യേക കാർഷിക സോണുകൾ സ്ഥാപിക്കുന്നതുമായും ബന്ധപ്പെടുത്തിയിരിക്കും.

175. വരൾച്ചാ മാനേജ്മെന്റ് പതിമൂന്നാം പദ്ധതിയുടെ ഒരു പ്രത്യേക പരിഗണന ആയിരിക്കും. കേരളത്തിന്റെ കാർഷിക വളർച്ചാ നിരക്ക് 2014-15 ലെയും 2015-16 ലെയും നെഗറ്റീവ് വളർച്ചയ്ക്ക് ശേഷം 2016-17 ൽ പുനരുജ്ജീവിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. പക്ഷേ, 2016 ലെ മോശമായ മഴക്കാലം വലിയതോതിലുള്ള അനിശ്ചിതത്വം സൃഷ്ടിച്ചു. തെക്ക പടിഞ്ഞാറൻ കാലവർഷത്തിൽ 34 ശതമാന ത്തിന്റെയും വടക്ക കിഴക്കൻ കാലവർഷത്തിൽ 2 ശതമാനത്തിന്റെയും കുറവ് 2016 ൽ കേരളത്തിലുടനീളമുണ്ടായി. 2016-17 അവസാനത്തോടെയും 2017-18

തുടക്കത്തിലും കേരളം ശക്തമായ വരൾച്ചയെ നേരിടേണ്ടിവരും.

176. സംസ്ഥാനത്ത് വരൾച്ച തടയുന്നതിനുള്ള ശ്രമങ്ങൾ നടത്തണം. ഹ്രസ്വകാല, ഇടക്കാല, ദീർഘകാല നടപടികൾ അതിന് ആവശ്യമാണ്. ഹ്രസ്വകാലത്തേക്ക് വരൾച്ചബാധിത പ്രദേശങ്ങളിൽ മൂന്നുതരത്തിലുള്ള സുരക്ഷകൾ സർക്കാർ ഉറപ്പു വരുത്തേണ്ടത് ആവശ്യമാണ്: ഭക്ഷ്യസുരക്ഷ, ജല സുരക്ഷ, തൊഴിൽ സുരക്ഷ. ഇടക്കാല, ദീർഘകാലത്തേക്ക്, ഒന്നാമതായി, വരണ്ട പ്രദേശങ്ങളിൽ വളരുന്നതും വരൾച്ചയെ പ്രതിരോധിക്കുന്നതുമായ സങ്കരയിനം വിളകൾ വികസിപ്പിക്കുന്നതിന് ശ്രദ്ധകൊടുക്കണം. പ്രത്യേകിച്ചും ഭക്ഷ്യവിളകൾക്കായിരിക്കണം പ്രാധാന്യം കൊടുക്കേണ്ടത്. രണ്ടാമതായി, സംസ്ഥാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജലസേചന പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ഈ പ്രൊജക്ടുകളുടെ സോഷ്യൽ ഓഡിറ്റ് നടത്തി രൂപകൽപ്പനയിലെ തെറ്റുകൾ തിരുത്തുകയും വേണം. മൂന്നാമതായി, ഭൂവിനിയോഗ പദ്ധതികൾ നടപ്പിൽ വരുത്തണം; ഇതിന്റെ ഭാഗമായി, വരൾച്ചാ പ്രദേശങ്ങളിൽ വെള്ളം കൂടുതൽ ആവശ്യമായിവരുന്ന വിളകൾ കൃഷിചെയ്യുന്നത് നിരുത്സാഹപ്പെടുത്തണം.

# 6 പരിസ്ഥിതി

177. ഒരു ശുദ്ധമായ, ആരോഗ്യകരമായ സുസ്ഥിര പരിസ്ഥിതി ദേശീയതലത്തിലും ആഗോളതലത്തിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം എന്നീ അടിസ്ഥാന ആവശ്യങ്ങൾക്കൊപ്പം തന്നെ നല്ല ജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത ഘടകമാണ് ശുദ്ധമായ പരിസ്ഥിതി. ആരോഗ്യവുമായി ബന്ധപ്പെട്ട് രോഗപ്രതിരോധത്തിൽ പ്രധാനപ്പെട്ട പങ്ക് പരിസ്ഥിതിക്ക് വഹിക്കാനുണ്ട്. നിലവാരമുള്ള പരിസ്ഥിതി സേവനങ്ങൾ നിലനിർത്തുന്നതിലെ ഏതു പരാജയവും രോഗഭാരം വർധിപ്പിക്കുന്നതിലേക്കും സംസ്ഥാനത്തിന്റെയും കുടുംബങ്ങളുടെയും ആരോഗ്യരക്ഷാച്ചെലവുകൾ വർധിക്കുന്നതിലേക്കും നയിക്കും.

178. പരിസ്ഥിതി പ്രശ്നങ്ങളുടെ ഉത്ഭവം സാധാരണയായി പല തലങ്ങളുള്ളതും പല സാമൂഹിക, സാമ്പത്തിക മേഖലകൾ ഉൾക്കൊള്ളുന്നതുമാണ്. അതേസമയം തന്നെ, സർവ്വസാധാരണമായ ചില പരിസ്ഥിതി പ്രശ്നങ്ങൾക്ക് ലഘുവായ പ്രതിവിധികൾ നിർണ്ണായകമായ കാര്യനിർവഹണ നടപടികളിലൂടെ നേടിയെടുക്കാൻ കഴിഞ്ഞേക്കാം.

179. കേരളവും, രാജ്യത്തിന്റെ ഇതരഭാഗങ്ങളെ പോലെ തന്നെ, പലവിധങ്ങളായ പരിസ്ഥിതി പ്രശ്നങ്ങളെ നേരിടുന്നു. ദൈർഘ്യമേറിയ തീരപ്രദേശം ഉള്ള ഒരു സംസ്ഥാനമെന്നനിലയിലും തീരദേശ ആവാസ വ്യവസ്ഥയ്ക്ക് സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മൂല്യം നല്ലനിലയിൽ ഉള്ളതിനാലും കേരളത്തിന്റെ തീരദേശ ആവാസ വ്യവസ്ഥകളുടെ ആർജവം സംരക്ഷിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുകയെന്നത് സംശയലേശമെന്യേ പ്രധാനപ്പെട്ട കാര്യമാണ്.

180. നദികളുൾപ്പടെ കേരളത്തിന്റെ ജലവ്യവസ്ഥകളുടെ വൃദ്ധിയും, പാരിസ്ഥിതിക ആരോഗ്യവും നിലനിർത്തുക എന്ന പ്രധാനപ്പെട്ട പ്രശ്നം ഹരിതകേരള മിഷൻ മനസ്സിലാക്കുന്നു. ജലത്തിന്റെ ജൈവ മലിനീകരണം ഒരു പ്രധാനപ്പെട്ട വെല്ലുവിളിയാണ്. അതിന്റെ പരിഹാരം, നദീതീരത്തെയും നീർത്തടങ്ങളിലെയും ശുചീകരണവും ജീവജാലങ്ങളിൽനിന്നുള്ള മലിനജലത്തിന്റെ ഒഴുക്കും തടയുന്ന രീതിയിലുള്ള സമഗ്രമായ സമീപനത്തിലൂടെയേ സാധ്യമാകൂ.

181. സുരക്ഷിതവും കാര്യക്ഷമവുമായ മാലിന്യ നിർമ്മാർജ്ജനം, പ്രത്യേകിച്ചും നഗരത്തിലെ ഖരമാലിന്യം, ഒരു പ്രധാന പ്രശ്നമായി മിഷൻ കണക്കാക്കുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി ഈ സാമൂഹിക-പരിസ്ഥിതി പ്രശ്നങ്ങൾ കാര്യമായി പരിഗണിക്കുന്നതായിരിക്കും.

182. പാരിസ്ഥിതിക മാർഗ്ഗ നിർദ്ദേശങ്ങൾ ഒരു കൂട്ടിച്ചേർക്കലായി പരിഗണിക്കാതെ, മുഖ്യ ആസൂത്രണ പ്രക്രിയയിൽ നിന്നും സ്വതന്ത്രമായി, വികസന പ്രവർത്തനങ്ങളിൽ ക്രമാനുഗതമായി സംയോജിപ്പിക്കേണ്ട ആവശ്യമുണ്ട്. പാരിസ്ഥിതിക മാനേജ്മെന്റിന്റെ ഒരു പ്രധാനവശം അതിന്റെ സാമ്പത്തിക അനന്തര ഫലങ്ങൾ കാര്യക്ഷമമായ രീതിയിൽ പഠിക്കുന്നു എന്ന് ഉറപ്പുവരുത്തുകയാണ്. ഈ അനന്തര ഫലങ്ങൾ പ്രത്യേകമായി ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, തൊഴിലാളികളുടെ തൊഴിലവസരങ്ങൾ, ഉപജീവനമാർഗങ്ങൾ എന്നിവയിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്ന് പഠിച്ചിരിക്കണം. പരിസ്ഥിതി പ്രശ്നങ്ങൾ ശാസ്ത്രീയമായി വ്യക്തതയുള്ളതും, സാമ്പത്തികമായി സാധ്യമായതും, തുല്യത ഉറപ്പുവരുത്തേണ്ടതുമായ രീതിയിൽ പരിഹരിക്കേണ്ടത് ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളി നേരിടുന്നതിലെ ഒരു പ്രധാന ഘടകം തൊഴിലിനും ഉപജീവന സംരക്ഷണത്തിനുമുള്ള ബദൽ മാർഗ്ഗങ്ങൾ ഉണ്ടാക്കി പരിസ്ഥിതി ചട്ടങ്ങൾ പാലിക്കുകയാണ്. പലപ്പോഴും കാണുന്നതുപോലെ ചട്ടങ്ങൾ നടപ്പിലാക്കിയതിനു ശേഷം തൊഴിലിനും ഉപജീവനത്തിനും സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്ന രീതിയിലാകരുത്.

## 6.1 ജൈവ വൈവിധ്യം

183. സുസ്ഥിര വികസനത്തിലെ വളരെ പ്രധാനപ്പെട്ട കാര്യങ്ങളിലൊന്നാണ് ജൈവ വൈവിധ്യം. ജൈവ വൈവിധ്യത്തിന്റെ സംരക്ഷണം ആസൂത്രണ പ്രക്രിയയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നായി തുടരും. അതേസമയം തന്നെ, ജൈവ വൈവിധ്യം വികസനത്തിലെ ഒരു പ്രധാന ഘടകമായി കാണിക്കേണ്ടതും വളർത്തേണ്ടതും അത്യാവശ്യമാണ്. ജൈവവൈവിധ്യ സമ്പത്ത് കൊണ്ട് ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ ഉയർത്തുക, ഉത്പാദനക്ഷമത വർധിപ്പിക്കുക, കാർഷിക, വന മേഖലകളിൽ മൂല്യവർധിത ഉൽപ്പാദനം നടത്തുക എന്ന നിലയിലേയ്ക്കുള്ള മാറ്റം ആസൂത്രണത്തിനുള്ള ഒരു വെല്ലുവിളിയാണ്. പ്രകൃതി വിഭവങ്ങളിൽ നിന്നും പുതിയ മരുന്നുകൾ വികസിപ്പിക്കുന്നതിനുള്ള പരിശ്രമത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് ജൈവ

വൈവിധ്യത്തിൽ നൽകുന്ന ഊന്നൽ സഹായിക്കും. പതിമൂന്നാം പദ്ധതി ജൈവ വൈവിധ്യത്തെക്കുറിച്ച് കൂടുതൽ അളവുപരമായതും, പ്രത്യേകമായ അറിവ് വളർത്തുന്നതിന് അടിസ്ഥാന വർഗ്ഗീകരണ സമീപനത്തിനോടൊപ്പം തന്നെ പ്രോത്സാഹനം നൽകും.

184. രാജ്യത്തെ ജൈവവൈവിധ്യത്തിന്റെ തന്ത്ര പ്രധാന കേന്ദ്രമാണ് (hot-spot of biodiversity) കേരളം. തങ്ങളുടെ പ്രദേശത്തെ ജൈവവവൈവിധ്യത്തെക്കുറിച്ചുള്ള പ്രാദേശിക വിജ്ഞാനവും ജൈവ വൈവിധ്യ സാധ്യതകളെക്കുറിച്ചുള്ള വിപുലമായ അവബോധവും കേരളത്തിന്റെ നേട്ടങ്ങളാണ്. ജനകീയാസൂത്രണ പ്രക്രിയയുടെ ഉത്പന്നമായ ജനങ്ങളുടെ ജൈവ വൈവിധ്യ രജിസ്റ്റർ (People's Biodiversity Register) വലിയൊരു നേട്ടവും കൂടുതൽ മുന്നോട്ടുപോകുന്നതിനുള്ള ഒരു സുപ്രധാന വിഭവവുമാകുന്നു. പതിമൂന്നാം പദ്ധതി ഈ പരിപാടികളെ സഹായിക്കും. സംസ്ഥാനം ചിട്ടയായ രീതിയിലൂടെ, ജനകീയ പങ്കാളിത്തത്തോടെ, ജനങ്ങളുടെ രജിസ്റ്ററുകൾ നിർമ്മിക്കുന്നതിനും, ജൈവ വൈവിധ്യത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും പരിപാലിക്കുന്നതിനും സ്ഥാപനവത്കരിക്കുന്നതിനും വേണ്ട പരിശ്രമങ്ങളുമായി മുന്നോട്ടുപോകണം.

185. കാർഷികവിള ഉത്പാദന മേഖലയിൽ ജൈവ വൈവിധ്യത്തിന്റെ പങ്ക് മനസ്സിലാക്കുന്നതിനായി പ്രത്യേക പഠനങ്ങൾ ആവശ്യമാണ്. വിള ഉത്പാദനത്തിനുവേണ്ട വസ്തുക്കളുടെ യുക്തിപരമായ ഉപയോഗത്തിലേക്ക് നീങ്ങുന്നതിന് കാർഷിക-ജൈവ വൈവിധ്യത്തെക്കുറിച്ചറിയുന്നതിലൂടെ സാധിക്കും. ഇപ്പോൾ കേരളത്തിലെ കൃഷിയിൽ രാസവസ്തുക്കളുടെ ഉപയോഗം അഖിലേന്ത്യാ ശരാശരിയെക്കാളും താഴെയാണ്. തീവ്രമായ ഉപയോഗത്തിന്റെ ചില കേന്ദ്രങ്ങളുണ്ടെങ്കിലും അത്തരം വസ്തുക്കളുടെ ഉയർന്ന  ഉപഭോഗമുള്ള സംസ്ഥാനങ്ങളെക്കാളും വളരെതാഴെയാണ് കേരളത്തിന്റെ ശരാശരി ഉപയോഗം. ഇത്തരത്തിലുള്ള അറിവുകൾ സുസ്ഥിരമായ കൃഷിയ്ക്കുവേണ്ട ജൈവവും രാസപദാർത്ഥവുമായ വസ്തുക്കളുടെ ഉപയോഗത്തിനു സഹായിക്കും.

186. ഉപജീവനമാർഗങ്ങൾ വർധിപ്പിക്കുന്നതിൽ ജൈവ വൈവിധ്യ വികസനത്തിന്റെ സാധ്യത എങ്ങനെ ഉപയോഗിക്കാമെന്ന് ആസൂത്രണ ബോർഡ് പഠനം നടത്തും. ഏതാനും സൂക്ഷ്മമായി തെരഞ്ഞെടുത്ത പൈലറ്റ് പ്രൊജക്ടുകൾ കൊണ്ട്

ഇതിനൊരു തുടക്കം കുറിക്കാവുന്നതാണ്. ജൈവ വൈവിധ്യവും ആയുർവേദ, ആധുനിക മെഡിസിൻ ഉൾപ്പെടെയുള്ള മരുന്നുകളുടെ വികസനത്തിന്റെ സാധ്യതയും തമ്മിലുള്ള ബന്ധം ഞങ്ങൾ മനസ്സിലാക്കുന്നു.

187. ആദിവാസി സമൂഹങ്ങളും വനമേഖലയോടടുത്തുള്ള സമൂഹങ്ങളും ജൈവ വൈവിധ്യത്തെക്കുറിച്ച് ഗണ്യമായ അറിവുള്ളവരാണ്. അത്തരം അറിവുകളുപയോഗിച്ച്, അവരുടെ ഉപജീവനമാർഗ്ഗത്തെ അഭിവൃദ്ധിപ്പെടുത്താനുള്ള മാർഗങ്ങൾ തേടണം.

188. പൊതുവിൽ കൃഷിസ്ഥലത്തെ ജൈവ വൈവിധ്യം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കും.

189. ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള നിയമങ്ങൾ, ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഒരു പ്രധാന ധനവിഭവത്തിന്റെ സ്രോതസ്സായി കാണുന്നത് ആനുകൂല്യങ്ങൾ പങ്കുവയ്ക്കുന്ന വ്യവസ്ഥകളെയാണ് (benefit sharing arrangements). പതിമൂന്നാം പദ്ധതി ഈ മേഖലയിലെ നേട്ടങ്ങളും പ്രവേശനമാർഗങ്ങളും പങ്കുവെയ്ക്കുന്നതു വഴി ഉണ്ടാകുന്ന വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കും.

## 6.2 വന സംരക്ഷണം

190. നമ്മുടെ വന സമ്പത്ത് സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യും. പതിമൂന്നാം പദ്ധതി വനമേഖലയിൽ വനസംരക്ഷണത്തിനും മാനേജ്മെന്റിനും ഊന്നൽ നൽകും. ആധുനിക സർവ്വേ സൗകര്യങ്ങളുപയോഗിച്ച് വനഭൂമിയുടെ അതിർത്തി നിർണ്ണയത്തെയും വഴി അടയാളങ്ങളുടെയും മതിലുകളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും പദ്ധതി സഹായിക്കും. ഭൗതിക തടസ്സങ്ങൾ സ്ഥാപിച്ചും വിളനഷ്ടത്തിന് നഷ്ടപരിഹാരം ഉറപ്പുവരുത്തിയും മനുഷ്യ-മൃഗ സംഘർഷങ്ങൾ കുറയ്ക്കുന്നതിനായിരിക്കും വന മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഊന്നൽ നൽകുന്നത്. വനത്തിനുള്ളിലെ ജല പരിപാലനത്തിനും മണ്ണും ഈർപ്പവും സംരക്ഷിച്ച് നദികളിലേക്കും വനത്തിനുള്ളിൽ നിന്നുത്ഭവിക്കുന്ന അരുവികളിലേക്കും സ്ഥിരമായി നീരൊഴുക്ക് ഉറപ്പുവരുത്തുന്നതിനും കാര്യമായ സഹായം നൽകും.

## 6.3 കാലാവസ്ഥാ വ്യതിയാനം

191. വികസനത്തിന് ഉയർന്നുവരുന്ന ഒരു തടസ്സമാണ് കാലാവസ്ഥാ വ്യതിയാനം. ഹരിത വാതകങ്ങൾ പുറന്തള്ളുന്നത് കുറയ്ക്കുന്നതുമായും കാലാവസ്ഥാ വ്യതിയാനം വിവിധ മേഖലകളിൽ ഏൽപ്പിക്കുന്ന ആഘാതം കൈകാര്യം ചെയ്യുന്നതുമായും ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവിടെയുള്ളത്.

192. ആഗോളതാപനത്തിന്റെ ഒരു പ്രധാന അനന്തര ഫലം കൃഷിയിലും ബന്ധപ്പെട്ട മേഖലകളിലും അതേൽപ്പിക്കുന്ന വർധിച്ച പ്രയാസങ്ങളാണ്. പശ്ചാത്തല സൗകര്യ വികസനമാണ് മറ്റൊരു പ്രശ്നമേഖല. സമുദ്രനിരപ്പുയരുന്നതിനാൽ തീരദേശം പൊതുവിലും അവിടങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ പ്രത്യേകമായും അപകട സാധ്യതയിലാണ്. ഭാവിയിലുണ്ടാകുന്ന ഗുരുതരമായ കാലാവസ്ഥാ വ്യതിയാന ഫലങ്ങൾ പുതിയ പശ്ചാത്തല സൗകര്യ വികസനം ആസൂത്രണം ചെയ്യുമ്പോഴും നിർമ്മിക്കുമ്പോഴും കണക്കിലെടുക്കണം.

193. ഭാവിയിലെ കാലാവസ്ഥാ വ്യതിയാന ആഘാതം കണക്കുകൂട്ടുന്നതിൽ അനിശ്ചിതത്വങ്ങൾ നിലനിൽക്കുന്നു. ശാസ്ത്രീയ, സാമൂഹിക, സാമ്പത്തിക ഘടക ങ്ങളാണ് ഈ അനിശ്ചിതത്വങ്ങൾക്ക് കാരണം. ഈ പശ്ചാത്തലത്തിൽ കാലാവ സ്ഥ മാറുന്നതും വിവിധമേഖലകളിലെ കാലാവസ്ഥ ആഘാതവും തുടർച്ചയായി നിരീക്ഷിക്കേണ്ടത് ആവശ്യമാണ്. എന്നിരുന്നാലും, പ്രത്യേകിച്ചും കൃഷി അനുബന്ധ മേഖലകളിലെ ചെറുകിട കർഷകരും ഉത്പാദകരും അഭിമുഖീകരിക്കുന്ന ഇപ്പോഴ ത്തെ ബുദ്ധിമുട്ടുകൾ, വേണ്ടത്ര പഠനം നടത്താതെ കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതമായി കണക്കാക്കരുത്. കാലാവസ്ഥ മാറ്റം അവരിലുണ്ടാക്കുന്ന ആഘാ തം കൂടുതലാകുന്നത് ദേശീയവും അന്തർദേശീയവുമായ സാമ്പത്തിക ഘടകങ്ങൾ കൊണ്ടാണ്.

194. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര സഹകരണം ഉപയോഗപ്രദമായ ശാസ്ത്രീയവും സാങ്കേതികവുമായ വിവരങ്ങളും വിജ്ഞാനവും ലഭിക്കുന്നതിൽ സഹായിക്കും. എന്നിരുന്നാലും, ആഗോള താപനത്തെ പ്രതിരോധി ക്കുന്നതിൽ അന്തർദേശീയ, ദേശീയ, സംസ്ഥാനതല നയരൂപീകരണത്തിൽ പ്രദേശത്തെ ജനങ്ങളുടെ വികസന മുൻഗണനകൾക്ക് വേണ്ടത്ര പരിഗണന

നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

195. കേരളത്തിൽ കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഒരു കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതിക്ക് ഇതിനകം രൂപംനൽകിക്കഴിഞ്ഞു. എന്നിരുന്നാലും, ഇത് പതിമൂന്നാം പദ്ധതിക്കാലയളവിൽ, പുതിയ അറിവിന്റെയും ഉരുത്തിരിഞ്ഞുവരുന്ന കാലാവസ്ഥാ നയത്തിന്റെയും വെളിച്ചത്തിൽ കർമ്മപദ്ധതി പരിഷ്കരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിൽ, കാലാവസ്ഥാ വ്യതിയാനം കൊണ്ട്, വരുംകാലത്ത് കൃഷിയുടെ വിളവ് കുറയാനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കണം.

196. പശ്ചാത്തല സൗകര്യ ആസൂത്രണം, നിർമ്മാണം, പരിപാലനം എന്നിവയുടെ ഇപ്പോഴത്തെയും ഭാവിയിലെയും കാലാവസ്ഥാ അപകട സാധ്യത നേരിടുന്നതിനു വേണ്ട ഒരു സ്ഥിരതയാർന്ന രീതി ശാസ്ത്രം രൂപപ്പെടുത്തേണ്ടതും പുരോഗമനപരമായി നടപ്പിലാക്കേണ്ടതും ആവശ്യമാണ്. തുടർന്നുകൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ആരോഗ്യ പ്രത്യാഘാതങ്ങൾ തുടർച്ചയായി നിരീക്ഷിക്കേണ്ടത് ആവശ്യമാണ്. സംസ്ഥാനം, ജില്ല, താലൂക്ക് തലത്തിൽ കടുത്ത കാലാവസ്ഥാ സംഭവങ്ങളുൾപ്പടെ കാലാവസ്ഥാ ഘടകങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ ചിട്ടയായ ശേഖരണം സംസ്ഥാനത്ത് നടത്തേണ്ടതുണ്ട്. ബന്ധപ്പെട്ട കേന്ദ്ര സർക്കാർ വകുപ്പുകളുടെ ശ്രമങ്ങളുമായി സംയോജിപ്പിച്ച് വിവരശേഖരണ പരിശ്രമങ്ങൾ ഉയർത്തണം. ഭാവിയിലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ രീതിയെ സംബന്ധിച്ച് ഇപ്പോൾ ലഭ്യമായ എല്ലാ ശാസ്ത്രീയമായ വിവരങ്ങളും ഉപയോഗപ്പെടുത്തുകയും ബന്ധപ്പെട്ട സംസ്ഥാന സർക്കാർ വകുപ്പുകളുടെ ശ്രമങ്ങളിലേക്ക് യോജിപ്പിക്കുകയും ആവശ്യമാണ്. അത് ചിട്ടയായ അടിസ്ഥാനത്തിൽ ചെയ്യുകയും വേണം.

197. ദേശീയ, സംസ്ഥാനതല ശ്രമങ്ങൾക്കു പുറമെ, കാലാവസ്ഥാ വ്യതിയാനത്തോട് ഇണങ്ങിച്ചേരുന്നതിനും ആഘാതം ലഘൂകരിക്കുന്നതിനും പ്രാദേശികതല ഉദ്യമങ്ങൾ ആവശ്യമാണ്. കാലാവസ്ഥാ വ്യതിയാന ആഘാത ലഘൂകരണത്തിൽ കാർബൺ പുറംന്തള്ളൽ കുറയ്ക്കുന്നതിന് ജില്ലാ അല്ലെങ്കിൽ താഴെത്തട്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രോത്സാഹിപ്പിക്കണം.

## 6.4 ദുരന്ത നിവാരണം

198. ദുരന്ത നിവാരണം വിവിധതലങ്ങളുള്ള ഒരു പ്രശ്നമാണ്. വ്യാപകമായ വ്യത്യസ്ത ആപത്തുകളുടെ സ്രോതസ്സുകളും, പല തലത്തിലുള്ള പ്രവർത്തനങ്ങളും ഇത് ഉൾക്കൊള്ളുന്നു. പ്രകൃതി ദുരന്തങ്ങളെ കാലാവസ്ഥാ വ്യതിയാനവുമായി കൂട്ടിക്കുഴയ്ക്കരുത്; അത് അപകട സാധ്യത കുറയ്ക്കുന്നതിന് സ്വീകരിക്കാവുന്ന ഹ്രസ്വകാല നടപടികൾ എടുക്കുന്നത് തടയാൻ കാരണമാകാം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വികസന ശ്രമങ്ങളുടെ ഒരു സ്വാഭാവിക ഘടകമായിരിക്കണം. അതേസമയം തന്നെ, ഇപ്പോഴത്തെ പ്രകൃതി ദുരന്തങ്ങളെ തൃപ്തികരമായി നേരിടുന്നത്, ഭാവി ആഗോള താപനത്തിനും വർധിച്ച കാലാവസ്ഥാ ചാഞ്ചല്യത്തിനും വേണ്ടുന്ന വിലപിടിപ്പുള്ള അനുഭവങ്ങൾ നിർദ്ദേശിക്കുന്നു. നടന്നുകൊണ്ടിരിക്കുന്ന വികസനത്താൽ നഗരത്തിലെ വെള്ളപ്പൊക്കം പോലെയുള്ള പുതിയ ദുരന്തങ്ങൾ ഉയർന്നു വന്നേക്കാം; അവയെ നേരിടുകയെന്നത് ഒരു വെല്ലുവിളിയാണ്.

199. പ്രകൃതിദുരന്തങ്ങൾ, ദുരന്തനിവാരണത്ത സംബന്ധിച്ച് ഒരു പ്രധാന വിഷയമാണ്. അതു പോലെ പ്രാധാന്യമുള്ളതാണ് മനുഷ്യ നിർമ്മിതമായ ദുരന്തങ്ങളും അവയുണ്ടാക്കുന്ന അപകടസാധ്യതകൾ ലഘൂകരിക്കുന്ന പ്രവർത്തനങ്ങളും. സമീപകാലത്ത്, 2016 ലുണ്ടായ വെടിക്കെട്ട് അപകടം ഇത്തരത്തിലുള്ള കാര്യങ്ങളിൽ വിലപ്പെട്ട പാഠങ്ങൾ നൽകുന്നു. സാങ്കേതിക-നിയമ നടപടികളുടെ ശക്തമായൊരു നിയന്ത്രണ വ്യവസ്ഥയും അതിന്റെ അചഞ്ചലമായ നടത്തിപ്പും അത്തരം ദുരന്തങ്ങൾ തടയപ്പെടുന്നുവെന്ന് വ്യക്തമായി ഉറപ്പുവരുത്തും. അതേസമയം തന്നെ, സുരക്ഷാ അവബോധത്തിന്റെ സംസ്കാരവും സുരക്ഷാ നിയന്ത്രണങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധവും, സുരക്ഷ നിയന്ത്രണങ്ങൾ സമൂഹത്തിൽ വിപുലമായി പാലിക്കപ്പെടേണ്ടതും ആവശ്യമാണ്. വൈദ്യുതോപകരണങ്ങൾ, രാസവസ്തുക്കളുടെ ഫാക്ടറി, ഉത്സവ സന്ദർഭങ്ങളിലെ ജനക്കൂട്ടത്തിന്റെ പെരുമാറ്റ പ്രശ്നങ്ങൾ, ഉയരമുള്ള കെട്ടിടങ്ങളിലെ തീപിടുത്ത അപകട സാധ്യത തുടങ്ങിയവയിൽ നിന്ന് മറ്റു മനുഷ്യ നിർമ്മിത ദുരന്തങ്ങൾ ഉയർന്നു വന്നേക്കാം. പൊതുവിലുള്ള ഒരു സുരക്ഷാ സംസ്കാരവും സ്ഥിരതയാർന്നതും വ്യക്തമായതുമായ ഒരു സാങ്കേതിക-നിയമ വ്യവസ്ഥയും ഇക്കാര്യങ്ങളെല്ലാം കാര്യക്ഷമമായി പരിഹരിക്കുന്നുവെന്ന് ഉറപ്പാക്കും.

200. ദുരന്ത നിവാരണത്തിനായുള്ള ഒരു സമഗ്രവും സംയോജിതവുമായ സമീപനം

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ വികസിപ്പിക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുരക്ഷാ സംസ്കാര പ്രവർത്തനവും സ്ഥിരമായ നിയന്ത്രണ സുരക്ഷാ ഓഡിറ്റുകളും നടത്തേണ്ടത് ആവശ്യമാണ്. സമൂഹാടിസ്ഥാനത്തിൽ ദുരന്ത, അപകട സാധ്യത കുറയ്ക്കുന്നതും ദുരന്ത നിവാരണവും നടപ്പിൽ വരുത്തുന്നത് കേരളത്തിന്റെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലൂടെയാണ്. ഇത് കൂടുതൽ വ്യക്തമായതും മികച്ച സ്ഥാപനവത്ക്കരിക്കപ്പെട്ടതുമായ ദുരന്ത നിവാരണം എല്ലാ തലങ്ങളിലും നൽകുന്നതിന് അടിത്തറയാകും.

# 7 തദ്ദേശ സ്വയംഭരണ സർക്കാരുകൾ

201. ഇനിപ്പറയുന്ന മൂന്ന് പ്രധാനകാര്യങ്ങളാൽ കേരളത്തിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുഭവം വ്യത്യസ്തമായിരിക്കുന്നു. ഒന്ന്, ധനപരമായ അധികാര കൈമാറ്റം മറ്റെവിടുത്തേതിനേക്കാളും കേരളത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. രണ്ട്, മറ്റെവിടുത്തേതിനേക്കാളും പദ്ധതികൾക്ക് രൂപംനൽകുന്നതിലും നടപ്പിലാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മൂന്ന്, വികസന ആസൂത്രണത്തിലെ ജനപങ്കാളിത്തത്തിന്റെ വ്യാപ്തി മറ്റിടങ്ങളിലേതിനെക്കാളും വലുതാണ്.

202. ഒന്നാം ജനകീയാസൂത്രണം സംസ്ഥാനത്തെ ജനാധിപത്യ അധികാര വികേന്ദ്രീകരണം തീവ്രവും വിശാലവുമാക്കി. എന്നിരുന്നാലും, തുടർന്ന് ജനകീയ പങ്കാളിത്തം കുറഞ്ഞതായി വിമർശനമുയർന്നു. അധികാര വികേന്ദ്രീകരണ പരീക്ഷണവും ഉത്പാദനരംഗത്ത് കാര്യമായ ഫലം ഉണ്ടാക്കിയില്ലെന്ന വിമർശനവും ഉയരുകയുണ്ടായി. പഞ്ചവത്സര പദ്ധതികൾ കാര്യക്ഷമമായി തയ്യാറാക്കാത്തതിലും പദ്ധതിയുടെ വ്യക്തമായ കാഴ്ചപ്പാട് ഉൾക്കൊണ്ട് വാർഷിക പദ്ധതി തയ്യാറാക്കാത്തതിലും വിമർശനമുണ്ടായി.

203. സംസ്ഥാന സർക്കാർ ഇപ്പോൾ രണ്ടാം ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചിരിക്കുന്നു. അങ്ങനെ പതിമൂന്നാം പദ്ധതിക്കാലയളവ് ഈ സുപ്രധാന പരിപാടിയുമായി യോജിപ്പിച്ചിരിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡ് ഈ പരിപാടിയുടെ മുന്നോട്ടുപോക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകും.

204. പ്രത്യേകിച്ചും പ്രകൃതി-സൗഹൃദ കൃഷി വഴി ഉത്പാദനം വർധിപ്പിക്കുക എന്നത് രണ്ടാം ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ സുപ്രധാന ലക്ഷ്യമാണ്. പലയിടത്തും വിവരിച്ചിട്ടുള്ളതുപോലെ ഈ പ്രവർത്തനത്തിന്റെ മറ്റ് പ്രധാനപ്പെട്ട മേഖലകൾ മാലിന്യ നിർമ്മാർജ്ജനവും ജലാശയങ്ങളുടെ പുന:സ്ഥാപനവും പുന:രുജ്ജീവനവുമാണ്.

205. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പദ്ധതിക്കാലയളവിൽ കൃഷി,

കുടിവെള്ളം, പ്രകൃതി വിഭവങ്ങളുടെ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ നീർത്തടാധിഷ്ഠിത സമീപനത്തിലൂടെ കൈകാര്യം ചെയ്യും.

206. ജില്ലാ ആസൂത്രണ കമ്മിറ്റികളുടെ ആവശ്യകതയ്ക്കും അവരുടെ ജില്ലാ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും ആസൂത്രണത്തിലെ യഥാർത്ഥ സ്ഥാനത്ത് അവയെ പുന:സ്ഥാപിക്കുന്നതിനും സംസ്ഥാന ആസൂത്രണ ബോർഡ് ഊന്നൽ കൊടുക്കും.

207. അധികാരവികേന്ദ്രീകരണത്തിനുവേണ്ട പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കുന്നുണ്ടെന്ന് രണ്ടാം ജനകീയാസൂത്രണ പ്രചരണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തും. പുതിയ പ്രവർത്തനങ്ങൾ മുൻഗണനാരംഗങ്ങളിൽ പുതിയരീതിയിലുള്ള ഇടപെടലുകൾ നിർദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ലഭ്യമായ വിവിധ സാങ്കേതിക, പ്രൊഫഷണൽ വ്യക്തികളുടെയും ഏജൻസികളുടെയും പരിചയ സമ്പത്ത് ഉപയോഗിക്കാനും നിർദ്ദേശിക്കുന്നു.

208. പതിമൂന്നാം പദ്ധതി പ്രാദേശിക വിഭവ സമാഹരണത്തിന് ഗണ്യമായ മുന്നേറ്റം ലക്ഷ്യംവെയ്ക്കുന്നു, ജനകീയാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനായി ഒരു കൂട്ടം പ്രോത്സാഹനങ്ങളും നിർദ്ദേശിക്കുന്നു.

209. നഗരവത്ക്കരണത്തിന്റെയും നഗരാസൂത്രണത്തിന്റെയും പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകുകയും നഗരവികസനത്തിനുവേണ്ട സമഗ്ര കർമ്മ പദ്ധതിയ്ക്കായി പ്രവർത്തിക്കുകയും ചെയ്യും.

210. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, സംസ്ഥാന സർക്കാർ വകുപ്പുകൾ, ജനകീയ പ്രസ്ഥാനങ്ങൾ, വ്യക്തികൾ എന്നിവ ചേർന്ന് ശ്രമിച്ച് സംസ്ഥാനത്തെ കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനുള്ള വെല്ലുവിളി ഏറ്റെടുക്കും.

211. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന പ്രവർത്തനങ്ങളായ ഭവന നിർമ്മാണം, ശുചീകരണം, വൈദ്യുതീകരണം, ഭക്ഷണം, ആരോഗ്യ സുരക്ഷ, ഇൻഷ്വറൻസ്, സ്കൂൾ വിദ്യാഭ്യാസം, തൊഴിലുറപ്പ്, ക്ഷേമ പെൻഷൻ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, രോഗികൾ എന്നിവർക്കുവേണ്ട പ്രത്യേക പരിചരണം തുടങ്ങിയവയെ

പതിമൂന്നാം പദ്ധതി സഹായിക്കും.

212. നഗരവികസനത്തിലെ സമാന്തര സംവിധാനങ്ങൾ അവസാനിപ്പിക്കാൻ ആസൂത്രണ ബോർഡ് നിർദ്ദേശിക്കും.

213. പതിമൂന്നാം പദ്ധതിക്കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ഐ എസ് ഒ സർട്ടിഫിക്കേഷൻ തേടുന്നതിനായി ശ്രമിക്കും.

214. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ശക്തിപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെൻറ് (എസ് ഐ ആർ ഡി) കിലയുമായി ലയിപ്പിക്കാൻ ആസൂത്രണ ബോർഡ് നിർദ്ദേശിക്കുന്നു.

# 8 വിനോദസഞ്ചാരം

215. സംസ്ഥാന മൊത്ത ആഭ്യന്തരോത്പാദനത്തിലെ വിനോദസഞ്ചാരത്തിന്റെ സംഭാവന ഏകദേശം 10 ശതമാനമാകുന്നു. വിനോദസഞ്ചാരം തൊഴിൽ സൃഷ്ടിക്കുന്നു, വരുമാനം കൊണ്ടുവരുന്നു, രാജ്യത്തിന്റെ മറ്റിടങ്ങളിലേക്കും ലോകത്തേക്കും സംസ്കാരത്തിന്റെ വാതിൽ തുറക്കുന്നു. മറ്റു വികസന മേഖലകളുമായുള്ള പാരസ്പരിക ബന്ധമാണ് വിനോദസഞ്ചാരത്തിന്റെ ഒരു പ്രത്യേകത. ആരോഗ്യം, ശുചീകരണം, നഗര, ഗ്രാമ ആസൂത്രണം, ഗതാഗതം, കണക്ടിവിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇതര മേഖലകൾ എന്നിവയുടെ ഒരുപോലെയുള്ള വികസനം ഉണ്ടായില്ലെങ്കിൽ വിജയകരമായ വിനോദസഞ്ചാരം സാധ്യമാകില്ല.

216. 1990 കളിലെയും 2000 ത്തിന്റെ തുടക്കത്തിലെയും അഭിവൃദ്ധിക്കുശേഷം വിനോദസഞ്ചാരികളുടെ കേരളത്തിലേക്കുള്ള ആഗമനത്തിലെ വളർച്ചാ നിരക്ക് ഇടിഞ്ഞു. എന്നിരുന്നാലും സംസ്ഥാനത്തിന്റെ വാഗ്ദാന സാധ്യതയായി വിനോദസഞ്ചാരം നിലനിൽക്കുന്നു. പാരമ്പര്യ കേന്ദ്രങ്ങളായ കൊച്ചി, കൊച്ചിയുടെ തെക്കൻ പ്രദേശങ്ങൾ, മലയോര പ്രദേശങ്ങൾ എന്നിവ ഇന്നും സാധ്യതയുള്ളവയാണ്. സ്ഥിരതയാർന്നതും വർധിച്ചുവരുന്നതുമായ തീർത്ഥാടകരുടെ വരവിലെ വർധനവ് ഒരു സാധ്യതയാണ്. വിസ്തൃതമായതും ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതുമായ വിനോദസഞ്ചാര സാധ്യതകൾ സംസ്ഥാനത്തിന്റെ വടക്കുഭാഗങ്ങളിലുണ്ട്.

217. വിനോദസഞ്ചാര വികസനത്തിന് സാങ്കേതിക വൈദഗ്ധ്യവും മൊത്തത്തിലുള്ള ആസൂത്രണവും ആവശ്യമാണ്. അത് എല്ലാവിഭാഗം വിനോദസഞ്ചാരികളുടെയും, സുഖഭോഗ സഞ്ചാരികൾ തുടങ്ങി കുറഞ്ഞവരുമാനമുള്ള കുടുംബ സഞ്ചാരികളുടെയും യാതൊരു തയ്യാറെടുപ്പുമില്ലാതെ ചുമലിൽ ബാഗുമായി എത്തുന്നവരുടെയും (backpackers) താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതുമായിരിക്കണം. അത് ഉത്തരവാദിത്ത വിനോദസഞ്ചാരം ആയിരിക്കണം. വാഹക ശേഷിയോട് (carrying capacity) സംവേദിക്കുന്നതും സംസ്ഥാനത്തിന്റെ പരിസ്ഥിതിയുടെയും ജനങ്ങളുടെയും ആവശ്യത്തിനു യോജിച്ചതുമാവണം. ഈ വെല്ലുവിളിയിൽ തീർച്ചയായും നമുക്ക് വിജയിക്കാനാവും.

218. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയ്ക്കുവേണ്ടി പുതിയ വളർച്ചാ തന്ത്രത്തിന് പതിമൂന്നാം പദ്ധതി ശ്രമിക്കും. പ്രധാന ഫലസൂചികകളായ വിദേശത്തുനിന്നു വരുന്ന സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കും. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 50 ശതമാനം കണ്ട് വർധിപ്പിക്കും. അതു പോലെ പതിമൂന്നാം പദ്ധതിക്കാലത്ത് ഈ രംഗത്ത് ഏകദേശം 4,00,000 തൊഴിലുകൾ സൃഷ്ടിക്കും.

219. അന്തർദേശീയമായി വിനോദസഞ്ചാരത്തിനുവേണ്ടിയുള്ള സർക്കാർ ചെലവഴിക്കൽ പൊതുവിൽ ഊന്നൽ നൽകുന്നത് പലതരത്തിൽ വിനോദസഞ്ചാരം പ്രചരിപ്പിക്കുന്നതിനാണ്; അതേസമയം പശ്ചാത്തല സൗകര്യവും വിനോദസഞ്ചാര കേന്ദ്ര വികസനവും പ്രധാനമായും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലയാവുന്നു. നേരെ മറിച്ചാണ് കേരളത്തിലെ സാഹചര്യം. ഇവിടെ, വിനോദ സഞ്ചാര വികസനത്തിനുവേണ്ടി വകയിരുത്തുന്നതിന്റെ 60 ശതമാനത്തിലധികവും പശ്ചാത്തല സൗകര്യത്തിനും 25 ശതമാനം വിനോദസഞ്ചാര പ്രചരണത്തിനും എടുക്കുന്നു. ഈ അസമത്വം പതിമൂന്നാം പദ്ധതി ഭാഗികമായി ശരിയാക്കും; മൊത്തം വകയിരുത്തലിന്റെ ചുരുങ്ങിയത് മൂന്നിലൊന്ന് വിഹിതമെങ്കിലും വിനോദ സഞ്ചാര പ്രചരണത്തിനായി മാറ്റിവെയ്ക്കും.

220. കടൽത്തീരം, ചരിത്രം, പൈതൃകം, സാംസ്കാരികം, വനം, പരിസ്ഥിതി വിഭവങ്ങൾ, മെഡിക്കൽ എന്നീ കേരളത്തിലെ വിനോദസഞ്ചാരത്തിന്റെ പൂർണ്ണ സാധ്യതകൾ കണ്ടെത്തുകയും ഉപയോഗിക്കുകയും ചെയ്യണം. അത് പാരമ്പര്യേതര വിനോദ സഞ്ചാര കേന്ദ്രങ്ങളുടെയും ഉത്പന്നങ്ങളുടെയും വികസനത്തെ പ്രോത്സാഹിപ്പിക്കും. അങ്ങനെ ഏതെങ്കിലും പ്രത്യേക സീസണിൽ മാത്രം ഒതുങ്ങുന്ന നിലവിലുള്ള വിനോദസഞ്ചാരത്തെ അതിൽനിന്നും വർഷം മുഴുവനായും വ്യാപിപ്പിക്കും.

221. വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതും ഈ മേഖലയിൽ സാധ്യതയുള്ള വിവിധ പ്രവർത്തനങ്ങളായ ബിനാലെ, കേരളത്തിലെ പലതരം കലകളുടെ ഉത്സവങ്ങൾ, പരിസ്ഥിതി വിനോദസഞ്ചാരം, സുഗന്ധദ്രവ്യ ഇടനാഴി (spice route) യുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളും പരിപാടികളും ഉത്തരകേരളത്തിലെ താരതമ്യേന ഉപയോഗപ്പെടുത്താത്ത വിനോദസഞ്ചാര സാധ്യതകൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും പതിമൂന്നാം പദ്ധതി വിഭവങ്ങൾ വകയിരുത്തും.

222. കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ ഉന്നത നിലവാരമുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് നൈപുണ്യ വൈദഗ്ധ്യമുള്ള കൂടുതൽ ചെറുപ്പക്കാരെ ആവശ്യമുണ്ട്. ഇത് ചെയ്യേണ്ടത് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ മനുഷ്യ വിഭവശേഷി ഉയർത്തുന്നതിനു മാത്രമല്ല ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും ലോകത്തുതന്നെയും ഈ രംഗത്ത് തൊഴിലെടുക്കാൻ യുവാക്കളെ തയ്യാറാക്കുന്നതിനുമാണ്.

223. അന്തർദേശീയതലത്തിൽ ''കേരളത്തിലേക്കു വരൂ'' വർഷമായി (International Come to Kerala Year) 2019 നെ പ്രഖ്യാപിക്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു. ഒരു വർഷം നീളുന്ന ഈ പരിപാടിക്ക് വിശദമായ തയ്യാറെടുപ്പുകൾ ആവശ്യമാണ്. ഒരു ഉന്നതതല സംഘാടക സമിതി രൂപീകരിക്കണം. അത് വിനോദസഞ്ചാരികളുടെ വരവ് വർധിപ്പിക്കുന്നതിനെ ലക്ഷ്യം വെയ്ക്കുന്നു. ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ (നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുടെ നിലവാരമുയർത്തുന്നതുൾപ്പടെ) ആസൂത്രണം ചെയ്യണം. രാജ്യാന്തരതലത്തിലും രാജ്യത്തിനകത്തും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. രാജ്യാന്തരതലത്തിൽ വിനോദസഞ്ചാര മേഖലയിൽ ശ്രദ്ധയൂന്നുന്ന പത്രങ്ങൾ, ആനുകാലികങ്ങൾ, നൂതന മാധ്യമങ്ങൾ എന്നിവയിലെ മാധ്യമ പ്രവർത്തകരെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കാലേക്കൂട്ടി സന്ദർശിക്കുന്നതിനായും പരസ്യം നൽകുന്നതിനായും ക്ഷണിക്കണം. പരസ്യ പ്രചരണവും വ്യത്യസ്തങ്ങളായ പാക്കേജുകളും ആസൂത്രണം ചെയ്യണം.

224. ''കേരളത്തിലേക്കു വരൂ'' വർഷ പ്രചരണം വിജയിക്കണമെങ്കിൽ ഇതോടൊപ്പം ആരോഗ്യം, പൊതുജനാരോഗ്യം, ശുചീകരണം, ചവറുകൾ വലിച്ചെറിയുന്നത് നിരോധിക്കൽ, ഖരമാലിന്യ സംസ്കരണം, ജലാശയങ്ങളുടെ ശുചീകരണം എന്നിവയും ആവശ്യമാണ്. ഈ ശ്രമം എല്ലാ അർത്ഥത്തിലും വിജയിക്കണമെങ്കിൽ, സംസ്കാരം, പരിസ്ഥിതി, വനം, ആരോഗ്യം, തദ്ദേശസ്വയം ഭരണ സർക്കാരുകൾ, പുരാവസ്തുവും കാഴ്ചബംഗ്ലാവും, കൃഷി തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനങ്ങൾ യോജിപ്പിച്ചുകൊണ്ടുപോകാൻ സംഘാടക സമിതിയ്ക്ക് കഴിയണം.

# 9 കായികരംഗവും യുവജനകാര്യങ്ങളും, കലയും സംസ്കാരവും

## 9.1 കായികരംഗവും യുവജനകാര്യങ്ങളും

225. കേരളത്തിലെ ജനസംഖ്യ 2011 ൽ 33.4 ദശലക്ഷമായിരുന്നു. ജനസംഖ്യയിലെ 5.4 ദശലക്ഷം (16.3 ശതമാനം) കൌമാരപ്രായത്തിലുള്ള 10 നും 19 നും ഇടയിൽ പ്രായംവരുന്നവരും 5.3 ദശലക്ഷം (15.8 ശതമാനം) 15 നും 24 നും ഇടയിൽ പ്രായം വരുന്ന യുവാക്കളുമാണ്. ചെറുപ്പത്തിലേ കായിക ക്ഷമതയും, പോഷകാഹാരവും ലഭിക്കുന്ന കേരളത്തിലെ സാഹചര്യത്തിൽ യുവകായികതാരങ്ങൾ, പ്രത്യേകിച്ചും അത്‌ലറ്റുകൾ, വലിയ അളവിൽ ദേശീയ അംഗീകാരം നേടിയതിൽ അത്ഭുതപ്പെടാനില്ല. പതിമൂന്നാം പദ്ധതിയുടെ ലക്ഷ്യം കേരളത്തിൽ ഊർജ്ജസ്വലമായ കായിക സംസ്കാരം സൃഷ്ടിക്കുക എന്നതാണ്. ഉന്നത നിലവാരമുള്ളതും മത്സരാധിഷ്ഠിതവുമായ കായിക മത്സരങ്ങളിൽ പങ്കെടുക്കാൻ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കും. സാമൂഹിക നേട്ടങ്ങളായ നല്ല ആരോഗ്യം, സാംസ്കാരിക നന്മ, വിശാലമായ വിനോദ സൗകര്യങ്ങൾ, സാമൂഹിക ഉൾച്ചേർക്കൽ എന്നിവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ് കേരളത്തിലെ കായിക സംസ്കാരം.

226. പതിമൂന്നാം പദ്ധതി മൂന്നുതരത്തിലുള്ള ഇടപെടലുകൾ കായികരംഗത്തിനു നൽകും. ഒന്നാമത്തേത്, കായിക വിദ്യാഭ്യാസം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പാഠ്യപദ്ധതിയുമായി സംയോജിപ്പിക്കുന്നതിനെ പതിമൂന്നാം പദ്ധതി സഹായിക്കുകയും സ്പോർട്സ് ഹോസ്റ്റലുകളുടെയും പരിശീലന സ്ഥാപനങ്ങളുടെയും നിലവാരം ഉയർത്തുകയും ചെയ്യും. രണ്ട്, കളിക്കളം, കായികോപകരണങ്ങൾ, മറ്റുപകരണങ്ങൾ എന്നിവയ്ക്കുള്ള ഫണ്ട് വർധിപ്പിക്കും. കായികരംഗത്തു നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുടെ പരിപാലനത്തിനും ഉന്നമനത്തിനും ആധുനിക പശ്ചാത്തല സൗകര്യങ്ങൾ കായികരംഗത്തുണ്ടാവുന്നതിനുവേണ്ടിയും ഫണ്ടുകൾ വർധിപ്പിക്കും. മൂന്ന്, സംസ്ഥാനത്ത് വലിയ തോതിൽ കായികരംഗത്തിന്റെ പ്രശസ്തി വർധിപ്പിക്കുന്നതിന് ശ്രമിക്കും. ഭിന്നശേഷിയുള്ളവർക്കു വേണ്ടിയുള്ള കായിക ഇനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പ്രത്യേക ശ്രമങ്ങൾ പദ്ധതി ഏറ്റെടുക്കും.

227. കായികരംഗത്തെ നേതൃസ്ഥാനത്തുള്ള രണ്ടു സ്ഥാപനങ്ങൾ കായിക ഡയറക്ടേറ്റും കേരള സംസ്ഥാന കായിക കൌൺസിലുമാണ്. ഇപ്പോൾ അവയുടെ രണ്ടിന്റെയും

പ്രവർത്തനങ്ങൾ സമാനതകളുള്ളതാണ്. പതിമൂന്നാം പദ്ധതി അവയോരോന്നിന്റെയും യഥാർത്ഥ പ്രവർത്തനങ്ങൾ പുന:സ്ഥാപിക്കുന്നതിന് ശ്രമിക്കും. പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന്റെയും ഉപകരണങ്ങൾ വാങ്ങുന്നതിന്റെയും ഉത്തരവാദിത്തം ഡയറക്ടേറ്റിനാണ്. കായിക നയത്തിന്റെ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് കൌൺസിലാണ്.

228. കേരളത്തിൽ 18 നും 39 നും ഇടയിൽ പ്രായംവരുന്നവരെയാണ് യുവജനങ്ങൾ എന്നു നിർവചിച്ചിരിക്കുന്നത്. പലയിടത്തും പറഞ്ഞിരിക്കുന്നതുപോലെ പതിമൂന്നാം പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ് യുവജനങ്ങൾക്കുവേണ്ടി തൊഴിൽ സൃഷ്ടിക്കുക എന്നത്. സാമ്പത്തികമായി നേട്ടമുണ്ടാക്കുന്നതായി കൃഷിയെ മാറ്റിക്കൊണ്ടും ബൌദ്ധികമായി ഉത്തേജിപ്പിച്ചുകൊണ്ടും കൃഷിയിലേക്കു യുവാക്കളെ ആകർഷിക്കാൻ പദ്ധതി ശ്രമിക്കും. ഗ്രാമീണ സാമ്പത്തിക പ്രവർത്തനങ്ങളുടെ കഠിനതയും വിരസതയും ഒഴിവാക്കുന്നുവെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ നമുക്ക് ഗ്രാമീണ മേഖലയിൽ യുവാക്കളെ സജീവമായി നിർത്താനാവൂ. ആഗോളമായും തദ്ദേശീയമായുള്ള ആധുനിക തൊഴിലിടങ്ങളിലെ കാര്യക്ഷമതയുള്ള തൊഴിലാളികളാക്കി യുവാക്കളെ രൂപാന്തരപ്പെടുത്തുന്നതിനു പതിമൂന്നാം പദ്ധതി നൈപുണ്യ വികസന പരിപാടികൾ വികസിപ്പിക്കും.

229. പതിമൂന്നാം പദ്ധതി കേരളത്തിലെ യുവാക്കളുടെ മതനിരപേക്ഷ സ്വഭാവവും ശാസ്ത്രീയബോധവും പുന:സ്ഥാപിക്കാനുള്ള പരിപാടികളെ സഹായിക്കും. ലിംഗനീതിയും സ്ത്രീ സ്വാതന്ത്ര്യവും ഉറപ്പുവരുത്തുവാൻ സമൂഹത്തിൽ വലിയ പ്രചരണം ആവശ്യമാണ്. ഇത്തരത്തിൽ യുവാക്കൾക്ക് പ്രാധാന്യം നൽകുന്ന പരിപാടികളെ പദ്ധതി സഹായിക്കും.

## 9.2 കലയും സംസ്കാരവും

230. കലാ-സംസ്കാരിക നയം ആധുനിക, മതനിരപേക്ഷ, ജനാധിപത്യ സമൂഹത്തിന്റെ വികാസത്തിനു സൗകര്യമൊരുക്കുന്നതായിരിക്കണം. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന പാരമ്പര്യ ത്തിന്റെ തുടർച്ചയെ പ്രതിനിധാനം ചെയ്യുന്നതായിരിക്കണം പ്രസ്തുത നയം. അത് ഭൂരിപക്ഷീയതയിൽ നിന്നും നവോത്ഥാനത്തിൽ നിന്നും ഉയർന്നുവരുന്ന സമകാലീന വെല്ലുവിളികൾക്കുള്ള പുരോഗമനാത്മകമായ

പ്രതികരണമായിരിക്കണം. നമ്മുടെ സാംസ്കാരിക നയം സാമൂഹിക മൈത്രി, സാമൂഹിക തുല്യത, കടുത്ത സാമൂഹിക അടിച്ചമർത്തലിന്റെ ഇരകളായവരുടെ മോചനം, കലാരൂപങ്ങൾ എന്നീ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ ക്രിയാത്മക ലക്ഷണങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. അത് ജാതീയതയ്ക്കും അടിച്ചമർത്തലിനും ജാതി അടിസ്ഥാനപ്പെടുത്തിയുള്ള അധസ്ഥിതാവസ്ഥയ്ക്കും അന്ധവിശ്വാസങ്ങൾക്കും സമൂഹത്തിലെ പിന്നോട്ടുവലിക്കുന്ന ആചാരങ്ങൾക്കെതിരായതുമായ ഉയർന്നുവരുന്ന പ്രസ്ഥാനങ്ങളെ സഹായിക്കുന്നതുമായിരിക്കണം.

231. കേരള സാസ്കാരിക ചരിത്രത്തിന്റെ അനേകം വ്യവസ്ഥാപിത പ്രത്യേകതകളുടെ സംയോജനം ആവശ്യമാണ്. ഗ്രാമീണ ഗ്രന്ഥശാലകളും വായനശാലകളും, സാംസ്കാരിക സംഘങ്ങൾ, ഫിലിം സൊസൈറ്റികൾ, പ്രാദേശിക വായ്മൊഴി ചരിത്ര പ്രൊജക്ടുകൾ, മതനിരപേക്ഷ സന്ദേശമുൾക്കൊള്ളുന്ന ജനപ്രിയ കലാരൂപങ്ങൾ എന്നിവ ശക്തിപ്പെടുത്തണം, നൂതന സാങ്കേതിക വിദ്യകളുടെയും സാമൂഹ്യ മാധ്യമങ്ങളുടെയും സാധ്യതകൾ ഉപയോഗപ്പെടുത്തണം. ഇപ്പോഴത്തെ പ്രവണതയായ കലയുടെയും സംസ്കാരത്തിന്റെയും അന്ധമായ ചരക്കുവത്ക്കരണത്തിനെതിരായ ശക്തമായ കോട്ടയായിരിക്കണം പൊതു സാംസ്കാരിക നയം.

232. കലയും പൈതൃകവും സംയോജിപ്പിച്ച സാംസ്കാരിക ആസൂത്രണത്തിന് പതിമൂന്നാം പദ്ധതി പ്രത്യേക ഊന്നൽ നൽകും. കലയ്ക്കും സംസ്കാരത്തിനുമുള്ള വകയിരുത്തൽ ഗണ്യമായി ഉയർത്തും.

233. സാംസ്കാരിക പ്രവർത്തനങ്ങൾക്കുവേണ്ട സ്ഥലങ്ങളും വിഭവങ്ങളും സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന് പദ്ധതിയിൽ വകയിരുത്തൽ വർധിപ്പിക്കും.

234. സാംസ്കാരിക നയവും വിനോദസഞ്ചാര നയവും തമ്മിൽ ദൃഢമായ ബന്ധമാണുള്ളത്. ഈ ബന്ധങ്ങൾ നമ്മൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ രാജ്യാന്തര പ്രദർശനങ്ങൾ, ചലച്ചിത്രം, നാടകം, ദൃശ്യകലകൾ, നാടൻ കലകൾ, സംഗീതം എന്നിവ മുടങ്ങാതെയും വിജയകരവുമായും നടത്തുന്ന വേദിയാണ് കേരളം. അടുത്ത അഞ്ചു വർഷത്തിനിടയിൽ സംസ്ഥാനത്ത് ലോകോത്തര മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനെ പതിമൂന്നാം പദ്ധതി സഹായിക്കും.

# 10 നോർക്ക

235. ലോകം മുഴുവനുമുള്ള മലയാളി പ്രവാസികളുമായി ഇടപാടുകൾ ശക്തിപ്പെടുത്തു മെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഒരു കണക്കു പ്രകാരം 2011 ൽ 1.6 ദശ ലക്ഷം കേരളീയർ ഇന്ത്യയ്ക്കു പുറത്ത് താമസിക്കുന്നുണ്ട് (അവരിൽ 1.4 ദശലക്ഷം പേർ തൊഴിലാളികളാണ്). ഗൾഫ് നാടുകൾ, വടക്കെ അമേരിക്ക, ഇംഗ്ലണ്ട്, തെക്കു കിഴക്കൻ ഏഷ്യ എന്നിവടങ്ങളിലാണ് അവർ കേന്ദ്രീകരിച്ചിരിക്കുന്നത്. കേരള കുടിയേറ്റ സർവ്വെ 2014 അനുസരിച്ച് കേരളത്തിൽനിന്നുള്ള കുടിയേറ്റ ജനസംഖ്യ വളരെ വലുതാണ്: 1998 ലെ 1.4 ദശലക്ഷത്തിൽ നിന്നും 2014 ൽ 2.4 ദശലക്ഷമായി ഉയർന്നു. ഇന്ത്യയുടെ മറ്റു പ്രദേശങ്ങളിലും മലയാളി കുടിയേറ്റ ജനത ഗണ്യമായ തോതിലുണ്ട് ("ആഭ്യന്തര പ്രവാസികൾ" എന്ന പേരിൽ പ്രതിനിധാനം ചെയ്യുന്നവർ).

236. പ്രവാസികൾ നാട്ടിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയിലും സമ്പാദ്യ സ്വരുക്കൂട്ടലിലും സംഭാവന ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ, നാട്ടിലേക്കുവരുന്ന പണത്തിൽ നിന്നുള്ള വരുമാനം കൊണ്ട് കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഒരു നിര ഭൗതിക, സാംസ്കാരിക ഉത്പന്ന ങ്ങൾക്ക് ചോദനം സൃഷ്ടിച്ചു. പ്രവാസികൾ കേരളത്തിലുള്ള അവരുടെ ബന്ധുക്ക ളോടും സുഹൃത്തുക്കളോടും നിലനിർത്തുന്ന ആത്മബന്ധം സംസ്ഥാനത്തിന് പലതരത്തിൽ, കേരളത്തിലെ പുതുതലമുറയ്ക്ക് സംസ്ഥാനത്തിനു പുറത്ത് തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്നതുൾപ്പടെ, ഗുണകരമായിട്ടുണ്ട്.

237. കേരള സമൂഹത്തിന്റെ ഒരു വലിയ പരിച്ഛേദത്തിൽ പ്രവാസികൾ ഒരു പ്രധാന ഭാഗമാകുന്നു. കേരളത്തിന്റെ സമ്പദ്ഘടന, സമൂഹം, സംസ്കാരം (സാഹിത്യം, സംഗീതം, സിനിമ, മതപരമായ ചടങ്ങുകൾ) എന്നിവ ഉൾപ്പടെ ബഹുവിധ മണ്ഡലങ്ങളിൽ അവർ സക്രിയമായി ഇടപെടുന്നു. അത്തരമൊരു പശ്ചാത്തലത്തിൽ, പ്രവാസികളിലെ അംഗങ്ങൾക്ക് കേരളത്തിലെ സംവാദങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളിലും പങ്കെടുക്കാനൊരവസരം കൊടുക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

238. സംസ്ഥാനത്തിനു പുറത്തു താമസിക്കുന്നവർക്കുവേണ്ടി ഒരു പ്രത്യേക വകുപ്പു രൂപീക

രിച്ച ആദ്യത്തെ സംസ്ഥാനമാണ് കേരളം. പ്രവാസികൾക്കുവേണ്ടി നയപരമായ പല ഇടപെടലുകളും ആരംഭിക്കാൻ സംസ്ഥാനം ഉദ്ദേശിക്കുന്നുണ്ട്. കാലാകാലങ്ങളിലുള്ള കുടിയേറ്റ സർവ്വേകളും സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന കേരളീയർക്കായി ഒരു ഓൺലൈൻ തത്സമയ സ്ഥിതിവിവര കണക്കു ശേഖരവും (online real time data base) മുന്തിയ പരിഗണനയിലാണ്. അതേസമയംതന്നെ, കേന്ദ്ര സർക്കാരിനൊപ്പം സംസ്ഥാന സർക്കാരും വ്യക്തമായൊരു കുടിയേറ്റ നയത്തിനു രൂപം നൽകും. പതിമൂന്നാം പദ്ധതി കുടിയേറിയവരിൽ നിയമ സഹായം ആവശ്യമുള്ളവർക്ക് അതു നൽകാനുള്ള നടപടികൾ എടുക്കും, വിദേശത്തേക്കു പോകുന്നതിനുമുമ്പുള്ള പരിശീലനത്തിലൂടെ കാര്യശേഷിയുള്ളവർക്ക് നൈപുണ്യ വികസനത്തിന്റെ അന്തിമ പാഠങ്ങൾ പകർന്നു  നൽകും, പ്രസക്തമായ രേഖകളുടെ ആധികാരികത തെളിയിക്കൽ വേഗത്തിലെന്ന് ഉറപ്പുവരുത്തും, ഇടനിലക്കാരുടെയും സേവനദാതാക്കളുടെയും (വിമാനകമ്പനി പോലുള്ളവ) പ്രവർത്തനങ്ങൾ നിയന്ത്രിക്കും. കുടിയേറ്റക്കാർക്ക് ഗുണകരമാവുന്ന ഇൻഷ്വറൻസിനും സാമൂഹിക സുരക്ഷാ പരിപാടികൾക്കും സംസ്ഥാനം രൂപംകൊടുക്കും, തിരിച്ചുവരുന്ന പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പരിപാടി ആവിഷ്കരിക്കും.

239. പതിമൂന്നാം പദ്ധതി സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന കേരളീയരുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുകയും അവരിൽനിന്ന് കേരളത്തിൽ നിക്ഷേപം തേടുകയും ചെയ്യും. “മസ്തിഷ്ക ചോർച്ചയെ നേരെ തിരിച്ചാക്കുക” (reverse brain drain) എന്നതിനെ കേരളം സ്വാഗതം ചെയ്യും, അറിവ്, സാങ്കേതിക വിദ്യ, പരിചയസമ്പത്ത് എന്നിവ സംസ്ഥാനത്തേക്ക് കുടിയേറ്റക്കാർ വഴി കൈമാറ്റം ചെയ്യും. സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന കേരളീയരുൾപ്പടുന്ന സംഘങ്ങളുടെ സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കുമുള്ള ബിസിനസ്സ്, സാംസ്കാരിക സന്ദർശനങ്ങളെ സംസ്ഥാനം പ്രോത്സാഹിപ്പിക്കും. ഇവരുൾപ്പെടുന്ന ആഗോള സാംസ്കാരികോത്സവത്തിനെ പദ്ധതി പിന്തുണയ്ക്കും.

240. മറ്റൊരു നയ മുൻഗണന കേരള വികസന ഫണ്ട് (Kerala Development Fund) എന്നപേരിൽ (ഇന്ത്യാ വികസന ഫണ്ട് എന്നതുപോലെ) ലാഭേച്ഛയില്ലാത്തൊരു ട്രസ്റ്റ് സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന കേരളീയരിൽനിന്നും സംഘടനകളിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിക്കും. ഇത് കേരളത്തിനുള്ളിലെ ഉത്പാദനമേഖലകളുടെ വികസനത്തിനായി പ്രവാസികളിൽനിന്നും നിക്ഷേപം

നടത്തിക്കാൻ സഹായിക്കും.

241. വിദേശത്തുള്ള ചൈനക്കാരുടെ കാര്യത്തിൽ, ചൈനയുടെ അനുഭവം കാണിക്കുന്നത് വിശ്വാസ യോഗ്യമായതും രാജ്യത്തിനുപുറത്തു താമസിക്കുന്നവരിൽ വിശ്വാസമുള്ളതുമായ ഒരു സർക്കാർ തങ്ങളുടെ മാതൃരാജ്യത്തുണ്ടെങ്കിൽ ഭൗതികവും ധാർമ്മികവുമായ പിന്തുണ പ്രവാസികളിൽ നിന്നും സമ്പാദ്യത്തിനും നിക്ഷേപ സമാഹരണത്തിനും സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനും ലഭിക്കുമെന്നതാണ്. ഇന്ന് കേരളത്തിൽ വിശ്വസനീയമായൊരു സർക്കാരാണ് ഉള്ളതെന്ന് ഞങ്ങൾ കരുതുന്നു.

# 11 പതിമൂന്നാം പദ്ധതിക്കാലത്തെ വിഭവ സമാഹരണം

## 11.1 പദ്ധതി വിഭവങ്ങളും വകയിരുത്തലും

242. പതിമൂന്നാം പദ്ധതിക്കാലത്തെ പദ്ധതിച്ചെലവിനുള്ള വിഭവങ്ങൾ കണക്കിലാക്കുമ്പോൾ, സമീപന രേഖ അനുമാനിക്കുന്നത് കേരളത്തിന്റെ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (നോമിനൽ) 13 ശതമാനം കണ്ട് പദ്ധതിക്കാലയളവിൽ വാർഷിക നിരക്കിൽ വളരുമെന്നാണ് (അതായത്, 2017-18നും 2021-22നും ഇടക്ക്). ഈ അനുമാനം സംസ്ഥാനത്തിന്റെ വരുമാന വളർച്ചയിലെ പഴയ പ്രവണതകളും, നാണയപ്പെരുപ്പത്തെക്കുറിച്ചുള്ള പ്രതീക്ഷയും, മറ്റ് സ്ഥൂല സാമ്പത്തിക സൂചകങ്ങളെ (variable) അടിസ്ഥാനമാക്കിയുമാണ്. ഞങ്ങൾ വിശ്വസിക്കുന്നത് അടുത്ത അഞ്ചുവർഷത്തിലെ കേരളത്തിന്റെ വരുമാന വളർച്ചയുടെ ഊന്നൽ യാഥാർത്ഥ്യപരമായതാണ്. പ്രത്യേകിച്ചും സംസ്ഥാന പദ്ധതിയിലെ ഭൗതിക സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾക്ക് നൽകുന്ന ഊന്നൽ.

243. പതിമൂന്നാം പദ്ധതി പുരോഗമിക്കുന്നത് പതിനാലാം ധനകാര്യ കമ്മീഷന്റെ അവശേഷിക്കുന്ന മൂന്ന് വർഷവും, പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ആദ്യ രണ്ട് വർഷവുമായി യോജിച്ചായിരിക്കും. ധന ഉത്തരവാദിത്ത നിയമ (fiscal responsibility management act) പ്രകാരം സംസ്ഥാനത്തിന് ചെലവഴിക്കുന്നതിന് പരിധിയുണ്ട്. പതിമൂന്നാം പദ്ധതിയുടെ ആസൂത്രണത്തിനുള്ള വിഭവങ്ങൾ കണക്കാക്കുമ്പോൾ ഇത്തരം ഘടകങ്ങൾ പരിഗണിച്ചിട്ടുണ്ട്.

244. താഴെക്കൊടുത്തിരിക്കുന്നത് പതിമൂന്നാം പദ്ധതിക്കാലത്ത് സംസ്ഥാനത്ത് വിഭവങ്ങൾ കണക്കാക്കുന്നതുമായി ബന്ധപ്പെട്ട അനുമാനങ്ങളാണ്.

1. നോമിനൽ സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം (nominal GSDP) 2017-18 മുതൽ 2021-22 വരെ വളരുന്നത് 13 ശതമാനത്തിലായിരിക്കും.
2. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാന വളർച്ച ഏകദേശം 18 ശതമാനം നിരക്കിലായിരിക്കും. സംസ്ഥാനത്തിലെ നികുതി പ്ലവനശക്തി (tax buoyancy) ഇത്തരം നിർണ്ണയങ്ങൾക്ക് വഴികാട്ടുന്നു. പൊതു വിൽപ്പന നികുതി (General Sales Tax - GST), സംസ്ഥാനത്തിലെ നികുതി നടപ്പാക്കലിൽ പ്രതീക്ഷിക്കുന്ന അഭിവൃദ്ധി എന്നിവ മാറ്റമില്ലെന്നു കണക്കുകൂട്ടി

നടത്തിയിട്ടുള്ളതാണീ വളർച്ചാ നിരക്കുകൾ.

3. കേരളത്തിലെ റവന്യൂ ചെലവ് 2017-19 കാലഘട്ടത്തിൽ 18 ശതമാനം എന്ന വാർഷിക തോതിലും (മീഡിയം ടേം ഫിസ്കൽ പോളിസി പ്രകാരം) ബാക്കിയുള്ള 4 വർഷം 14 ശതമാനവും വെച്ചും വളരും.
4. കേരളം അതിന്റെ ധനകമ്മിയെ സംസ്ഥാനത്തിന്റെ ജിഎസ്ഡിപിയുടെ 3 ശതമാനത്തിലേക്ക് പതിമൂന്നാം പഞ്ചവത്സര കാലഘട്ടത്തിൽ ഒതുക്കണം.

245. ഇവിടെ നിരത്തിയിട്ടുള്ള അനുമാനങ്ങളെ അടിസ്ഥാനപ്പെടുത്തി നമ്മൾ കേരളത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിഭവ സമ്പത്തിനെ 2,00,000 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും, സംസ്ഥാന സമ്പദ്ഘടന അപ്രതീക്ഷിത ബുദ്ധിമുട്ടുകൾ നേരിടുകയാണെങ്കിൽ, പ്രത്യേകിച്ച് പുറത്തുനിന്നുള്ള ഘടകങ്ങൾകൊണ്ട്, പതിമൂന്നാം പദ്ധതിയുടെ സാമ്പത്തിക വ്യയങ്ങൾക്കാവശ്യമായ വിഭവ സമ്പത്ത് 1,80,000 കോടി രൂപയായി ചുരുക്കേണ്ടിവരും.

246. കേരളത്തിന് 40,000 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ അടുത്ത അഞ്ച് വർഷത്തേക്ക് ലഭിക്കുമെന്നാണ് നമ്മൾ കണക്കാക്കിയിട്ടുള്ളത്. ഇത് സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിൽ കേന്ദ്ര സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകളുടെ ഇപ്പോഴത്തെ നിലപാടുകൾ കണക്കാക്കി അടിസ്ഥാനപ്പെടുത്തിയതാണ്.

247. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിലെ ഓരോ വർഷത്തേക്കുമുള്ള ഏകദേശ വിലയിരുത്തൽ താഴെപ്പട്ടികയിൽ കൊടുക്കുന്നു.

**പട്ടിക 8** പതിമൂന്നാം പദ്ധതിക്കാലത്തെ വർഷാടിസ്ഥാനത്തിലുള്ള വകയിരുത്തൽ (കോടി രൂപയിൽ)

| **വർഷം** | **വകയിരുത്തൽ** | **മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർധന (ശതമാനത്തിൽ)** |
|---|---|---|
| 2016-17 | 24000 | -- |
| 2017-18 | 26500 | 10.4 |
| 2018-19 | 31800 | 20.0 |
| 2019-20 | 38478 | 21.0 |
| 2020-21 | 46558 | 21.0 |
| 2021-22 | 56664 | 21.7 |
| ആകെ | 200000 | |

248. സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങൾ നേടുന്നതിന്, പദ്ധതി വകയിരുത്തലിനൊപ്പം ധനമേഖലയിലെ നൂതന ഇടപെടലുകളിലൂടെ സംസ്ഥാന സർക്കാർ അധികമായി വിഭവങ്ങൾ സമാഹരിക്കണമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സംസ്ഥാനം പതിമൂന്നാം പദ്ധതിക്കാലയളവിൽ ആസൂത്രണം ചെയ്തിട്ടുള്ള അത്തരം രണ്ട് പ്രധാനപ്പെട്ട ഇടപെടലുകൾ ഇതാണ് – (1) സഹകരണ വായ്പ, (2) കിഫ്ബി.

## 11.2 സഹകരണ വായ്പ

249. സഹകരണ വായ്പാ സ്ഥാപനങ്ങളുടെ വികാസം സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലയിലെ ചരിത്രപരമായി കൊള്ളപ്പലിശ ദുർബലമാക്കപ്പെട്ടതിന്റെ കാരണമാകുന്നു. നോട്ട് റദ്ദാക്കലിന്റെ ആഘാതത്തെപ്പറ്റി പഠിക്കാൻ നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ നിരീക്ഷിക്കുന്നതുപോലെ "സഹകരണവും പ്രാഥമിക സഹകരണ സംഘങ്ങളും കേരളത്തിന്റെ കരുത്തും നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ സമ്പന്നമായ പാരമ്പര്യവുമാകുന്നു. ഈ സ്ഥാപനങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസം കേരളത്തിന്റെ ചരിത്രപരമായ പൈതൃകത്തിന്റെ ഭാഗമാണ്". ഇന്ന്, ഈ സ്ഥാപനങ്ങൾ സംസ്ഥാനത്തിലെ ഗ്രാമീണ സാമ്പത്തിക പ്രവർത്തനങ്ങളിൽ മിക്കതിന്റെയും നട്ടെല്ലായി തീർന്നിട്ടുണ്ട്.

250. നവലിബറൽ സാമ്പത്തിക നയങ്ങളും നോട്ടു റദ്ദാക്കലും കേരളത്തിലെ സഹകരണ

വായ്പാ സ്ഥാപനങ്ങളെ ഗുരുതരമായി ബാധിച്ചു. വൈദ്യനാഥൻ കമ്മിറ്റിയുടെയും പ്രകാശ് ബക്ഷി കമ്മിറ്റിയുടെയും നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയതിന്റെ ഫലമായി ക്യാപിറ്റൽ ടു റിസ്ക് വെയിറ്റഡ് അസെറ്റ്സ് റേഷ്യോ (capital-to-risk weighted assets ratio-CRAR) ക്കുവേണ്ടിയുള്ള നിബന്ധനകളിൽ സഹകരണ സംഘങ്ങൾക്കുള്ളത് 7 ശതമാനത്തിൽ (2014-15 വരെ) നിന്നും 9 ശതമാനമായി ഉയർത്തുകയും ചെയ്തു (2016-17 ഓടുകൂടി നേടാനാകും). പ്രതീക്ഷിക്കപ്പെട്ട നിലവാരത്തെക്കാളും താഴ്ന്ന CRAR ഉള്ള സംസ്ഥാന സഹകരണ ബാങ്കുകൾക്ക് നബാർഡ് റീഫിനാൻസ് സഹായം നിഷേധിച്ചു. സഹകരണ ബാങ്കുകൾ വാണിജ്യ ബാങ്കുകൾക്ക് തുല്യമാണെന്നു കരുതുന്ന ഈ ഉടമ്പടികൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചു. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും അവരുടെ ബാങ്കിംഗ് പ്രവർത്തനങ്ങളിൽ നിന്നൊഴിയുകയും ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കുകളുടെ ബാങ്കിംഗ് കറസ്പോണ്ടന്റുകളായി മാറുകയും വേണമെന്ന് പ്രകാശ് ബക്ഷി കമ്മിറ്റി നിർദ്ദേശിച്ചു. റിസർവ്വ് ബാങ്ക്, അവരുടെ ഭാഗത്തു നിന്ന്, അർബൻ സഹകരണ ബാങ്കുകൾ ചെറിയ ധനകാര്യ ബാങ്കായി (small finance bank) രൂപപ്പെടുകയോ അല്ലെങ്കിൽ ഒരു യൂണിവേഴ്സൽ ബാങ്ക് എന്ന നിലയിൽ മാറുകയോ വേണമെന്ന് പ്രഖ്യാപിച്ചു.

251. സഹകരണ വായ്പാ മേഖലയെ പരിമിതപ്പെടുത്തുന്ന നയങ്ങൾ കേന്ദ്രം സ്വീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന് നിശ്ശബ്ദ കാഴ്ചക്കാരനായി നിൽക്കാനാവില്ല. ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. സംസ്ഥാന സർക്കാരിന്റെ ഈ ഉദ്യമത്തെ പതിമൂന്നാം പദ്ധതി പിന്തുണയ്ക്കും. അതിനു പുറമെ, കമ്പ്യൂട്ടർവൽക്കരിച്ചും കോർ ബാങ്കിംഗ് നടപ്പിലാക്കിയും നിക്ഷേപകർക്കിടയിൽ കെവൈസി ചട്ടങ്ങൾ സാർവ്വത്രികമാക്കിയും സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തെയും പതിമൂന്നാം പദ്ധതി പിന്തുണയ്ക്കും. ഇത് കേരള ബാങ്കിന്റെ രൂപീകരണത്തിനും പ്രവർത്തനത്തിനും സജീവമായി സഹായിക്കുന്ന വിധത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ശക്തമാക്കും.

### 11.3 കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി)

252. പതിമൂന്നാം പദ്ധതിക്കാലയളവിലെ സാമ്പത്തിക നയത്തിന്റെ ഒരു പ്രത്യേകത കിഫ്ബി (അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ്) വഹിക്കാൻ പോകുന്ന പങ്കാണ്. കിഫ്ബി ഒരു പ്രധാനപ്പെട്ട നൂതന ആശയമാണ്. ചരിത്രപരമായി സംസ്ഥാനം പശ്ചാത്തല സൗകര്യ മേഖലയിലെ നിക്ഷേപത്തിൽ വളരെ പിന്നി ലാണ്. ഈ പിന്നോക്കാവസ്ഥയെ മറികടക്കുന്നതിന് വേണ്ടിയുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് പ്രകാരമുള്ള നിക്ഷേപ പദ്ധതിയാണ് കിഫ്ബി. ഇതുവഴി സമാഹരിക്കുന്ന വിഭവങ്ങൾ ബജറ്റിനു പുറത്തുള്ള നിക്ഷേപങ്ങൾക്കു വേണ്ടി മാത്രമാ ണ് വിനിയോഗിക്കുക. കിഫ്ബിയ്ക്ക് നിയമപരമായി നൽകുന്ന വാർഷിക നികുതി – സെസ് വിഹിത ഗ്രാന്റ് വഴിയും വരുമാനദായകമായ പശ്ചാത്തല സൗകര്യ ങ്ങളിൽ നിന്നുള്ള വരുമാനത്തിൽ നിന്നും കിഫ്ബി എടുക്കുന്ന വായ്പകളുടെ തിരിച്ച ടവ് ഉറപ്പു നൽകുന്നു. പശ്ചാത്തല സൗകര്യ മേഖലയിൽ കുതിപ്പ് ഉറപ്പുവരുത്തു ന്നതിന് ഈ സമീപനം സഹായിക്കും. കിഫ്ബി നീതിയിലധിഷ്ഠിതമായ വളർച്ചയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികളിൽ കേന്ദ്രീകരിച്ച്, ജന സൗഹൃദ പൊതു നിക്ഷേപ ത്തിനുവേണ്ട ഫണ്ട് കണ്ടെത്താനുള്ള സ്ഥാപനമാണ്. പ്രധാനമായും സംസ്ഥാന ത്തേക്കു മുടങ്ങാതെ വരുന്ന വരുമാനത്തിന് സെക്യൂരിറ്റി നൽകുന്നതിലൂടെയാണ് അങ്ങനെ ചെയ്യുന്നത്.

# 12 പ്രൊജക്ടുകളുടെയും സ്കീമുകളുടെയും മൂല്യനിർണ്ണയം

253. പതിമൂന്നാം പദ്ധതിക്കാലയളവിൽ, ആസൂത്രണ ബോർഡ് പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നതും പൂർത്തിയായതുമായ വ്യത്യസ്ത പ്രൊജക്ടുകളുടെയും സ്കീമുകളുടെയും മൂല്യനിർണ്ണയം നടത്തും. ഈ ശ്രമത്തിൽ ദീർഘകാലമായി പൂർത്തിയാകാത്ത പദ്ധതി സ്കീമുകളുടെ അവലോകനം, നിലനിവിലുള്ള സ്കീമുകളുടെ കൂട്ടിച്ചേർക്കലോ, നിർത്തലാക്കലോ ആവശ്യമെങ്കിൽ നിർദ്ദേശിക്കൽ, സമീപന രേഖയ്ക്കനുസരിച്ച് വാർഷിക പദ്ധതിയിൽ പുതിയ സ്കീമുകൾ നിർദ്ദേശിക്കുക എന്നിവ ഉൾപ്പെടുന്നു. പരിപാടി നിർവ്വഹണത്തിലും ഫണ്ടുകളുടെ ആസൂത്രിത വിനിയോഗത്തിലും പുതിയ തലത്തിലുള്ള കാര്യക്ഷമത കൊണ്ടുവരുന്നതരത്തിൽ രൂപകൽപ്പന ചെയ്തതായിരിക്കും അവലോകന പഠനങ്ങൾ.

# 13 ഉപസംഹാരം

254. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ നമ്മുടെ ലക്ഷ്യവും പരിശ്രമവും സംസ്ഥാനത്തിന്റെ പാരമ്പര്യത്തിലൂന്നിയാകണം. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ ലിംഗനീതി, ജനങ്ങളുടെ പങ്കാളിത്തം എന്നിവയിലുള്ള നിക്ഷേപങ്ങൾക്ക് കേരളം ലോകത്താകമാനം പ്രസിദ്ധമാണ്.

255. കേരള സമ്പദ്ഘടനയിലെ ഉത്പാദകശക്തികളുടെ വളർച്ച സൃഷ്ടിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ഈ വളർച്ച കൃഷിയിലും വ്യവസായത്തിലുമുള്ള ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെ പ്രയോഗത്തെയും അടിസ്ഥാനപ്പെടുത്തിയുള്ളതാകും. അടുത്ത അഞ്ചു വർഷത്തെ നമ്മുടെ ലക്ഷ്യം പരിസ്ഥിതി-സൗഹൃദ സാമ്പത്തിക വളർച്ചയും ഉയർന്ന നിലയിലുള്ള വൈദഗ്ധ്യ-വികസനവും അന്തസ്സുള്ള ജോലിയും ഉറപ്പുവരുത്തുക എന്നതാണ്. സാമ്പത്തിക വികസനത്തിന്റെ ഈ പുതിയ ഘട്ടത്തിൽ കേരളത്തിന്റെ സവിശേഷ വിഭവങ്ങളെ ഉപയോഗപ്രദമാക്കാം. നമുക്ക് സമ്പുഷ്ടമായ പ്രകൃതിവിഭവങ്ങൾ, വിദ്യാഭ്യാസവും, വൈദഗ്ധ്യതയും, രാഷ്ട്രീയ അവബോധമുള്ള തൊഴിൽശക്തി, ആരോഗ്യ, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വിശിഷ്ടമായ സാമൂഹിക നേട്ടങ്ങൾ എന്നിവ ഉണ്ട്.

256. കേരള വികസനത്തിന്റെ അടുത്ത ഘട്ടത്തിൽ, നമ്മൾ വൃത്തിയുള്ള പരിസ്ഥിതിയും, പരിപാലിക്കപ്പെട്ട ജൈവവൈവിധ്യവും ഉറപ്പുവരുത്തും. ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കും. രോഗം ഭേദമാക്കുന്നതും തടയുന്നതുമായ ആരോഗ്യപരിപാലന വ്യവസ്ഥ ബഹുഭൂരിപക്ഷം ജനങ്ങളെയും സേവിക്കുന്നതിനായി ദൃഢപ്പെടുത്തും. ഒട്ടും കുറവു വരുത്താതെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കും. സംസ്ഥാനത്തുള്ള എല്ലാ കുടുംബങ്ങൾക്കും സുഖകരവും സുരക്ഷിതവും അന്തസ്സുള്ളതുമായ പാർപ്പിട സൗകര്യങ്ങൾ ഉണ്ടാകുമെന്ന് ഉറപ്പ് വരുത്തും.

257. നമ്മൾ അധ്വാനിക്കുന്ന ജനങ്ങളുടെ ചരിത്രപരമായ നേട്ടങ്ങളെ സംരക്ഷിക്കുകയും മതനിരപേക്ഷ, ജനാധിപത്യ, സാമ്പത്തിക, സാമൂഹിക വികസനത്തിന്റെ ഇടതുപക്ഷ ബദൽ നിർമ്മിക്കുന്നതിന് ശ്രമിക്കുകയും ചെയ്യും. കേരള സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതി അധ്വാനിക്കുന്ന ജനതയ്ക്കും, ദരിദ്രർക്കും, സാമൂഹിക

മായി കഷ്ടതകളനുഭവിക്കുന്നവർക്കും പരിസ്ഥിതിക്കും വേണ്ടിയുള്ള പദ്ധതി യായിരിക്കും.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

2017-22

# സമീപന രേഖ

സംസ്ഥാന ആസൂത്രണ ബോർഡ്

2017